# ചരിത്ര ചെപ്പ്

ശാഹ് കുഞ്ഞഹമ്മദ് ജീലാനി കാച്ചിനിക്കാട്

സത്യമാർഗ്ഗം പബ്ലിക്കേഷൻസ്
ശാഹ് ജീലാനി അസോസിയേഷൻ
ജീലാനി ശരീഫ്, കിഴക്കേദേശം.
ആലുവ, എറണാകുളം

# Charithra Chepp

(malayalam)

by, **Shah Kunhahammed Jeelani**

Published by:

Sathyamargam Publicathion

Shah Jeelani Association

Kizhakkedesham, Aluva

Typing&Layout:

Shah Muhyideen Jeelani

Printing:

4prints offset press, manjeri

Price:

**Rs: 50**

Copy right:

Sathyamargam Publicathion

Shah Jeelani Association

Kizhakkedesham, Aluva

Ernakulam,683102

ചരിത്രം അമൂല്യമാണ്. ജീവിതത്തിന്റെ ഇന്നലകളെ അടുക്കിവെച്ച അണയാത്ത ദീപമാണത്. ലോകത്തിന് ദിശാബോധം നൽകുകയും തങ്ങളുടെ ജീവിതതം തന്നെ ലോകജനതക്ക് മാതൃക കാണിക്കുകയും ചെയ്ത മഹത്തുക്കളുടെ ജീവിത രേഖകളാണവ. അതിന്റെ ആവർത്തനവും പാരായണവും പിൻഗാമികൾക്ക് ഉപകാരപ്രദമാവുന്നതിൽ സംശയമില്ല. അത്തരം ചില ചരിത്രമുത്തുകൾ കോർത്തിണക്കുകയാണിവിടെ. ചരിത്ര വായന മനസ്സിന് ആവേശം നൽകുന്നതാണ്. ഈമാനിന്റെ പ്രതിരൂപങ്ങളായ മുൻഗാമികളുടെ ജീവിത ചലനങ്ങളുടെ വായന നമ്മുക്ക് ഈമാനികമായ  ഉണർവ്വ് സമ്മാനിക്കും. ഖുർആൻ പലയിടങ്ങളിലും മുൻഗാമികളുടെ ചരിത്രം വിവരിക്കുന്നത് കാണാം. ചരിത്രത്തിൽ നിന്ന് പാഠമുൾക്കൊള്ളാനും ഖുർആൻ നമ്മോട് ആഹ്വാനം ചെയ്യുന്നുണ്ട്.

ചരിത്ര ഗ്രന്ഥങ്ങളിൽ സുവർണ്ണ ലിപികളാൽ ഉല്ലേഖനം ചെയ്യപ്പെട്ട ഏതാനും ചരിത്രങ്ങളാണ് ഈ കൃതിയിലുള്ളത്. ഈമാനിന്റെ വ്യാപനത്തിനും സമ്പൂർണ്ണ ഈമാനിലായുള്ള  ജീവിതത്തിനുമായി മുൻഗാമികൾ അർപ്പിച്ച ത്യാഗത്തിന്റെ നേർചിത്രമാണ് ഇതിലൂടെ വരച്ചിടുന്നത്.

പാഠമുൾക്കൊള്ളുന്നവരുടെ  ജീവിതത്തിൽ  ഈമാനിക പ്രകാശത്തിന്റെ നിത്യ ശോഭക്ക് ഇത് വഴികാട്ടിയാകുമെന്ന് നമുക്ക് പ്രത്യാശിക്കാം. അല്ലാഹു അതിന് തൗഫീഖ് നൽകട്ടെ. ആമീൻ.

**പ്രസാധകർ**

*24.10.2014*

# ഉള്ളടക്കം


1. പുനസംഗമത്തിന്റെ നിർവൃതിയിൽ
2. പ്രവാചകൻ ഏൽപ്പിച്ച ദൗത്യം
3. നരകത്തിൽ നിന്നും രക്ഷ
4. സൽക്കാരത്തിന് സമ്മാനം
5. മരുഭൂമിയിലെ യുവതി
6. മരണത്തിന്റെ വിളി
7. നോട്ടത്തിലെ അപകടങ്ങൾ
8. മഹിളാ രത്നം
9. വലിയ്യിന്റെ നിസ്കാരം
10. ദാനത്തിന്റെ മഹത്വം
11. അഹങ്കാരത്തിന്റെ അന്ത്യം
12. മകന്റെ ആവശ്യം

# 1

# പുനഃസംഗമത്തിന്റെ നിർവൃതിയിൽ

ഒരു വേനൽകാല രാത്രി. പൗർണ്ണമിയുടെ പ്രഭയിൽ കുളിച്ചു നിൽക്കുന്ന മദീന പട്ടണം. സന്ധ്യയുടെ സജീവതയിൽ നിന്നും വിടവാങ്ങി ജനങ്ങളെല്ലാം പിതിയെ പതിയെ വീടണഞ്ഞു കൊണ്ടിരിക്കുന്നു.

വിസ്താരമേറിയ പാത. എന്നിട്ടും കുതിരവണ്ടികൾ കൊണ്ടും ഒട്ടകങ്ങളെ പൂട്ടിയ ഒറ്റവണ്ടികൾ കൊണ്ടും അത് നിറഞ്ഞ് കവിഞ്ഞിരിക്കുന്നു. ആ ആരവങ്ങൾക്കിടയിലേക്ക് നഗ രാതിർത്തിയിൽ നിന്ന് ഒരു ദൃഢ ഗാത്രനായ കുതിരക്കാരൻ പങ്കു ചേർന്നു. അയാൾ കുറച്ചു സമയം പ്രധാന പാതയിലൂടെ സഞ്ച രിച്ച ശേഷം വിസ്താരം കുറഞ്ഞ ഒരു ഇടവഴിക്കു മുന്നിൽ തന്റെ കുതിരയെ നിർത്തി. കുറച്ചു നേരം ചുറ്റുപാടുകൾ നിരീക്ഷിച്ച ശേഷം ആ വഴിയിലേക്ക് സാവധാനം കുതിരയെ നയിച്ചു. അതി ലൂടെ മറ്റൊരു കൈ വഴിയിലേക്കും അതിലൂടെ മറ്റൊന്നിലേക്കും അയാൾ പ്രവേശിച്ചു. വളരെ ചിന്തിച്ചുറപ്പിച്ച ശേഷമാണ് ഓരോ ഈടുവഴികളും അയാൾ കടന്നിരുന്നത്.

അയാൾ തന്റെ വീട് പരതിക്കൊണ്ടിരിക്കുകയാണ്.

അദ്ദേഹം നാടും വീടും ഉപേക്ഷിച്ചിട്ട് ഇന്നേക്ക് മുപ്പത്

വർഷങ്ങൾ കഴിഞ്ഞു.

ആ പഴയ സ്ഥാനത്ത് ഇപ്പോഴും തന്റെ വീട് നിൽക്കുന്നുണ്ടോ? അതല്ല തന്റെ അഭാവത്തിൽ മറ്റെവിടെയെങ്കിലും അവർ മാറിത്താമസിച്ചോ? എങ്കിൽ അതെവിടെയാണ്?

ആ വീട്ടിലുണ്ടായിരുന്ന തന്റെ ഗർഭിണിയായ ഭാര്യ അവിടെ ഉണ്ടോ?

അവൾ പ്രസവിച്ചത് ആണിനേയോ പെണ്ണിനേയോ?

കുഞ്ഞ് ജീവിച്ചിരിപ്പുണ്ടോ? അതോ മരിച്ചോ?

ജീവിച്ചിരിപ്പുണ്ടെങ്കിൽ എന്താണവന്റെ പേര്? എന്താണവന്റെ ജോലി?

ബുറാഖയും സമർഖന്ദും കീഴടക്കാൻ പുറപ്പെട്ട മുസ്‌ലിം സൈന്യത്തോടൊപ്പം താൻ രക്തസാക്ഷിത്വ മോഹവുമായി ഇറങ്ങിത്തിരിച്ചപ്പോൾ അവളുടെ കയ്യിൽ ഒരു സൂക്ഷിപ്പുസ്വത്തായി ഏൽപ്പിച്ച തന്റെ ജീവിത സമ്പത്തായ ഭീമമായ തുക മുപ്പതിനായിരം ദിർഹം അവളുടെ കയ്യിൽ ഇപ്പോഴുമുണ്ടോ?

അതിൽ നിന്ന് വല്ലതും ശേഷിക്കുന്നുണ്ടോ?

ഗതകാല സമരണകൾ അലമാലകളായി രൂപം പ്രാപിച്ച് അയാളുടെ മനോമുകുരങ്ങളിൽ വന്നടിച്ചു കൊണ്ടിരുന്നു.

ഇപ്പോൾ ഇസ്‌ലാമിക സാമ്രാജ്യത്ത്വത്തിന്റെ ഭരണ സിരാകേന്ദ്രം ബഗ്ദാദാണെങ്കിലും മദീന അക്ഷരാർത്ഥത്തിൽ ഒരു ആസ്ഥാനം തന്നെയാണ്. മദീനയുടെ സുൽത്താനെ അംഗീകരിക്കാത്ത ഒരു രാജാവിനേയും അമീറിനേയും മുസ്‌ലിംകൾ അംഗീകരിക്കില്ല. മനസറിഞ്ഞ് ബൈഅത്ത് ചെയ്യുകയുമില്ല.

ലോകാനുഗ്രഹിയുടെ തിരുശരീരം കൊണ്ട് അനുഗ്രഹീതമായ ആ മണൽ തലം സന്ദർശിക്കാൻ നിത്യേന ആയിരക്കണക്കിന് ആളുകൾ വരും.

അധികവും വിദേശികൾ അതുപോലെ ഹിജാസ് പ്രവിശ്യയിലെ തന്ത്രപ്രധാനമായ സൈനിക കേന്ദ്രമാണ് മദീന. അതുകൊണ്ട് തന്നെ അവിടെ എന്നും തിരക്കാണ്. ഒരേ സമയം തന്നെ നാലു ദിക്കിലേക്ക് സൈനിക നീക്കം നടക്കുമ്പോൾ ആ ഭാഗങ്ങ

ളിൽ നിന്ന് തിരിച്ച് വരുന്ന സൈന്യങ്ങളും അവിടെ സമ്മേളിക്കുന്നു.

കയ്യിൽ മിന്നുന്ന പടവാളും പിറകിൽ മൂർച്ചയേറിയ അമ്പുകൾ നിറച്ച ആവനാഴിയും തൂക്കിയ ഭടന്മാർ മദീനയുടെ നിത്യ കാഴ്ച്ചയാണ്. അതുകൊണ്ടു തന്നെ ഈ കുതിരക്കാരനെ ആരും ഗൗനിച്ചതേയില്ല. അസമയത്ത് ഒരു കുതിരക്കാരന്റെ അപരിചിതമായ ചലനങ്ങൾ കണ്ടിട്ട് ആരും തിരിഞ്ഞ് നോക്കിയില്ല. ഒന്നു സംസാരിച്ചത് പോലുമില്ല.

അതൊരു പക്ഷെ ആ കുതിരക്കാരനിൽ ഒരു നേരിയ നിരാശ ഉളവാക്കിയിട്ടുണ്ടാവാം.

ചിന്തകൾ ഓരോന്നായി മനസിലൂടെ ചിതറിക്കൊണ്ടിരിക്കെ അദ്ദേഹം ഒരു വീടിനു മുന്നിലെത്തി.

അൽപ സമയം പരിസരം നിരീക്ഷിച്ചു. ആ വീടിനു ചുറ്റും ഒന്നു കണ്ണോടിച്ചു. മുപ്പത് വർഷങ്ങൾക്കപ്പുറത്തെ തന്റെ ഓർമ്മകളിൽ കാണുന്ന തന്റെ പഴയ വീടുമായി അയാൾ ഈ വീടിനെ താരതമ്യം ചെയ്ത് നോക്കുകയാണ്. ഏറെ നേരത്തെ നിരീക്ഷണത്തിനു ശേഷം അയാൾ കുതിരപ്പുത്ത് നിന്നിറങ്ങി. ഒരു മരത്തടിയിൽ കുതിരയെ ബന്ധിച്ച ശേഷം അയാൾ വരാന്തയിലേക്കു നടന്നു വന്നു.

പൂമുഖ വാതിൽ പാതി തുറന്നിട്ടിരിക്കുകയാണ്.

വരാന്തയിൽ കയറി ചുറ്റും നോക്കി. ആരുമില്ല.

പെട്ടന്നൊരാവേശത്താൽ അയാൾ വാതിൽ തുറന്ന് വീടിനകത്തു കടന്നു. അവിടെയും ആരെയും കണ്ടില്ല.

വാതിൽ തുറക്കുന്ന ശബ്ദം കേട്ടിട്ടെന്നോണം ഗൃഹനാഥൻ മുകളിൽ നിന്ന് താഴേക്ക് എത്തി നോക്കി. നിലാവെളിച്ചത്തിൽ താഴെ നിൽക്കുന്നയാളെ വളരെ വ്യക്തമായി കണ്ടു.

വാളും ആവനാഴിയും തൂക്കി പടച്ചട്ടയണിഞ്ഞ ഒരു ദൃഢഗാത്രൻ. ഒറ്റനോട്ടത്തിൽ തന്നെ ഒരു വീര ശൂര പരാക്രമിയാണെന്ന് തോന്നിപ്പോകും അതിനൊത്ത എല്ലാ ലക്ഷണങ്ങളുമുണ്ട്.

താഴെയാണെങ്കിൽ ആ കുതിരക്കാരൻ നിൽക്കുന്നതിന്റെ

തൊട്ടടുത്ത മുറിയിൽ ഗൃഹനാഥന്റെ ഭാര്യയുമുണ്ട്. സമ്മതമില്ലാതെ ഈ രാത്രി സമയത്ത് വീട്ടിലേക്ക് അതിക്രമിച്ചു കയറിയ ഇയാളൊരു മുസ്‌ലിമാവാൻ സാധ്യതയില്ല. മറ്റു നല്ല ഉദ്ദേശ്യത്തിനും വന്നതല്ല. എങ്കിൽ ഒരു അനുവാദ വാക്കെങ്കിലും വാങ്ങേണ്ടതാണ്. അതുണ്ടായിട്ടില്ല.

ഇനി മറ്റൊന്നും ചിന്തിക്കാനില്ല. അയാൾ താഴേക്കു കുതിച്ചു.

“ഇരുളിന്റെ മറവ് പറ്റി വീട് ആക്രമിച്ച് കടന്ന് എന്റെ ഭാര്യയെ ആക്രമിക്കാൻ ശ്രമിക്കുന്നോ? എടാ കള്ളാ നിന്നെ ഞാൻ വക വരുത്തുക തന്നെ ചെയ്യും.”

ഒരു ഭ്രാന്തനെപ്പോലെ അയാൾ അലറി.

ആഗതന് എന്തെങ്കിലും പറയാൻ കഴിയുന്നതിനു മുമ്പേ ഗൃഹനാഥൻ അയാളുടെ മേൽ ചാടി വീണു.

കുഞ്ഞിനെ തട്ടിയെടുക്കാൻ വരുന്ന കഴുതപ്പുലിക്ക് നേരെ പാഞ്ഞടുക്കുന്ന പെൺ സിംഹത്തെപ്പോലെ.

നിമിഷ നേരത്തെ പതർച്ചക്കു ശേഷം ആഗതനും തന്റെ കഴിവ് പുറത്തെടുത്തു. അയാളുടെ താടിരോമങ്ങളുടെ നര ശരീരത്തെ പൂർണ്ണമായി കീഴടക്കിയിരുന്നില്ലെന്ന് അയാളുടെ അംഗ ചലനങ്ങൾ തെളിയിച്ചു.

ഗൃഹനാഥന്റെ ഓരോ വെട്ടിൽ നിന്നും തന്ത്രപൂർവ്വം ഒഴിഞ്ഞുമാറുന്നതും പരിച കൊണ്ട് തടുക്കുന്നതും അയാളൊരു വിദഗ്ദനായ പോരാളിയാണെന്ന് വ്യക്തമാക്കുന്നു.

ഏറെ നേരം പൊരുതിയിട്ടും ആരും വീഴുന്നില്ല. ആഗതനാണ് വാൾ പയറ്റിൽ മുന്തി നിന്നതെങ്കിലും അയാൾ പ്രതിരോധത്തിനാണ് മുൻഗണന നൽകുന്നത്.

അവരുടെ വാളുകൾ കൂട്ടി മുട്ടുന്ന ശബ്ദവും അവരുയർത്തുന്ന ശബ്ദവും കേട്ട് അയൽക്കാർ ഓടിക്കൂടി. ആണുങ്ങൾ ഈ അപരിചിതനെ വലയം ചെയ്തു. ചങ്ങലയെറിഞ്ഞ് കുരുക്കി. അടുത്തുള്ള മരത്തിൽ ബന്ധിച്ചു.

“അല്ലാഹുവിന്റെ ശത്രൂ.., ഖാളി പറഞ്ഞാലല്ലാതെ നിന്നെ

ഞാൻ മോചിപ്പിക്കില്ലെടാ...” ഗൃഹ നാഥൻ പറഞ്ഞു.

“ഞാൻ അല്ലാഹുവിന്റ ശത്രുവല്ല ഞാനൊരു തെറ്റും ചെയ്തിട്ടുമില്ല. ഇത് എന്റെ വീടാണ് ഞാൻ വില കൊടുത്തു വാങ്ങിയത്. വാതിൽ തുറന്ന് കിടന്നപ്പോൾ അകത്തു കടന്നതാണ്.” ആഗതൻ പറഞ്ഞു.

പിന്നെ അയാൾ ജനങ്ങളിലേക്കു തിരിഞ്ഞു.

“ഓ നാട്ടുകാരേ, ഇതെന്റെ വീടാണ്. ഞാൻ ഫറൂഖ് ആണ്.”

“മുപ്പത് വർഷങ്ങൾക്കു മുമ്പ് യുദ്ധം ചെയ്യാൻ പോയ ഫറൂഖിനെ നിങ്ങൾ മറന്നു പോയോ?”

ഈ സമയത്ത് ഉറങ്ങുകയായിരുന്ന ആ വീട്ടിലെ ഗൃഹനായിക ശബ്ദം കേട്ടു എഴുന്നേറ്റു. ജനവാതിലിലൂടെ കാര്യങ്ങൾ നിരീക്ഷിച്ച അവർക്ക് കാര്യങ്ങൾ പിടികിട്ടി. ഒരു വല്ലാത്ത അമ്പരപ്പും പരിഭ്രാന്തിയും അവരെ പിടികൂടിയിരുന്നെങ്കിലും അവർ വിളിച്ചു പറഞ്ഞു:

“അയാളെ വിട്ടേക്കൂ..., റബീആ അയാളെ ഉപദ്രവിക്കല്ലേ. മോനേ അത് നിന്റെ ഉപ്പയാണ്.”

ഇടി വെട്ടിയത് പോലെ റബീഅ തരിച്ചു നിന്നുപോയി. എന്താണ് ഉമ്മ പറഞ്ഞത് ഇതെന്റെ പിതാവാണെന്നോ? ഇത്രയും നേരം ഞാൻ വകവരുത്താൻ ശ്രമിച്ച, കള്ളനാണെന്നും അല്ലാഹുവിന്റെ ശത്രുവാണെന്നും പറഞ്ഞ ഇയാൾ.......

റബീഅ വാവിട്ടു കരഞ്ഞു.

ഫറൂഖ് തന്റെ മകനെ വാരിപ്പുണർന്നു ചുംബിച്ചു. റബീഅ തന്റെ പിതാവിന്റെ കാലിലും കയ്യിലും നെറ്റിത്തടത്തിലും ശിരസിലും ചുംബിച്ചു. കഠിന ശത്രുക്കൾ ഉറ്റ ബന്ധുക്കളായി. നിമിഷങ്ങൾ കൊണ്ടാണ് ഇത്രയും സംഭവിച്ചത്. എല്ലാം അല്ലാഹുവിന്റെ മായാ വിലാസങ്ങൾ

മുപ്പത് വർഷങ്ങൾക്കു ശേഷം വീടും കുടുംബവും അന്വേഷിച്ചു വന്നവന്റെ മുമ്പിൽ തന്റ വീട് മലർക്കെ തുറന്ന് കിടക്കുന്നത് കാണുമ്പോൾ സ്വാഭാവികമായും ഔപചാരികത മറന്നു

പോകും അതുകൊണ്ട് തന്നെയാണയാൾ മറുവശം നോക്കാതെ അതിനകത്തു കയറിയതും. അയാൾ ചെയ്തത് തെറ്റാണോ?

രാത്രി സമയത്ത് ആയുധധാരിയായ ഒരാൾ സമ്മതമില്ലാതെ വീടിനകത്തു കയറി അതും തൊട്ടടുത്ത് തന്നെ അയാളുടെ ഭാര്യ യുള്ളപ്പോൾ ഏതൊരു ആണും ഉണരുന്ന സമയം. എത്ര സഹന ശീലവും നിയന്ത്രണം നഷ്ടപ്പെടുന്ന സമയം. റബീഅ അയാളുടെ മേൽ ചാടി വീണത് അപരാധമാണെന്ന് പറയാനാവുമോ? റബീഅ ആ സമയത്ത് കൈ കൊണ്ട നിലപാട് അനുചിതമായിരു ന്നില്ലേ? ഇത്തരം സാഹചര്യങ്ങളിൽ കൈ കെട്ടി നോക്കി നിൽക്കാൻ പൗരുഷമുള്ളവന് സാധിക്കുമോ? എങ്കിൽ ആർക്കാണ് പിഴച്ചത്? എവിടെയാണ് പിഴച്ചത്?

മധുവിധു നാളുകളുടെ ആരംഭത്തിൽ തന്നെ പ്രിയതമന് യുദ്ധത്തിന് സമ്മതം നൽകാൻ റബീഅയുടെ മാതാവിന് പ്രയാസ മുണ്ടായിരുന്നു. പക്ഷെ ആത്യന്തിക ലക്ഷ്യത്തിന്റെ വിജയ സാക്ഷാൽകാരത്തിന് ശ്രമിക്കുന്ന തന്റെ പ്രിയ ഭർത്താവിനു മുമ്പിൽ താനൊരു വിലങ്ങു തടിയാവരുതല്ലോ എന്ന ഉത്തമ ബോധം അവർക്കുണ്ടായിരുന്നു. അതുകൊണ്ടാണവർ നിറമിഴി കളോടെ അദ്ദേഹത്തെ യാത്രയാക്കിയത്. പിന്നെ കാത്തിരിപ്പായി. ദിവസങ്ങൾക്ക് ആഴ്ചകളുടെ ദൈർഘ്യം. ആഴ്ചകൾക്ക് മാസങ്ങ ളുടേയും ആദ്യം പ്രതീക്ഷയോടെ പിന്നെ പരിഭവത്തോടെ ആ കാത്തിരുപ്പ് നീണ്ടു പോയി. അങ്ങനെ സർവ്വ പ്രതീക്ഷകളും അസ്തമിച്ചു. ഭൂമുഖത്ത് വെച്ച് തന്റെ പ്രിയതമനുമായി ഇനി യൊരു സമാഗമമില്ല എന്നവർ തീർച്ചപ്പെടുത്തി.

എപ്പോഴുമെന്ന പോലെ അന്നുമവൾ ഇശാ നിസ്കരിച്ച് പ്രാർത്ഥിച്ചു. “റബ്ബേ, ഭൂമുഖത്ത് എവിടെയെങ്കിലും അദ്ദേഹം ജീവിച്ചിരിപ്പുണ്ടെങ്കിൽ എനിക്കദ്ദേഹത്തെ കാണിച്ചു തരേണമേ,” അതു കഴിഞ്ഞ് ആ വിരിപ്പിൽ കിടന്ന് ചെറുതായൊന്നു മയങ്ങി. അപ്പോഴാണ് താഴെ നിന്ന് ശബ്ദവും അടിപിടിയുടെ ഭീകര രംഗ ങ്ങളും കാണുന്നത്.

ആ രംഗങ്ങൾ ഓർക്കാൻ തന്നെ അവൾ ഭയപ്പെട്ടു. തന്റെ വീട്ടു മുറ്റത്ത് തന്റെ കയ്യെത്തും ദൂരത്ത് താൻ ഏറെ കാണാൻ

ആഗ്രഹിച്ച തന്റെ പ്രിയ ഭർത്താവിനെ തനിക്കേറ്റവും പ്രിയപ്പെട്ട ഏക മകൻ വക വരുത്താൻ ശ്രമിക്കുക. ആ നിലാവെളിച്ചത്തിൽ ആരുടെയെങ്കിലും അടിയൊന്നു പതറിയാൽ...... അവളുടെ കണ്ണിൽ നിന്ന് കണ്ണുനീർ വാർന്നു പോയി.

എല്ലാം ദൈവ നിയോഗം.

കഠിന ശത്രുക്കൾ നിമിഷങ്ങൾ കൊണ്ട് ഉറ്റ മിത്രങ്ങളായതോടെ അയൽക്കാർ സന്തോഷ പൂർവ്വം തങ്ങളുടെ വീടുകളിലേക്ക് മടങ്ങി.

ഉമ്മു റബീഅ പടിയിറങ്ങി താഴെ വന്നു. തന്റെ പ്രിയ ഭർത്താവിന്റെ അടുക്കൽ ചെന്നു. ഫറൂഖ് സലാം പറഞ്ഞു. അവൾ മടക്കി. അദ്ദേഹത്തിന്റെ പരുപരുത്ത കൈപിടിച്ച് വീടിനുള്ളിലേക്ക് കൂട്ടിക്കൊണ്ടു പോയി.

ആ ഇണക്കിളികൾക്ക് എന്തൊക്കെ പറയാനുണ്ടാകും? എന്തൊക്കെ ഓർക്കാനും പരസ്പരം കൈമാറാനുമുണ്ടാകും. ലോകമൊന്നാകെ കിടന്നുറങ്ങുമ്പോൾ ആ ദമ്പതികൾ വിവാഹം കഴിഞ്ഞ് മുപ്പത് വർഷങ്ങൾക്ക് ശേഷം ഒരു പുതു ജീവിതത്തിലേക്ക് കാലെടുത്തു വെക്കുകയായിരുന്നു.

ഫറൂഖ് തന്റെ കഥ അവൾക്ക് വിവരിച്ചു കൊടുക്കാൻ തുടങ്ങി.

മദീന വിട്ട് നീണ്ട മണൽകാടുകൾ കടന്ന് പ്രതിസന്ധികളും പ്രയാസങ്ങളും മറികടന്ന് വ്യത്യസ്ഥ നാടുകളിൽ എത്തിച്ചേർന്നത്, അവിടങ്ങളിൽ ചുറ്റിക്കറങ്ങിയത്, വ്യത്യസ്ഥ ജനവിഭാഗങ്ങളെ നേരിൽ കണ്ടത്, ഒരായിരം രണഭൂമിയിൽ അവർക്കെതിരെ ജീവൻ പണയം വെച്ച് അടരാടിയത്.... എല്ലാം അവൾക്ക് വിശദീകരിച്ചു കൊടുത്തു.

ഓരോ തവണയും നാട്ടിലേക്കു മടങ്ങണമെന്ന് ദൃഢ നിശ്ചയം ചെയ്തിരുന്നുവെങ്കിലും അതൊക്കെ അവസാന നമിഷം അടിയന്തിര കാരണങ്ങളാൽ മാറ്റിവെക്കേണ്ടി വന്നു.

അയാളുടെ രണഭൂമിയിലെ അവാച്യമായ രംഗങ്ങളുടെ കഥ കേട്ട് അവൾ പലപ്പോഴും പൊട്ടിക്കരഞ്ഞു. ചില നേരത്ത് ആർത്തു

ചിരിച്ചു.

അയാളുടെ ചരിത്രം കേട്ടു കൊണ്ടിരിക്കുമ്പോഴും അവളെ മറ്റൊരു ആധി പിടികൂടിയിരുന്നു. മുപ്പത് വർഷങ്ങൾക്കു മുമ്പ് അദ്ദേഹം തന്നെ വിശ്വസ്ഥതയോടെ ഏൽപ്പിച്ച മുപ്പതിനായിരം ദിർഹം. നല്ലതിനു മാത്രം ചിലവഴിക്കുക എന്ന് പറഞ്ഞ് അദ്ദേഹം തന്നെ ഏൽപ്പിച്ച ആ ഭീമമായ സംഖ്യയിൽ നിന്ന് ഒരു ദിർഹം പോലും ബാക്കിയില്ലല്ലോ എന്ന സത്യം അവളുടെ മനസിനെ അലട്ടിക്കൊണ്ടിരുന്നു. അതിനെക്കുറിച്ച് അദ്ദേഹം ചോദിച്ചാൽ അതിൽ നിന്ന് ഒന്നും ബാക്കിയില്ല എന്ന് ഞാൻ പറഞ്ഞാൽ അദ്ദേഹത്തിന്റെ പ്രതികരണമെന്തായിരിക്കും?

ഏക മകന്റെ പരിചരണത്തിനും അവന്റെ പഠനത്തിനും വേണ്ടി താനത് മുഴുവൻ ഉപയോഗിച്ചു എന്ന് പറഞ്ഞാൽ അദ്ദേഹം അത് അംഗീകരിക്കുമോ? ഒരേ ഒരു മകന്റെ പഠനത്തിനും പരിചരണത്തിനും ഇത്രയേറെ പണം ആവശ്യമുണ്ടോ എന്ന് അദ്ദേഹം ചോദിക്കില്ലേ? മേഘത്തേക്കാളും ഉദാരനാണ് തന്റെ മകനെന്ന് മദീനക്കാർക്കു മുഴുവൻ അറിയുമെങ്കിലും അദ്ദേഹത്തിനു മാത്രം അതറിയില്ലല്ലോ. ആ പണത്തെ കുറിച്ചുള്ള വരും വരായ്കളെക്കുറിച്ച് അവൾ കണക്കു കൂട്ടി. അതിനെക്കുറിച്ചുള്ള ചിന്തകൾ അത്രയേറെ അവളെ പിടികൂടിയിരുന്നു.

അവൾ പ്രതീക്ഷിച്ചതു തന്നെ സംഭവിച്ചു. സംസാരത്തിനിടക്ക് അദ്ദേഹം പറഞ്ഞു.

“നാലായിരം ദിർഹമുമായിട്ടാണ് ഞാൻ വന്നിരിക്കുന്നത്. നിന്റെ പക്കൽ ഞാനേൽപ്പിച്ച ആ പണത്തോടൊപ്പം ഇത് ചേർത്ത് നമുക്കൊരു പറമ്പോ തോട്ടമോ വാങ്ങണം. ശേഷിച്ച കാലം അതിന്റെ വരുമാനം കൊണ്ട് ജീവിക്കാമല്ലോ.”

അവളൊന്നും മിണ്ടിയില്ല.

ഫറൂഖ് വീണ്ടുമത് ആവർത്തിച്ചു.

അവൾ പറഞ്ഞു: “ ഭദ്രമായൊരു സ്ഥലത്ത് ഞനത് സൂക്ഷിച്ചു വെച്ചിട്ടുണ്ട്. ഇൻഷാഅല്ലാഹ് അൽപ ദിവസങ്ങൾക്കകം ഞാനത് തിരികെ ഏൽപ്പിക്കാം.

മറ്റെന്തെങ്കിലും പറയുന്നതിനു മുമ്പ് മദീന പള്ളിയിൽ നിന്ന് ബാങ്കു മുഴങ്ങി. അദ്ദേഹം വുളുഎടുക്കാൻ പോയി.

വുളു എടുത്ത ശേഷം പള്ളിയിൽ പോകാനായി വാതിൽക്കൽ വന്നു. അവിടെ പ്രിയതമയുണ്ട്.

റബീഅ എവിടെ? അദ്ദേഹം ചോദിച്ചു.

ആദ്യ ബാങ്ക് കൊടുത്തപ്പോഴേ അവൻ പള്ളിയിലേക്ക് പോയി. അവൾ പറഞ്ഞു.

നബി(സ)യുടെ കാലത്ത് മദീനയിൽ രണ്ട് ബാങ്ക് നിലവിലുണ്ടായിരുന്നു. ആദ്യ ബാങ്ക് ഉമ്മു മക്തൂം (റ)വും രണ്ടാം ബാങ്ക് ബിലാൽ(റ)വുമാണ് കൊടുത്തിരുന്നത്. ആദ്യത്തെ ബാങ്ക് തഹജ്ജുദിനും മറ്റു ഇബാദത്തിനും രണ്ടാം ബാങ്ക് സുബ്ഹിന്റെ സമയം അറിയിക്കാനുമായിരുന്നു (നസാഇ ഹാശിയ സഹിതം-1)

ഫറൂഖ് പള്ളിയിലെത്തുമ്പോൾ ജമാഅത്ത് കഴിഞ്ഞിരുന്നു. അദ്ദേഹം ഒറ്റക്ക് നിസ്കരിച്ചു. പിന്നെ എഴുന്നേറ്റ് തനിക്കേറ്റവും പ്രിയപ്പെട്ട തന്റെ എല്ലാമെല്ലാമായ ത്വൈബയുടെ രാജകുമാരന്റെ സവിധത്തിലേക്കു ചെന്നു. തിരു ഹബീബിനെക്കുറിച്ചുള്ള ഓർമ്മകൾ അദ്ദേഹത്തിന് ഹരം പകരുന്നതായിരുന്നു. ആ ഓർമ്മകളെ എന്നുമദ്ദേഹം  താലോലിച്ചു. മുപ്പത് വർഷങ്ങളായി ആ ചിന്ത അദ്ദേഹത്തെ നിരന്തരം വേട്ടയാടിക്കൊണ്ടിരിക്കുകായിരുന്നു.

ഭൗതിക സാനിധ്യത്തിന്റെ ആദരവോടെ സാവധാനം ചെന്ന് സലാം പറഞ്ഞു. പിന്നെ നടന്നത് പ്രേമ ഭാജനങ്ങളുടെ സംഗമമായിരുന്നു.  ഏറെ നേരമത് നീണ്ടു നിന്നു.

പിന്നെ അദ്ദേഹം ഖബ്റിന്റെയും മിമ്പറിന്റെയും ഇടയിലുള്ള സ്ഥലത്തേക്ക് ചെന്നു. ആ പൂന്തോപ്പിൽ വെച്ച് രണ്ട് റക്അത്ത് നിസ്കരിച്ചു. ആ സ്ഥലത്തെ കുറിച്ച് പ്രവാചകൻ പറഞ്ഞത് സ്വർഗ്ഗത്തിലെ പൂന്തോപ്പിലെ ഒരു പൂന്തോപ്പാണ് എന്നാണ് ആ പുണ്യ സ്ഥലത്തു വെച്ച് മതി വരുവോളം നിസ്കരിച്ചു. പ്രാർത്ഥിച്ചു.

പള്ളിയുടെ അകത്തളത്തിൽ നിന്നും പുറത്ത് വന്നപ്പോൾ ഒരത്ഭുത ദൃശ്യത്തിന് അദ്ദേഹം സാക്ഷിയായി.

ഏറെ നാടുകൾ ചുറ്റി സഞ്ചരിച്ച താൻ ഇന്നേവരെ കണ്ടിട്ടില്ലാത്ത അത്ര വലിയ വിജ്ഞാന സദസ്സ് ക്ലാസെടുത്തു കൊണ്ടിരിക്കുന്നയാളുടെ ചുറ്റും ആളുൾ ഹൽക്ക കെട്ടി ഇരിക്കുകയാണ്. ഒന്നിനു പിറക ഒന്നാകെ പള്ളിയാകെ മനുഷ്യരെകൊണ്ട് നിറഞ്ഞിരിക്കുകയാണ്.

ഫറൂഖ് സദസ്യരെ മുഴുവൻ ഒന്നുഴിഞ്ഞു നോക്കി തലപ്പാവും താടിയും വെച്ച അനേകം പണ്ഡിതൻമാരും പ്രായം കൂടിയവരും ചെറുപ്പക്കാരും അതിലുണ്ടായിരുന്നു. ഒരുപാട് ആളുകൾ അദ്ദേഹത്തിന്റെ വാക്കുകൾ അപ്പടി പകർത്തുകയാണ്. എന്തോ ഒരു അമൂല്യ നിധി കേൾക്കുന്ന പോലെയാണ് അവർ അത് കേൾക്കുന്നതും പകർത്തുന്നതും. ജനങ്ങളെല്ലാം അങ്ങോട്ട് കണ്ണും നട്ടിരിക്കുകയാണ്. ഇടവും വലവും നോക്കുന്നില്ല.

ഓരോ മൂലയിലും മുബല്ലിഗുമാർ(വിളിച്ചു പറയുന്നവർ) നിൽക്കുന്നു ശൈഖ് പറയുന്നതെന്താണെന്ന് അവർ ഉച്ചത്തിൽ ഏറ്റു പറയുന്നു. അതുകൊണ്ട് ദൂരെ ഇരിക്കുന്നവർക്കും ശൈഖിന്റെ സംസാരം ശ്രവിക്കാൻ സാധിക്കുന്നു.

ശബ്ദം കേൾക്കുന്നുണ്ടെങ്കിലും ഫറൂഖിന് ശൈഖിന്റെ രൂപം ശരിയായി കാണാൻ സാധിച്ചില്ല. അദ്ദേഹത്തിന്റെ വാചാലതയും സരസമായ അവതരണ രീതിയും വാക്കുകൾ തമ്മിലുള്ള അസാധാരണമായ കോർവ്വയും കാര്യകാരണ ബന്ധങ്ങൾ പറഞ്ഞു കൊണ്ടുള്ള സമർത്ഥന രീതിയും ഫറൂഖിനെ തെല്ലൊന്ന് അൽഭുതപ്പെടുത്തുക തന്നെ ചെയ്തു. അസാധാരണമായ ഒരു ആദരവും ബഹുമാനവും അദ്ദേഹത്തോട് തോന്നുകയും ചെയ്തു.

അൽപ്പ സമയത്തിനുള്ളിൽ തന്നെ ക്ലാസ് കഴിഞ്ഞു. ഫറൂഖിന് ആ പണ്ഡിതനെ പരിചയപ്പെടണം. അയാൾ മുന്നോട്ട് നടന്നു. അടുത്ത നിമിഷം അദ്ദേഹമവിടെ സ്തംഭിച്ചു നിന്നു പോയി.

ആ പണ്ഡിതനെ കാണാനും മുആനഖ ചെയ്യാനുമായി ജനങ്ങൾ അവിടെ തിങ്ങിക്കൂടി നിൽക്കുകയാണ്. ഈ തിരക്കിൽ ഏതായാലും കാണാൻ സാധിക്കില്ല. ഫറൂഖ് പിന്നോട്ട് നടന്നു.

അടുത്തുണ്ടായിരുന്ന ഒരാളോട് ഫറൂഖ് ചോദിച്ചു. "ക്ലാസെ

ടുത്ത ആപണ്ഡിതൻ ആരാണ്?" അയാൾ അത്ഭുതത്തോടെ തിരിച്ചു ചോദിച്ചു "അപ്പോൾ നിങ്ങൾ മദീനക്കാരനല്ലേ?"

"അതെ." ഫറൂഖ് പറഞ്ഞു.

"ആ ശൈഖിനെ അറിയാത്ത മദീന നിവാസികൾ ആരെങ്കിലുമുണ്ടാകുമോ?"

"എന്നോട് ക്ഷമിക്കൂ, ഏറെ കാലമായി ഞാനിവിടെയില്ല." ഫറൂഖ് പറഞ്ഞു.

"എങ്കിൽ ഇരിക്കൂ അദ്ദേഹത്തെക്കുറിച്ച് അൽപ്പം ഞാൻ പറഞ്ഞു തരാം." അയാൾ ഫറൂഖിനെ നിലത്ത് പിടിച്ചിരുത്തി.

"ആ ക്ലാസെടുത്തയാൾ പ്രമുഖനായ ഒരു താബിഈ പണ്ഡിതനാണ്. അദ്ദേഹം മദീനയുടെ മുഹദ്ദിസും മുഫ്തിയും ഖാളിയുമാണ്."

"ഇത്ര ചെറുപ്പത്തിലോ മാശാ അല്ലാഹ്." ഫറൂഖ് പറഞ്ഞു പോയി.

മാലിക് ഇമാമിന്റെയും അബൂ ഹനീഫ ഇമാമിന്റെയും സുഫ്യാനുസ്സൗരിയുടേയും ഔസാഇ ഇമാമിന്റെയും ലൈസുബ്നു സഅ്ദ്(റ) വിന്റെയും മജ്ലിസുകളോട് കട പിടിക്കുന്നതാണ് അദ്ദേഹത്തിന്റെ വിജ്ഞാന സദസ്സ്.

വിജ്ഞാനത്തിൽ മാത്രമല്ല അദ്ദേഹത്തിന്റെ പ്രശസ്തി. പാവങ്ങളോട് അതിയായ അനുകമ്പയും സഹതാപവുമുണ്ട് അദ്ദേഹത്തിന്. വലിയ ധർമ്മിഷ്ഠനാണദ്ദേഹം. ഇഹലോക പരിത്യാഗിയും പരലോക തൽപരനുമാണ്.

"അദ്ദേഹത്തിന്റെ പേര് മാത്രം പറഞ്ഞില്ലല്ലോ." ഫറൂഖ് പറഞ്ഞു.

"റബീഅതുർറഅ്യ് അതാണ് അദ്ദേഹത്തിന്റെ പേര്." അയാൾ പറഞ്ഞു.

"റബീഅതുർറഅ്യ് എന്നോ?"

(റഅ്യ് എന്നാൽ അറബിയിൽ അഭിപ്രായം എന്നാണ് അർത്ഥം. റബീഅ എന്നത് റഅ്യിലേക്കു ചേർക്കുമ്പോൾ അറബി അറിയുന്നവർക്ക് ഒരു അസ്വാഭാവികത തോന്നും അതു

കൊണ്ടാണ് അദ്ദേഹം അങ്ങനെ ചോദിച്ചത്.)

"അതെ, റബീഅ എന്നാണദ്ദേഹത്തിന്റെ പേര് പക്ഷെ മദീനയിലെ പ്രമുഖർ റബീഅതുർറഅ്യ് എന്നാണദ്ദേഹത്തെ വിളിക്കുക. കാരണം ഏതെങ്കിലും വിഷയത്തിൽ ഖുർആനിലോ ഹദീസിലോ വ്യക്തമായ അഭിപ്രായം കാണാതെ വരുമ്പോൾ റബീഅയുടെ അഭിപ്രായമാണവർ പരിഗണിക്കുക."

അയാൾ ഫറൂഖിന്റെ സംശയത്തിന് നിവാരണം നൽകി.

"അദ്ദേഹത്തിന്റെ പരമ്പര ഏതാണ്?" ഫറൂഖ് ചോദിച്ചു.

"ഫറൂഖിന്റെ മകൻ റബീഅയാണദ്ദേഹം."

ഫറൂഖ് യുദ്ധത്തിനു പോയ സമയത്താണ് റബീഅ പ്രസവിക്കപ്പെട്ടത്. അവന്റെ പരിചരണവും പഠനവും മാതാവ് തന്നെ ഏറ്റെടുത്തത് നടത്തുകയാണ് ചെയ്ത്. എന്നാൽ കുറച്ചു നേരത്തെ ആരോ പറയുന്നത് കേട്ടു നാടു വിട്ടുപോയ ഫറൂഖ് തിരിച്ചു വന്നുവെന്ന്.

ആ സമയത്ത് ഫറൂഖിന്റെ കവിളിലൂടെ കണ്ണുനീർ ഇറ്റി വീണു. അയാൾ അതിന്റെ കാരണം അന്വേഷിച്ചില്ല.

ഫറൂഖിന് പൊട്ടിക്കരയണമെന്നു തോന്നി എത്ര നേരം കരച്ചിൽ പിടിച്ചു നിൽക്കും? കണ്ഠനാളം വേദനിക്കുന്നു. നിറകണ്ണുകളോടെ അദ്ദേഹം വീട്ടിലേക്കു നടന്നു.

ഭൗതിക, ആത്മീയ മണ്ഡലങ്ങളിൽ തന്റെ പുന്നാര മകൻ കൈവരിച്ച അത്യുന്നത സ്ഥാനത്തെ കുറിച്ചാണോ അതല്ല തന്റെ അഭാവത്തിൽ മനം നൊന്തിരിക്കുമ്പോഴും ഈ ഉന്നത സ്ഥാനത്തേക്ക് തന്റെ മകനെ എത്തിച്ച തന്റെ ഭാര്യയുടെ കഷ്ടപ്പാട് ഓർത്തിട്ടാണോ അയാൾ കരയുന്നത്. ഒരു കാര്യം ഉറപ്പ് സന്തോഷാധിക്യത്തിലാണദ്ദേഹം കരയുന്നത്. നിഷ്കളങ്കമായ സ്നേഹത്തിന്റെ അടയാളമാണല്ലോ കണ്ണു നീർ.

സലാം പറഞ്ഞു പള്ളിയിലേക്കു പോയ പ്രിയതമൻ കരഞ്ഞു കൊണ്ട് വരുന്നതാണ് ഉമ്മു റബീഅ കാണുന്നത്.

"അങ്ങേക്കെന്തു പറ്റി?" അവൾ പരിഭ്രാന്തിയോടെ ചോദിച്ചു.

താടിത്തുമ്പിലൂടെ കണ്ണുനീർ ഇറ്റിവീണു കൊണ്ടിരിക്കെ പുഞ്ചിരിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു: "നമ്മുടെ മകൻ കരസ്ഥമാക്കിയ ഉന്നത സ്ഥാനങ്ങൾ നേരിൽ കണ്ടപ്പോൾ സന്തോഷം കൊണ്ട് കരഞ്ഞു പോയതാണ്."

ഉമ്മു റബീഅ ഈ അവസരം ഉപയോഗപ്പെടുത്തി ഏറെ നേരമായി അവൾ ഇത്തരമൊരു അവസരത്തിനായി കാത്തിരിക്കുകയാണ്.

ഒരു കുസൃതിച്ചിരിയോടെ അവൾ ചോദിച്ചു. "താങ്കളുടെ മകൻ എത്തിച്ചേർന്ന ഈ മഹോന്നത സ്ഥാനമാണോ അതോ മുപ്പതിനായിരം ദിർഹമാണോ താങ്കൾക്ക് ഏറ്റവും വിലപ്പെട്ടത്?"

ഫറൂഖിന് ഏറെ നേരം ചിന്തിക്കേണ്ടിയിരുന്നില്ല.

"അല്ലാഹുവാണ് സാക്ഷി ഭൂമിയിലെ മുഴുവൻ സമ്പത്ത് കൈവശമുണ്ടാവുന്നതിനേക്കാളും എനിക്ക് ഏറ്റവും വിലപ്പെട്ടത് എന്റെ മകൻ ആർജ്ജിച്ചെടുത്ത വിജ്ഞാനം തന്നെയാണ്."

"എങ്കിൽ താങ്കൾ എന്നെ ഏൽപ്പിച്ച സമ്പത്തെല്ലാം അവന്റെ വിദ്യാഭ്യാസത്തിനു വേണ്ടിയാണ് ഞാൻ വിനിയോഗിച്ചത്. താങ്കൾക്കതിൽ അതൃപ്തി വല്ലതുമുണ്ടോ?"

"എനിക്കതിൽ അഭിമാനമേ തോന്നുന്നുള്ളൂ."

ആ മറുപടി കേട്ട് ആവൾ ദീർഘമായൊന്ന് നിശ്വസിച്ചു. ഏറെ നേരത്തെ മനഃപ്രയാസത്തിനുശേഷം സ്വസ്ഥമായി ശ്വസിക്കാൻ പറ്റിയതിൽ അവൾ അല്ലാഹുവിനെ സ്തുതിച്ചു. (സുവറുമിൻ ഹയാത്തിത്താബിഈൻ-154)

ഇവിടെ നമുക്ക് ചിന്തിക്കാനും ഉൾകൊള്ളാനും ഒരു പാട് കാര്യങ്ങളുണ്ട്. സുലഭമായി ലഭിക്കുന്ന ധാരാളം കാര്യങ്ങൾ അല്ലാഹു നമുക്ക് നൽകിയിട്ടുണ്ട്. മണ്ണ്, വായു, വെള്ളം.... എന്നാൽ ഈ വിഭവങ്ങളാണ് നമ്മുടെ ജീവ നാഡിയെന്നും അതില്ലെങ്കിൽ നമുക്ക് നില നിൽപ്പില്ല എന്നും നാം മനസിലാക്കേണ്ടതുണ്ട്.

ദീനീ വിജ്ഞാനം ഇതേ ഗണത്തിൽ പെട്ടതാണ്. നാടിന്റെ മുക്ക് മൂലകളിൽ മത പഠനത്തിനുതകുന്ന ദർസുകളും കോളേജു

# 2

# പ്രവാചകർ ഏൽപിച്ച ദൗത്യം

ആധികാരിക സമർത്ഥനം കൊണ്ട് ശ്രദ്ധേയനായ വിശ്വ പ്രസിദ്ധ ചരിത്രകാരൻ സംഹൂദി തന്റെ 'വഫാഉൽ വഫാഅ്' എന്ന ഗ്രന്ഥത്തിൽ ജമാലുദ്ദീൻ അസ്നവിയിൽ നിന്ന് ഉദ്ധരിക്കുന്നു.

അമവിയ്യ അബ്ബാസിയ്യ ഭരണ കൂടങ്ങളുടെ പതനങ്ങൾക്ക് ശേഷം സുശക്തമായ ഒരു ഭരണം കാഴ്ച വെച്ചത് സൽജൂക്കികളായിരുന്നു. അവരിൽ നീതിനിഷ്ഠ കൊണ്ടും സത്യ സന്ധത കൊണ്ടും കേളി കേട്ട ഭരണാധികാരിയാണ് ഇമാദുദ്ദീൻ സങ്കി(ഹി: 541–69)

അദ്ദേഹം ഭരണത്തിലേറുമ്പോൾ അത്യന്തം പരിതാപകരമായ അവസ്ഥയിലായിരുന്നു ഇസ്‌ലാമിക സമൂഹം. ചെറിയ ചെറിയ രാഷ്ട്രങ്ങളായി ചിതറിക്കിടക്കുന്ന മുസ്‌ലിം രാജ്യങ്ങൾ. അവിടെ ഭരണത്തിന് വേണ്ടിയുള്ള തമ്മിൽ തല്ലലും സർവത്ര അനൈക്യവും. ഈ അവസരം മുതലെടുത്തു കൊണ്ട് ബൈതുൽ മുഖദ്ദസ് പിടിച്ചടക്കാനും മുസ്‌ലിം പ്രദേശങ്ങൾ അധീനപ്പെടുത്താനും തക്കം പാർത്തിരിക്കുന്ന ക്രൈസതവർ. ഈ അപകടകരമായ സാഹചര്യത്തിലാണ് ഇമാദുദ്ദീൻ അധികാരത്തിന്റെ മുൾകിരീടം വെക്കുന്നത്.

സമയം നഷ്ടപ്പെടുത്താതെ അദ്ദേഹം സമീപ രാജ്യങ്ങളെ

തന്റെ രാഷ്ട്രത്തോട് കൂട്ടിച്ചേർക്കുകയും പ്രതിരോധ സംവിധാന ങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്തു. ഒരു പരിധിവരെ കുരിശു പട യാളികളുടെ ഒഴുക്കിനെ തടഞ്ഞു നിർത്താനും അവരുടെ അക്രമ ങ്ങൾക്ക് തടയിടാനും സാധിച്ചു.

84-ാം വയസിലാണദ്ദേഹം മരണമടഞ്ഞത്. തന്റെ അന്ത്യ നിമിഷം വരെ അദ്ദേഹം അടർക്കളത്തിൽ അടരാടി.

ഇമാദുദ്ദീൻ നല്ല ഭരാണികാരിയായിരുന്നു. പ്രസിദ്ധ ചരിത്ര പണ്ഡിതൻ ഇബ്നുൽ അസീർ രേഖപ്പെടുത്തുന്നു:

ഇസ്ലാമിനു മുമ്പും അതിനു ശേഷവുമുള്ള ഭരണാധികാരി കളുടെ ചരിത്രം ഞാൻ പഠിക്കുകയുണ്ടായി. അവരിൽ ഖുലഫാഉ റാശിദുകൾക്കും ഉമറുബ്നു അബ്ദിൽ അസീസിനും ശേഷം നൂറു ദ്ദീനേക്കാൾ സച്ഛരിതനായ ഒരാളെ എനിക്ക് കാണാൻ കഴിഞ്ഞില്ല. (കിതാബു അശ്വാഖുൻ വഹനീൻ-235)

അസ്നവി തുടരുന്നു....

പാതിരാ കഴിഞ്ഞാൽ തഹജ്ജുദ് നിസ്കാരത്തിന് നൂറുദ്ദീൻ സങ്കി എന്നും എഴുന്നേൽക്കും  അന്നു അദ്ദേഹം തഹജ്ജുദിനായി എഴുന്നേറ്റു. തഹജ്ജുദ് നിസ്കരിച്ചു. ശേഷം ഔറാദിൽ മുഴുകി. അത് കഴിഞ്ഞ് പ്രാർത്ഥിച്ചു. അതും കഴിഞ്ഞ് സാധാരണ പോലെ ഉറങ്ങാൻ കിടന്നു.

ആ ഉറക്കത്തിൽ അദ്ദേഹം ഒരു സ്വപ്നം കണ്ടു. ദുനിയാ വിൽ വെച്ച് അദ്ദേഹത്തിന് കാണാൻ കഴിയുന്നതിൽ വെച്ച് ഏറ്റവും ഉന്നതനായ വ്യക്തിയെ. അറിവായ അറിവുകളുടെയെല്ലാം അക്ഷയ ഖനിയായ തിരുനബി(സ)യെ അദ്ദേഹം സ്വപ്നത്തിൽ ദർശിച്ചു. പക്ഷെ തിരുനബിയുടെ മുഖത്ത് പൂന്നിലാവ് പോലും ലജ്ജിച്ചു പോവുന്ന ആ മാസ്മര പുഞ്ചിരിയില്ല. വന്യമൃഗങ്ങൾ പോലും മയ ങ്ങിപ്പോകുന്ന ആ മന്ദസ്മിതം തിരുവദനങ്ങളിൽ കാണാൻ കഴി ഞ്ഞില്ല.

തവിട്ട് നിറമുള്ള രണ്ട് വ്യക്തികളെ ചൂണ്ടിക്കൊണ്ട് പ്രവാച കർ(സ) പറയുകയാണ് “ഈ രണ്ട് ആളുകളിൽ നിന്ന് എന്നെ രക്ഷി ക്കൂ.....”

നൂറുദ്ദീൻ സങ്കി ഭയവിഹ്വലനായി ഞെട്ടിയുണർന്നു.

വല്ലാത്ത സ്വപ്നം.!

കണ്ടത് മുത്തു നബിയെത്തന്നെ സംശയമില്ല. പക്ഷെ ഈ രൂപത്തിൽ.........!

നൂറുദ്ദീൻ വുളുവെടുത്തു. വീണ്ടും നിസ്കരിച്ചു. പിന്നെ ഉറങ്ങാൻ കിടന്നു. അപ്പോഴും തിരുനബി(സ)യെ കണ്ടു. അതേ രൂപത്തിൽ വീണ്ടും ഭീതിയോടെ പിടഞ്ഞെഴുന്നേറ്റു. വുളുവെടുത്തു നിസ്കരിച്ചു. വീണ്ടും കിടന്നു. മൂന്നാം തവണയും ആ കാഴ്ച തന്നെ കണ്ടു. ഇനി ഉറങ്ങിക്കൂടാ എന്തൊ പന്തി കേടുണ്ട്. പ്രവാചകർ എന്നോട് കാര്യമായതെന്തോ പറയുകയാണ്.

ഇനിയെന്തു ചെയ്യും? നൂറുദ്ദീൻ ചിന്തിച്ചു.

അദ്ദേഹത്തിന് സാത്വികനായ ഒരു മന്ത്രിയുണ്ട്.

ജമാലുദ്ദീനുൽ മൂസ്വിലി

പണ്ഡിതൻ, അല്ലാഹുവിനേയും അവന്റെ ഹബീബിനേയും അനുസരിക്കുന്ന ഉന്നത വ്യക്തിത്വം. ഈ വിഷയത്തിൽ അഭിപ്രായം ആരായാൻ ഏറ്റവും യോഗ്യൻ അദ്ദേഹം തന്നെ.

രാജാവ് ഉടൻ തന്നെ അദ്ദേഹത്തെ വിളിക്കാൻ ആളെ അയച്ചു.

നിമിഷങ്ങൾ കൊണ്ട് മന്ത്രി ഹാജരായി. രാജാവ് സംഭവിച്ചതെല്ലാം  വിസ്തരിച്ചു.

ജമാലുദ്ദീൻ എല്ലാം ശ്രദ്ധിച്ചു കേട്ടു.

സുൽത്താന്റെ സംസാരം തീരേണ്ട താമസം അദ്ദേഹം ചോദിച്ചു:

പിന്നെ എന്താണ് അങ്ങ് അമാന്തിച്ചു നിൽക്കുന്നത്? ഉണ്ടായതെല്ലാം മറച്ചു വെക്കൂ. വേഗം മദീനയിലേക്ക് പുറപ്പെടൂ.

ആ രാത്രി തന്നെ അവർ യാത്രക്കു വേണ്ട ഒരുക്കങ്ങൾ നടത്തി.

വിശ്വസ്ഥരായ ഇരുപത് അനുയായികളേയും മന്തിയേയും കൂട്ടി സുൽത്താൻ നൂറുദ്ദീൻ സങ്കി പ്രഭാതത്തിനു മുമ്പേ പുറപ്പെട്ടു. കൂടെ ഒരുപാട് സമ്പത്തും കരുതി. പിന്നെയുള്ളതെല്ലാം അല്ലാഹുവിൽ തവക്കുലാക്കി.

ജന സഞ്ചാരമുള്ള പാതകൾ ഒഴിവാക്കി കാടുകളും മലകളും നിറഞ്ഞ വഴിയാണ് തെരെഞ്ഞെടുത്തത്. പ്രയാസങ്ങളും പ്രതിസന്ധികളും തരണം ചെയ്തു അവർ യാത്ര ചെയ്തു. അത്യാ

വശ്യമെന്ന് തോന്നുന്ന സമയങ്ങളിൽ മാത്രം വിശ്രമിക്കാനിറങ്ങി. പിന്നെ രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാത്ത യാത്ര. ലോകത്തേറ്റവും ഉൽകൃഷ്ടമായ ഭൂമിയിലേക്കുള്ള യാത്ര. ആ സംഘത്തെ ആരോ കാത്തിരിക്കുന്നുണ്ട്. ഒരു മഹോന്നത കർമ്മം അവർക്കു നിർവ്വഹിക്കാനുണ്ട്. സർവ്വ ശക്തനായ അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചു കൊണ്ടുള്ള യാത്ര. ആ സംഘം വളരെ ചെറുതാണ് പക്ഷെ മലയോര മേഖലകളിലുള്ള കൊള്ളക്കാരുടെ അക്രമം അവർക്കു നേരിടേണ്ടി വന്നില്ല.

യാത്രയാരംഭിച്ച് 16-ാം ദിവസം അവർ ത്വൈബയിലെത്തി. വിശ്രമമില്ലാത്ത ദീർഘ യാത്ര അവരെ തളർത്തിയിരുന്നു. പെട്ടന്ന് ലക്ഷ്യത്തിലെത്താനുള്ള വ്യഗ്രതയിൽ  അവർ പലപ്പോഴും ഭക്ഷണവും വിശ്രമവും മറന്നിരുന്നു.  മദീനക്കു പുറത്ത് വെച്ച് അവർ കുളിച്ചു വൃത്തിയായി. നല്ല വസ്ത്രം ധരിച്ചു. നന്നായി സുഗന്ധം പൂശി. ഇനി എല്ലാം മറന്ന് സുഖമായൊന്നുറങ്ങണം എന്നാൽ ക്ഷീണം മാറും. പക്ഷെ, ഇപ്പോൾ വിശ്രമത്തിന്റെ സമയമല്ല. തിരുനബിയുടെ റൗളയിലെത്തണം. സലാം ചൊല്ലണം. ആ സവിധത്തിൽ ചെന്നുനിന്ന് മനസിന് ഉല്ലാസം നൽകണം. അതിനെല്ലാം പുറമെ പ്രവാചകൻ ഏൽപ്പിച്ച ദൗത്യം നിർവ്വഹിക്കണം.

അവർ റൗള ലക്ഷ്യമാക്കി നടന്നു. അവരുടെ ഹൃദയാന്തരങ്ങളെ ലോലമാക്കിയ അവരുടെ നിശകളെ സജീവമാക്കിയ അവരുടെ മാനസകൊട്ടാരത്തിൽ നൂറായിരം ദീപങ്ങളുടെ ഉജ്വല പ്രഭയിൽ ജ്വലിച്ചു നിൽക്കുന്ന ത്വൈബയുടെ സുൽത്താനെ കാണാൻ അവർക്കു വെമ്പലായി.

ഓരോ അടി മുന്നോട്ട് വെക്കുമ്പോഴും അവരുടെ ഹൃദയമിടിപ്പ് കൂടി വന്നു. ആ തിരു സവിധത്തിൽ അവർ ഭവ്യതയോടെ ചെന്നു നിന്നു. പ്രവാചകരോട് സലാം പറഞ്ഞു. ഹർഷ പുളകിതരായി. സ്വർഗ്ഗീയ പരിമളം തങ്ങിനിൽക്കുന്ന ആ സ്വർഗ്ഗീയ പൂന്തോട്ടത്തിൽ അവർ ഏറെ നേരം ചെലവഴിച്ചു.

സ്വർഗ്ഗീയാരാമമാണെന്ന് തിരു നബി വിശേഷിപ്പിച്ച ആ സ്ഥലത്തു വെച്ച് അവർ നിസ്കരിച്ചു പ്രാർത്ഥിച്ചു.

ഇനി എന്താണു ചെയ്യേണ്ടത്? അമാന്തിച്ചു നിൽക്കാൻ സമയമില്ല. എന്താണ് ചെയ്യേണ്ടതെന്ന് നിശ്ചയവുമില്ല. സുൽത്താൻ

തന്റെ മന്ത്രിയുമായി ആലോചിച്ചു. വന്ന ലക്ഷ്യത്തിന് വേണ്ടി ഒരടി പോലും മുന്നോട്ടു വെച്ചിട്ടില്ലെന്ന യാഥാർത്ഥ്യം അറിയിച്ചു.

പരമ രഹസ്യമാക്കി വെച്ചിട്ടും സുൽത്താന്റെയും മന്ത്രിയുടേയും ആഗമന വിവരം എല്ലാവരും മണത്തറിഞ്ഞു. മന്ത്രി ഈ അവസരം ഉപയോഗപ്പെടുത്തി. ധാരാളം സമ്പത്തുമായിട്ടാണ് സുൽത്താൻ വന്നിരിക്കുന്നതെന്നും അതു ജനങ്ങൾക്കിടയിൽ വിതരണം ചെയ്യാൻ പോകുകയാണെന്ന് അദ്ദേഹം ജനങ്ങളെ അറിയിച്ചു.

നിമിഷങ്ങൾക്കുള്ളിൽ തന്നെ വാർത്ത മദീന മുഴുവൻ പരന്നു. അരിയെറിഞ്ഞാൽ ആയിരം കാക്ക എന്ന പോലെ പള്ളി മുഴുവൻ ആളുകളെ കൊണ്ട് നിറഞ്ഞു. സുൽത്താൻ ഒരു മുറിയിൽ ഇരുന്നു.

ഓരോരുത്തരായി വന്ന് പാരിതോഷികം കൈപറ്റി മടങ്ങിപോയിക്കൊണ്ടിരുന്നു.

സുൽത്താൻ അവരുടെ മുഖം സസൂക്ഷമം നിരീക്ഷിച്ചുകൊണ്ടിരുന്നു.

കിനാവിൽ കണ്ട രണ്ട് വ്യക്തികളുമായി ആർക്കെങ്കിലും സാദൃശ്യമുണ്ടോ എന്നദ്ദേഹം പരിശോധിക്കുകയായിരുന്നു.

അതിനാണീ പണ വിതരണം. പൊതു ഖജനാവിന്റെ സ്വത്തിൽ നിന്ന് അൽപ്പം പോലും സ്വന്തം ജീവിതത്തിന് വേണ്ടി ഉപയോഗിച്ചിരുന്നില്ല. മദീന ദേശത്തുള്ളവരെല്ലാം അവിടെ വന്ന് പാരിതോഷികം കൈപറ്റി തിരിച്ചു പോയി. പക്ഷെ ആർക്കും സ്വപ്നത്തിൽ കണ്ട വ്യക്തികളുമായി ഒരു സാദൃശ്യവും തോന്നിയില്ല.

ഇനി എന്തു ചെയ്യും?

ഇനി പാരിതോഷികം വാങ്ങാൻ വല്ലവരും ബാക്കിയുണ്ടോ? സുൽത്താൻ മദീനക്കാരോട് ചോദിച്ചു.

ഇനി ആരുമില്ല അവർ പ്രിതിവചിച്ചു. ഏതാനും പേർകൂടി വരാനുണ്ടെന്ന് എനിക്കു തോന്നുന്നു. നിങ്ങൾ ഒന്നന്വേഷിച്ചു നോക്കൂ.

ജനങ്ങൾ പരസ്പരം ചർച്ച ചെയ്തു. അവസാനം പറഞ്ഞു: സുൽത്താൻ ഇനി മദീനക്കാരായി ആരും ഇവിടെയില്ല. എല്ലാവരും

ഇവിടെ വന്ന് പണം കൈപറ്റിയിട്ടുണ്ട്. പിന്നെ രണ്ട് വിദേശിക ളുണ്ട്. സഹരിതർ ദിവസവും ധാരാളം സ്വദഖ നൽകും. ആരാധന കളിൽ അമാന്തം കാണിക്കാത്ത സൽവൃത്തരാണവർ.

ഇതു കേട്ട് സുൽത്താന് അൽപം ആശ്വാസം തോന്നി. ഇത് അവരായിരിക്കണം. സുൽത്താൻ അവരെ വിളിപ്പിച്ചു.

അവർ രണ്ടു പേരും വന്നു.

സുൽത്താൻ അവരെകണ്ടു. അമ്പരന്നു പോയി.

ദിവസങ്ങൾക്കു മുമ്പ് തിരു നബി(സ) ചൂണ്ടിക്കാണിച്ച അതേ വ്യക്തികൾ. അതേ നിറം, അതേ രൂപം ഒരു മാറ്റവുമില്ല.

അമ്പരപ്പ് മുഖത്തു പ്രകടമാക്കാതെ സുൽത്താൻ ചോദിച്ചു.

നിങ്ങൾ എവിടുത്തു കാരാണ്?

പടിഞ്ഞാറു നിന്നാണ് ഹജ്ജിനു വന്നതാണ്. ഈ വർഷം റൗളയിൽ ചിലവഴിക്കാൻ തീരുമാനിച്ചു.

യാതൊരു ഭയാശങ്കയുമില്ലാതെ അവർ മറുപടി നൽകി.

സുൽത്താൻ നൂറുദ്ദീൻ സങ്കിയുടെ മുഖത്ത് സന്തോഷ ത്തിന്റെ ഒരു വെട്ടം തെളിഞ്ഞു.

റൗളയിൽ എവിടെയാണ് താമസം? സുൽത്താൻ ചോദിച്ചു.

അവർ സ്ഥലം പറഞ്ഞു കൊടുത്തു.

എനിക്കു നിങ്ങളുടെ മുറിയൊന്നു കാണിച്ചു തരണം. സുൽത്താൻ ആവശ്യപ്പെട്ടു.

അതു കേട്ട് അവർ പരസ്പരം നോക്കി. വല്ല സംശയവും പിടികൂടിയോ ആവോ?

ഭയാശങ്കകൾ പ്രകടമാക്കാതെ അവരിരുവരും മുന്നിൽ നട ന്നു. പിന്നിലായി സുൽത്താനും മന്ത്രിയും സംഘങ്ങളും.

സംശയിക്കത്ത വിധം ഒന്നും അവരിൽനിന്ന് വെളിപ്പെടരു തല്ലോ. അവർ മുറി തുറന്നു കൊടുത്തു. അവരുടെ സ്വഭാവത്തിൽ ഒരു അപാകതയും അവർക്കു കാണാൻ കഴിഞ്ഞില്ല.

ആ മുറി സുൽത്താൻ നന്നായി പരിശോധിച്ചു.

ഒരുപാട് സമ്പത്തും അനേകം മുദ്രകളും സീലടിച്ച ഭാണ്ഡ ങ്ങളും കാണാൻ കഴിഞ്ഞു.

സുൽത്താന്റെ ഇത്തരം ചെയ്തികൾ മദീന വാസികളിൽ

സംശയമുണർത്തിയിരുന്നു. സാധാരണ രാജാക്കന്മാർ മദീനയിൽ വരാറുണ്ട്. പലപ്പോഴും പാരിതോഷികം വിതരണം ചെയ്യാറുമുണ്ട് അത് വിതരണം ചെയ്യാൻ പരിചാരകന്മാരെ ഏൽപ്പിച്ച് അവർ അവരുടെ രാജ്യങ്ങളിലേക്ക് പോവാറാണ് പതിവ്.

എന്നാൽ സുൽത്താൻ നൂറുദ്ദീനെന്തു പറ്റി?

നൂറുദ്ധീന്റെ ഇത്തരം നീക്കങ്ങളിൽ അപകടം മണത്ത് ആ മുറിക്ക് പുറത്ത് അവർ തടിച്ചു കൂടി. മുറിക്കുള്ളിൽ അസ്വാഭാവിക മായി ഒന്നുമില്ലെന്ന് മനസിലായപ്പോൾ അവിടെ തടിച്ചുകൂടിയവർ സന്തോഷത്തോടെ പറഞ്ഞു.

നിത്യവും നോമ്പ് പിടിക്കുന്നവരും റൗളയിൽ ജമാഅത്തിന് സംബന്ധിക്കുന്നവരുമാണവർ. ദിവസവും പ്രഭാതത്തിലും പ്രദോ ശത്തിലും അവർ റൗളാ ശരീഫും ജന്നതുൽ ബകീഉം സന്ദർശിക്കാ റുണ്ട്. എല്ലാ ശനിയാഴ്ചയും അവർ ഖുബാഅ് സന്ദർശിക്കാറുണ്ട്. ഒരു യാചകരേയും അവർ വെറും കയ്യോടെ മടക്കി അയക്കാറില്ല. ജനങ്ങൾ അവരുടെ മാഹാത്മ്യം പറഞ്ഞു കൊണ്ടേയിരുന്നു.

നൂറുദ്ദീൻ അവരുടെ സംസാരത്തിനൊന്നും ചെവി കൊടു ത്തില്ല. താൻ കണ്ട സ്വപ്നം യാഥാർത്ഥ്യമാണെന്ന് അദ്ദേഹത്തിന് ഉറച്ച വിശ്വാസമുണ്ടായിരുന്നു.

മന്ത്രിയുടെ നിർദ്ദേശമനുസരിച്ച് മുറി ഒന്നു കൂടി പരിശോ ധിക്കാൻ തീരുമാനിച്ചു.

അദ്ദേഹം ആ മുറിയുടെ അകവും പുറവും അരിച്ചു പെറു ക്കി. മുറിക്കകത്തെ സാധനങ്ങളെല്ലാം പുറത്ത് വലിച്ചിട്ടു. മുറിക്ക കത്ത് വിരിച്ച കട്ടിയുള്ള പരവതാനി ഉയർത്തി നോക്കി.

ആ കാഴ്ച കണ്ട് സുൽത്താൻ അത്ഭുത സ്തബ്ദനായി..!!

ജനങ്ങൾ ആരംഗം കണ്ട് അന്തം വിട്ട് നോക്കി നിന്നു..!!

പരവതാനിക്കടിയിൽ വലിയൊരു തുരങ്കം. അത് ചെന്നെ ത്തുന്നത് തിരുഹബീബിന്റെ റൗളയുടെ ചാരത്തേക്ക്. ആ തുരങ്ക ത്തിലൂടെ ഹബീബിന്റെ തിരുശരീരം എടുത്ത് ഇല്ലായ്മ ചെയ്യാ നുള്ള കുതന്ത്രം.

അവിടെ കൂടിയവരെല്ലാം ഭയചകിതരായിപ്പോയി.

ആ വിദേശികളുടെ മുഖം വിവർണ്ണമായി. ഭയചകിതരായി അവരുടെ കാലുകൾ വിറക്കാൻ തുടങ്ങി.

നൂറുദ്ദീന്റെ അംഗ രക്ഷകർ അവരെ കയ്യാമമിട്ട് ബന്ധിച്ചു.

സുൽത്താൻ അവരെ പ്രഹരിച്ചു. കുരിശ് സേനക്കെതിരെ പടപവാൾ പിടിച്ച് തഴമ്പിച്ച. ആ ഉരുക്ക് കരങ്ങൾ ചാട്ടവാർ പോലെ അവരുടെ മേൽ പതിച്ചു കൊണ്ടിരുന്നു.

ഇനി ഒളിച്ചു വെക്കാൻ ഒന്നുമില്ല. തങ്ങളെ വിശ്വസിച്ചിരുന്ന ജനങ്ങളെല്ലാം ഇപ്പോൾ നമുക്കെതിരാണ്. അംഗ രക്ഷകരുടെ കൈകളിലായതു കൊണ്ടാണ് ഇപ്പോൾ അവർക്ക് ശ്വാസം വലി ക്കാൻ കഴിയുന്നത്. ജനങ്ങളുടെ കയ്യിൽ കിട്ടിയാൽ അവർ അവരെ അടിച്ചു കൊന്നേനെ.

സിംഹത്തിനു മുമ്പിൽ പെട്ട മാൻ കുഞ്ഞുങ്ങളെപ്പോലെ ഇപ്പോൾ അവർ നിന്നു വിറക്കുകയാണ്.

ചോദിക്കുന്നതിനെല്ലാം അവർ കൃത്യമായ മറുപടി നൽകി.

പാശ്ചാത്യ നാടുകളിൽ നിന്നുള്ള ഹജ്ജ് സംഘത്തിൽ നുഴഞ്ഞു കയറിയ ജൂത ഏജന്റുമാരാണവർ. വമ്പിച്ച സമ്പത്ത് ജൂത പുരോഹിത ലോബി അവർക്ക് വാഗ്ദാനം ചെയ്തിട്ടുണ്ട്.

തിരുനബി(സ)യുടെ ഭൗതിക ശരീരം യൂറോപ്പിലേക്കു കട ത്തിക്കൊണ്ട് പോവാനാണ് അവരുടെ പദ്ധതി. അതിനുള്ള സർവ്വ സജ്ജീകരണങ്ങളും അവർക്ക് പുരോഹിതർ ചെയ്തു കൊടുത്തി ട്ടുമുണ്ട്. യൂറോപ്യൻ ഭാഷകളിലേക്ക് തർജ്ജമ ചെയ്യപ്പെട്ട ഗ്രന്ഥങ്ങ ളിൽ നിന്ന് മുസ്‌ലിം ജീവിത ശൈലി പഠിക്കുകയും ഹജ്ജാജിമാ രോടൊത്ത് ഇട കലർന്ന് മുസ്‌ലിം മതാനുഷ്ഠാനങ്ങൾ ശീലിക്കു കയും ചെയ്തു. നൂറുദ്ദീൻ ഇരുവരെയും ഇരുത്തി ചോദ്യം ചെയ്തു. സുൽത്താന്റെയും മന്ത്രി ജമാലുദ്ദീന്റെയും ചോദ്യങ്ങൾക്കു മുമ്പിൽ തത്ത പറയും പോലെ അവർക്ക് മറുപടി പറയേണ്ടി വന്നു. കഴിഞ്ഞ ദിവസങ്ങളിൽ അവർ ചെയ്ത പ്രവർത്തനങ്ങളെക്കുറിച്ച് ചോദിച്ചു. മദീനയിൽ വന്നയുടനെ ആദ്യം അവർ ചെയ്തത് യൂറോപ്പിൽ നിന്ന് കൊണ്ടുവന്ന സമ്പത്ത് നാട്ടുകാർക്കിടയിൽ വിതരണം ചെയ്യലായി രുന്നു. പിന്നെ റൗളാ ശരീഫിനു തൊട്ടടുത്ത് തന്നെ താമസിക്കാൻ തമ്പു കെട്ടി, പകലന്തിയോളം മസ്ജിദുന്നബവിയിൽ ഇബാദത്തു കൾ ചെയ്തു കഴിഞ്ഞു കൂടുകയും രാത്രിയായാൽ തമ്പിനകത്ത് കയറുകയും ചെയ്യും.

തമ്പിനകത്ത് നിന്നും ഖബ്ർ ശരീഫിലേക്ക് എത്തുന്ന തരത്തിൽ മണ്ണു തുരന്ന് തുരങ്കമുണ്ടാക്കി.

ഇരുവരുടേയും കയ്യിൽ പാശ്ചാത്യ രീതിയിലുള്ള വലിയ ഭാഗും തുരക്കാനുള്ള ആയുധങ്ങളുമുണ്ട്. മണ്ണ് ആ ബാഗിൽ നിറക്കുകയും പകൽ ജന്നതുൽ ബഖീഇലേക്ക് സിയാറത്ത് പോകുമ്പോൾ മണ്ണ് ഖബ്റുകൾക്കിടയിൽ വിതറി ബാഗുമായി തിരിച്ചു വരും. അൽപ്പാൽപം മണ്ണെടുത്ത് അവർ തുരങ്കത്തിൽ നിന്ന് റൗളയിലേക്കുള്ള ദൂരം കുറച്ചു കൊണ്ടിരുന്നു.

ദിവസങ്ങൾ മുന്നോട്ടു പോയിക്കൊണ്ടിരുന്നു.

സംശയത്തിന് ഒരു വകയും നൽകാത്ത തരത്തിൽ സൂക്ഷമതയോടെയും കണ്ടുപിടിക്കപ്പെടാനുള്ള പഴുതുകളെല്ലാം അടച്ചാണ് അവർ ഓരോ പ്രവർത്തനങ്ങളും മുന്നോട്ട് നയിച്ചത്. അതുകൊണ്ട് തന്നെ ഈ പ്രവർത്തനങ്ങൾക്ക് ഭംഗം വരത്തക്ക വിധത്തിൽ ഒന്നും സംഭവിച്ചില്ല.

തങ്ങളുടെ പക്കൽ നിന്നുണ്ടാകുന്ന നേരിയ അപാകത പോലും തങ്ങളുടെ നില നിൽപിന് ഭീഷണിയാവുമെന്ന് അവർക്ക് നല്ല ബോധ്യമുണ്ടായിരുന്നു.

അന്നു രാത്രിയും അവർ ഇശാ നിസ്കരിച്ച ശേഷം തമ്പിലേക്കു തിരിച്ചു വന്നു. വാതിലുകൾ ഭദ്രമായി നീക്കി. പരവതാനി നീക്കി തുരങ്കത്തിലിറങ്ങി. ഇന്ന് ഒരു പക്ഷെ തിരുശരീരത്തിലേക്ക് എത്താൻ കഴിഞ്ഞേക്കും.

തങ്ങളുടെ ലക്ഷ്യ സാധൂകരണത്തിന്റെ അകലം കുറഞ്ഞുവെന്ന വസ്തുത അവരെ കൂടുതൽ ഉന്മേഷഭരിതരാക്കി. ഒപ്പം തങ്ങളെ കാത്തിരിക്കുന്ന അംഗീകാരവും അളവറ്റ സമ്പത്തും. നീച പ്രവർത്തനങ്ങൾക്ക് എന്നും സഹായവും സഹകരണവും ആവോളം ചെയ്ത് പോരുന്ന പിശാചിന്റെ നിർലോഭമായ പ്രേരണയും അവർക്ക് ഊർജ്ജം നൽകി.

തങ്ങളുടെ ജനനത്തിന് പോലും കാരണക്കാരനായ റബ്ബിന്റെ തിരുദാസന്റെ ഭൗതിക ദേഹത്തോടാണ് അതിക്രമം കാട്ടുന്നതെന്ന തിരിച്ചറിവ് പ്രവാചകൻമാരെ വധിച്ച പിശാചുക്കൾക്കുണ്ടാകുമോ? സമ്പത്തും സ്ഥാനമോഹങ്ങളും സത്യത്തോടുള്ള അടങ്ങാത്ത വിദ്വേഷവും അവരെ അത്രമാത്രം അന്ധന്മാരാ

ക്കിയിരുന്നു. ആവേശത്തോടെ അവർ കുഴിച്ചു. സ്വർഗ്ഗീയ സ്ഥലമെന്ന് നബിതങ്ങൾ വിശേഷിപ്പിച്ച പുണ്യ ശരീരം കൊണ്ടനുഗ്രഹീതമായ സ്ഥലത്ത് അവരുടെ ആയുധങ്ങൾ ആഞ്ഞു തറച്ചു. അവിടുത്തെ പരിശുദ്ധമാക്കപ്പെട്ട മണ്ണ് അടർന്നു വീണു കൊണ്ടിരുന്നു.

അവസാനം തിരു ഹബീബിന്റെ മഖ്ബറയുടെ അരികിൽ പാകിയ ശിലാ ഫലകങ്ങൾ കണ്ടു. ഇനി ആ കല്ലുകൾ നീക്കിയാൽ മതി. എന്നാൽ തങ്ങളുടെ ലക്ഷ്യപൂർത്തീകരണമായി.

ആ മനുഷ്യ പിശാചുക്കൾ ആർത്തു ചിരിച്ചു.

കഠിന പ്രയത്നം കാരണം അവർ നന്നായി ക്ഷീണിച്ചിരുന്നു. പക്ഷെ ശിലാഫലകങ്ങൾ വെളിവായതോടെ അവർ പൂർവ്വാധികം കരുത്താർജ്ജിച്ചു. അവരുടെ കരാള ഹസ്തങ്ങൾ ആ കല്ലുകളെ സ്പർശിക്കാൻ വെമ്പൽ കൊണ്ടു.

ഭ്രാന്തമായ ആവേശത്തോടെ അവരുടെ കരങ്ങൾ നീണ്ടു.

അത്ഭുതം!!

പെട്ടന്നതാ ഒരു ഭയങ്കര ശബ്ദം.! അതിൽ ആ മണൽ തിട്ടയാകെ പ്രകമ്പനം കൊണ്ടു. തുരങ്കം ശക്തമായി കുലുങ്ങി.

ഇതവരിൽ ഭീതിയുടെ നാമ്പുകൾ ഉണ്ടാക്കി. ഭയന്ന് വിറച്ചവർ പിന്നോട്ടാഞ്ഞു.

ഇന്ന് ഇനി ഈ സാഹസം നടക്കില്ല. നാളെയാവാം അവർ തമ്പിലേക്കു കയറി. വിരി നേരെയാക്കി.

അന്ന് പ്രഭാതത്തിലാണ് സുൽത്താനും സംഘവും മദീനയിലെത്തിയത്. പാരിതോഷികം നൽകിയതും അവർ പിടിക്കപ്പെടുന്നതും അങ്ങനെയാണ്.

സുൽത്താൻ തമ്പിനകത്ത് നിന്നും ബാഗുകളും തുരങ്കമുണ്ടാക്കാൻ ഉപയോഗിച്ച ആയുധങ്ങളും കണ്ടെടുത്തു.

ജൂതരുടെ കുതന്ത്രങ്ങളെ ഇത്ര സമർത്ഥമായി തകർക്കാൻ കഴിഞ്ഞതിൽ നൂറുദ്ദീന് സന്തോഷം തോന്നി. റബ്ബിന് നന്ദിപറഞ്ഞു. ഈ സംഭവത്തിന് താൻ നിമിത്തമായതിൽ തന്നെ നബി(സ) തങ്ങൾ തിരഞ്ഞെടുത്തതോർത്ത് സന്തോഷാധിക്യത്താൽ അദ്ദേഹം കരഞ്ഞുപോയി. കൃതജ്ഞതയുടെ സന്തോഷത്തിന്റെ അശ്രുകണങ്ങൾ ആ നീണ്ട താടി രോമങ്ങളെ ഈറനണിയിച്ചു.

ഈ ക്രൂര കൃത്യത്തിന് തന്റേടം കാണിച്ച ആ തെമ്മാടി

കളെ അദ്ദേഹം വെറുതെ വിട്ടില്ല. അവരെ വധ ശിക്ഷക്ക് വിധിച്ചു. ജന്നതുൽ ബഖീഇന്റെ ചാരത്തു വെച്ച് ഇരുവരുടേയും ശിരസ്സ് ഛേദിക്കപ്പെട്ടു. (കിതാബു അഹ്ലാമിൽ അമ്പിയാ വസ്സാലി ഹീൽ-16, വഫാഉൽ വപാഅ് 2/652, അശ്വാഖുൻ വ ഹനീൻ ഇലാ മദീനതി റസൂലില്ലാഹി(സ)-237)

നബി(സ) ജീവിച്ചിരുന്നപ്പോൾ തന്നെ തങ്ങളെ അപായപ്പെ ടുത്താൻ അബൂലഹബിനേയും അബൂ ജഹ്ലിനേയും പോലുള്ള ഖുറൈശികളും കഅ്ബ്ബ്നു ആകിഫിനെ പോലുള്ള ജൂതൻമാരും കിണഞ്ഞു ശ്രമിച്ചിരുന്നു.

എല്ലാ കുതന്ത്രങ്ങളിൽ നിന്നും തിരു നബി(സ) അസാധാര ണമായി രക്ഷപ്പെട്ടു. തിരു നബി(സ)ക്ക് അംഗ രക്ഷകരോ പാറാവു കാരോ സംരക്ഷണം നൽകിയതു കൊണ്ടായിരുന്നില്ല. എന്നു മാത്ര മല്ല സൂറതുൽ മാഇദയിലെ 62-ാം സൂക്തം ഇറങ്ങിയതിനു ശേഷം നബി(സ)ക്ക് ആരെങ്കിലും കാവൽ നിന്നതായി ചരിത്രത്തിലെവി ടേയും കാണാൻ കഴിഞ്ഞിട്ടുമില്ല.

നബി(സ)യുടെ സംരക്ഷണം പൂർണ്ണമായും അല്ലാഹു തന്നെയാണ് ഏറ്റെടുത്തിരിക്കുന്നത്. അല്ലാഹു പറയുന്നു:

“ജനങ്ങളിൽ നിന്ന് അങ്ങയെ നാം സംരക്ഷിച്ചിരിക്കുന്നു” (അൽമാഇദ:67)

സുൽത്താൻ നൂറുദ്ദീൻ സങ്കി അല്ല യഥാർത്ഥത്തിൽ രക്ഷക നായത്. തന്റെ നയങ്ങൾ നടപ്പിലാക്കുന്നതിന് അല്ലാഹു തിരഞ്ഞെ ടുത്ത മാധ്യമം മാത്രമാണദ്ദേഹം. കാരണം അല്ലാഹു ‘മുസബ്ബി ബുൽ അസ്ബാബാണ്’. അഥവാ കാര്യങ്ങൾ നടപ്പിലാക്കുന്നതിന് കാരണങ്ങളെ സൃഷ്ടിക്കുന്നവൻ.

സുൽത്താൻ റൗള പരിസരം നന്നായി വീക്ഷിച്ചു. വിവിധ കോണുകളുൽ നിന്ന് വ്യത്യസ്ഥ രീതിയിൽ അളന്നു നോക്കി.

റൗളക്കു ചുറ്റും കനത്ത സംരക്ഷണ ഭിത്തി പണിയാനുള്ള ശ്രമത്തിലാണദ്ദേഹം.

റൗളാ ശരീഫിനു ചുറ്റും അദ്ദേഹം കുഴിച്ചു. അവിടത്തെ മണ്ണ് നീക്കി. നല്ല ഉറപ്പുള്ള കല്ലുകൾ പാകി. റൗളക്കു ചുറ്റുമുള്ള പ്രദേശത്തെ മൂന്നു ഭിത്തികൾ കൊണ്ട് വലയം ചെയ്തു. അതിൽ നിരത്തിയ കല്ലുകൾക്കിടയയിൽ ഇരുമ്പുരുക്കി ഒഴിച്ച് കല്ലുകൾ പര

സ്പരം വിളക്കിച്ചേർത്തു. ഭിത്തികൾക്കിടയിൽ അന്നു ലഭിക്കാവുന്ന തിൽ വെച്ചേറ്റവും ഉറപ്പുള്ള ഇരുമ്പു കൊണ്ടു നിറച്ചു. അവയും ഇരു മ്പുരുക്കി ഒഴിച്ച് ശക്തിപ്പെടുത്തി. ഇനിയൊരു ബാഹ്യ ശക്തി കൾക്കും തിരു ദേഹത്തിനടുത്തെത്താൻ സാധിക്കാത്ത വിധം റൗളക്ക് ആന്തരിക സംരക്ഷണം ഉറപ്പാക്കി.(വഫാഉൽ വഫാഅ് 2/60)

സുൽത്താൻ മദീനയിലെ ജനങ്ങൾക്ക് പാരിതോഷികം നൽകാൻ വേണ്ടി ഇരുന്ന മുറിക്ക് 'ദാറുള്ളിയാഫ' എന്ന് പേരു വന്നു. ഉമർഖത്താബ് ബാബിന്റെ ഭാഗത്ത് മസ്ജിദുന്നബവിയുടെ തെക്ക വശത്തായിരുന്നു അതിന്റെ സ്ഥാനം. സൗദി രാജ കുടുംബം മസ്ജിദുന്നബവിയുടെ രണ്ടാം പുനർ നിർമ്മാണ വേളയിൽ അതിനെ പള്ളയോടു കൂട്ടിച്ചേർത്തു. (അശ്വാകുൻ വഹനീൻ)

ഇരുമ്പ് ഉരുക്കിയിരുന്ന സ്ഥലം സകീഫതുർറസാസ് എന്ന പേരിൽ അറിയപ്പെട്ടു. ഹിജ്റ വർഷം 1397-ൽ സുഖുൽ ഖമാഷയിൽ തീപിടത്തമുണ്ടായപ്പോൾ അവിടെ യുണ്ടായിരുന്ന സ്മാരക ഫലകം കത്തി നശിച്ചു. (അശ്വാകുൻ വഹനീൻ)

ഇരു ഹറമുകളിലും അവിശ്വാസികളെ ജോലിക്ക് നിർത്തരു തെന്നും ഇത്തരം നീക്കങ്ങൾ ശത്രുക്കളുടെ ഭാഗത്ത് നിന്നും ഇനിയും ഉണ്ടാവുമെന്നും ജാഗ്രത പുലർത്തണമെന്നും ഉപദേശിച്ചു കൊണ്ട് സുൽത്താൻ തന്റെ നാട്ടിലേക്ക് മടങ്ങിപ്പോയി. നാട്ടിൽ ചെന്നയുടനെ ജൂതർക്കെതിരായി അദ്ദേഹം പട നീക്കം നടത്തി. അവരുടെ അടയാളങ്ങളും ചിഹ്നങ്ങളും തകർത്തെറിഞ്ഞു.

ഹ്ജ്റ 500-ലും 587-ലും ഇത്തരത്തിലുള്ള ശ്രമങ്ങൾ നടക്കു കയുണ്ടായി അപ്പോഴൊക്കെയും ഓരോ സുൽത്താൻ നൂറുദ്ദീനുക ൾ ഉദിക്കുകയും അതിനെ തകർക്കുകയും ചെയ്തു. നബി തങ്ങൾക്ക് അല്ലാഹു കൊടുത്ത വാഗ്ദത്തം "ജനങ്ങളിൽ നിന്ന് അങ്ങയെ നാം സംരക്ഷിക്കും" പാലിക്കുകയും ചെയ്തു.

യൂറോപ്പിലെയും അമേരിക്കയിലേയും മുതലാളിത്ത വ്യവ സ്ഥയുടെ അനിവാര്യവും ആസന്നവുമായ പതനം ഇസ്രയേൽ എന്ന രാഷ്ട്രത്തിന്റെ പതനത്തിന് ആക്കം കൂട്ടുക തന്നെ ചെയ്യും. അവിടങ്ങളിൽ നിന്നുള്ള നിർലോഭമായ സഹായ സഹകരണങ്ങൾ

കൊണ്ടാണല്ലോ ഇസ്രയേൽ നില നിന്ന് പോരുന്നത്.

നിലവിലെ സ്ഥിതിഗതികൾ വിലയിരുത്തിയാൽ ഏതാനും വർഷങ്ങൾക്കുള്ളിൽ തന്നെ ഇസ്രയേൽ തകർന്നടിയുക തന്നെ ചെയ്യും അങ്ങനെ അവർ പൂർവ്വികരെ പ്പോലെ ഇതര രാഷ്ടരങ്ങളുടെ ആട്ടും തുപ്പും ഏൽക്കേണ്ടി വരുമെന്ന് മനസിലാക്കാം.

അറേബ്യൻ മേഖലയിലെ ഈയടുത്തായി ആഞ്ഞു വീശിയ മുല്ലപ്പൂ വിപ്ലവത്തിൽ പല സാമ്രാജ്യത്വ, ഏകാധിപത്യ, സ്വേഛാധിപത്യ രാഷ്ട്ര തലവൻമാരും കടപുഴകി വീണു. ആ രാഷ്ട്രങ്ങളിൽ അടുത്ത നടന്ന തെരെഞ്ഞെടുപ്പുകളിൽ യാഥാസ്ഥിക മുസ്ലിം നിലപാടുകളുള്ള ഇസ്ലാമിക കക്ഷികളാണ് വിജയം കൊയ്തത്.

ഇതൊക്കെ മനസിലാക്കി തരുന്നത് പുതിയൊരു ലോകത്തിന്റെ പുനഃ സൃഷ്ടിപ്പിന് വഴിയൊരുങ്ങുമെന്നു തന്നെയാണ്. ഖുതുബുസ്സമാൻ ഹസ്രത്ത് സുൽത്താൻ ശായുടെ കാല ശേഷം ഇമാം മഹ്ദിയാണെന്നുമുള്ള അവിടുത്തെ വെളിപ്പെടുത്തലും ഇതിനോട് ചേർത്തു വായിക്കേണ്ടതുണ്ട്.

ഇമാം മഹ്ദിയുടെ ആഗമനവും തുടർന്ന് വരുന്ന യുദ്ധങ്ങളിൽ ഇസ്രയേലുമായി ഇടയേണ്ടി വരുന്നതുമായ വരാനിരിക്കുന്ന സംഭവങ്ങളെക്കുറിച്ച് ഹദീസുകളിൽ പരാമർശമുണ്ട്.

കമ്യൂണിസത്തിന്റേയും മുതലാളിത്തത്തിന്റേയും തകർച്ചയും അറേബ്യൻ ഏകാധിപതികളുടെ പതനവും മുസ്ലിംകൾക്ക് അനുകൂലമാകുമെന്ന് നമുക്ക് പ്രത്യാശിക്കാം. ഒപ്പം അറേബ്യൻ രാജ്യങ്ങളിലെ സമാധാനത്തിനും സ്വസ്ഥതക്കും വിഘാതം സൃഷ്ടിക്കുന്ന ഇസ്രയേലിന്റെ അന്ത്യം ആസന്നമായിരിക്കുമെന്നും കരുതാം.

## 3

# നരകത്തിൽ നിന്നും രക്ഷ

ഉമൈറുബ്നു സഅ്ദിൽ അൻസാരി എന്ന കുട്ടി തന്റെ ശൈശവം മുതലേ ദാരിദ്ര്യത്തിന്റെ കൈപ്പനുഭവിച്ചാണ് വളർന്ന ത്. സമ്പത്തൊന്നും ബാക്കി വെക്കാതെ പിതാവ് പരലോകം പുൽകിയിരുന്നു. അധികം വൈകാതെ തന്റെ ഉമ്മ ഗൗസ് ഗോത്ര ത്തിലെ ജുലാസുബ്നു സുബൈദ് എന്നയാളെ വിവാഹം കഴിച്ചു. ജുലാസിൽ നിന്നും ലഭിച്ച സ്നേഹം ഉമൈറിന്റെ അനാഥത്വം പോലും മറപ്പിക്കുന്ന തരത്തിലുള്ളതായിരുന്നു. അവർക്കിടയിൽ പിതൃ-പുതൃ സ്നേഹം വളരെ പെട്ടന്ന് രൂഢമൂലമായി. ഉമൈർ(റ) യുവത്വത്തിലെത്തിയപ്പോൾ അദ്ദേഹം കാണിച്ച അപാരമായ ബുദ്ധി വൈഭവവും അദ്ദേഹത്തിന്റെ പ്രവർത്തികളിലെ വിശ്വസ്ഥ തയും സത്യസന്ധതയും ജുലാസിന്റെ സ്നേഹത്തെ ശക്തിപ്പെടു ത്തി.

പത്തുവയസ്സ് പൂർത്തിയായ ഉടനെ ആ കുട്ടിക്ക് ഇസ്ലാം ആശ്ലേഷിക്കാനുള്ള അവസരം ലഭിച്ചു. കളങ്കരഹിതമായ ആ മന സിൽ ഈമാനും ഇസ്ലാമും ദ്രുതഗതിയിൽ തന്നെ വേരോടി. ഇസ്ലാമിലേക്കു വന്നതു മുതൽ പ്രവാചകൻ(സ)യുടെ കൂടെ യുള്ള നമസ്കാരങ്ങൾ ഒഴിവാക്കാതെ ആ കുട്ടി ശ്രദ്ധിച്ചു കൊണ്ടി

രുന്നു. മകന്റെ ഈ ഉത്സാഹത്തിൽ ഉമ്മ അതീവ സന്തുഷ്ടയായിരുന്നു.

ജീവിതം ഇത്തരത്തിൽ സുഖകരമായി മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയായിരുന്നു. അതിനിടയിലാണ് അല്ലാഹു ഉമൈർ(റ)വിന് ഒരു കുടുംബ പരീക്ഷണം നൽകാൻ തീരുമാനിച്ചത്.

ഹിജ്റ ഒമ്പതാം വർഷം പ്രവാചകൻ(സ) തബൂക്ക് യുദ്ധത്തിന് തയ്യാറെടുക്കാനുള്ള ഉത്തരവ് പുറപ്പെടുവിച്ചു.

സാധാരണയായി യുദ്ധങ്ങൾക്കു പോകുന്നത് പ്രവാചകൻ(സ) പരസ്യപ്പെടുത്താറുണ്ടായിരുന്നില്ല. എന്നാൽ തബൂക്കിൽ നേരിടാനുള്ള ശത്രുക്കൾ വളരെ ശക്തരായിരുന്നതിനാൽ മുസ്‌ലിംകൾ ഒരുങ്ങിപ്പുറപ്പെടണമെന്ന് അവിടുന്ന് ആഗ്രഹിച്ചു.

ചൂട് ശക്തമായ കാലമായിരുന്നിട്ടും ആളുകൾ മടിയും ഉൻമേഷമില്ലായ്മയും മാറ്റിവെച്ച് ആ വിളിക്ക് ആത്മാർത്ഥമായി ഉത്തരം ചെയ്തു. എന്നാൽ പ്രവാചകരുടെ തീരുമാനത്തെ ചോദ്യം ചെയ്യാനും അവിടത്തെ കുറ്റം പറയാനും ആളുകൾക്കിടയിൽ അനാവശ്യമായ ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കാനും ഒരു പറ്റം മുനാഫികുകൾ അവിടെയുണ്ടായിരുന്നു.

ഒരു ദിവസം നമസ്കാര ശേഷം വീട്ടിലേക്കു വരികയായിരുന്നു ഉമൈർ. മനസ്സു നിറയെ മുസ്‌ലിംകൾ നടത്തിയ വീര പോരാട്ടങ്ങളുടെ സ്മരണയായിരുന്നു. തങ്ങളുടെ പക്കലുള്ള ആഭരണങ്ങൾ മുഴുവൻ പ്രവാചകർക്ക് സമർപ്പിച്ച് അത് യുദ്ധത്തിനായി ഉപയോഗിക്കാൻ ആവശ്യപ്പെട്ട മുഹാജിറുകളായ സ്ത്രീകളെ അദ്ദേഹം കണ്ടിട്ടുണ്ട്.

ഒരു സഞ്ചി നിറയെ സ്വർണ്ണ നാണയങ്ങൾ സമർപ്പിച്ച ഉസ്മാൻ (റ)വിന്റേയും സ്വർണ്ണ നാണയങ്ങൾ ചുമന്ന് കൊണ്ടുവന്ന് പ്രവാചകർക്ക് ഹദ്‌യ നൽകിയ അബ്ദുർറഹ്മാനുബ്നു ഔഫ്(റ)വിന്റേയും അതുല്യമായ സമർപ്പണ ബോധം അദ്ദേഹം അനുഭവിച്ചറിഞ്ഞിരിക്കുന്നു.

ഇതിനെല്ലാം പുറമെ തന്റെ പുതപ്പ് വിറ്റ് കാശ് യുദ്ധത്തി

നായി നൽകാൻ അങ്ങാടിയിലേക്കിറങ്ങിയ സ്വഹാബിയുടെ ത്യാഗ മനോഭാവം അദ്ദേഹത്തെ അതിശയിപ്പിച്ചിരുന്നു.

തന്റെ പിതാവായ ജുലാസ്(റ)വിൽ നിന്ന് ഇത്തരം നീക്കങ്ങളൊന്നും കാണാത്തതിൽ അദ്ദേഹത്തിന് അതിയായ അൽഭുതം തോന്നി. ജുലാസ്(റ)വിന്റെ ഇസ്‌ലാമിക വീര്യത്തെ ഇളക്കി വിടാനായി സ്വഹാബത്തിന്റെ ഇത്തരം പ്രവർത്തനങ്ങൾ ഓരോന്നായി അദ്ദേഹം പറഞ്ഞു കൊണ്ടേയിരുന്നു. മതിയായ വാഹനങ്ങൾ സ്വന്തമായില്ലാത്തതിനാൽ യുദ്ധത്തിന് അവസരം ലഭിക്കാത്തവരുടെ കണ്ണുകൾ നിറഞ്ഞൊഴുകിയ സംഭവം വരെ അദ്ദേഹം വിവരിച്ചു കൊടുത്തു. എന്നാൽ ഇതെല്ലാം കേട്ടുകഴിഞ്ഞ ജുലാസിൽ നിന്നുണ്ടായ പ്രതികരണം അന്ധാളിപ്പിക്കുന്നതും അതിലേറെ പ്രയാസപ്പെടുത്തുന്നതുമായിരുന്നു. പ്രവാചകരുടെ നുബുവ്വത്തിനെ തന്നെ നിഷേധിക്കുന്ന തരത്തിലായിരുന്നു അദ്ദേഹത്തിന്റെ സംസാരം.

ഇതു കേട്ട ഉമൈർ(റ) പരിഭ്രാന്തനായി. ജുലാസിന്റെ പോലെ ബുദ്ധിയും പ്രാഗൽഭ്യവുമുള്ള ഒരാളിൽ നിന്ന് ഒട്ടും പ്രതീക്ഷിക്കപ്പെടുന്നതായിരുന്നില്ല ഇത്. ഉമൈർ(റ)വിന്റെ മനസ്സിൽ കണക്കു കൂട്ടലുകൾ ഒരുപാട് നടന്നു. ജുലാസിന്റെ ഈ നിലപാടിന് മൗനാംഗീകാരം നൽകിയാൽ അത് പ്രവാചകരോടും അല്ലാഹുവിനോടുമുള്ള വഞ്ചനയും തന്നെ അനാഥത്വത്തിൽ നിന്ന് പിടിച്ച് കയറ്റിയവനോടുള്ള അനാദരവുമായി മാറുമെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. അൽപ്പ നേരത്തെ ഗാഢമായ ചിന്തക്ക് ശേഷം ജുലാസിനെ നോക്കി ഉമൈർ(റ) പറഞ്ഞു: നബി(സ)ക്ക് ശേഷം ഈ ഭൂമുഖത്ത് എനിക്ക് ഏറ്റവും പ്രിയപ്പെട്ടവൻ നിങ്ങൾ തന്നെയാണ്. പക്ഷെ നിങ്ങൾ ഈ പറഞ്ഞത് ഞാൻ പരസ്യപ്പെടുത്തിയാൽ നിങ്ങൾക്കത് അപമാനമാവും സ്വകാര്യമാക്കി വെച്ചാൽ എന്റെ വിശ്വസ്ഥതയോടും മതത്തോടും സ്വശരീരത്തോടും ചെയ്യുന്ന വൻ ചതിയുമായിരിക്കും. അതു കൊണ്ട് ഞാൻ പ്രവാചകരെ കണ്ട് കാര്യങ്ങൾ അറിയിച്ച് താങ്കളുടെ കാര്യത്തിൽ തീരുമാനം എടുക്കാൻ പോവുകയാണ്.

ആ യുവാവ് പ്രവാചക സന്നിധിയിലെത്തി കാര്യങ്ങൾ ബോധിപ്പിച്ചു. ജുലാസിനെ പ്രവാചകൻ(സ) ആളയച്ചു വരുത്തിച്ചു. പ്രവാചകർ(സ) അദ്ദേഹത്തോട് ചോദിച്ചു: ഞാനെന്താണ് താങ്കളെക്കുറിച്ച് കേട്ടത്? അത് സത്യം തന്നെയാണോ?

ഉടനെ ജുലാസ്(റ) പറഞ്ഞു: അവൻ പറഞ്ഞത് കളവാണ് നബിയേ. അത്തരത്തിൽ ഞാൻ ഒന്നും പറഞ്ഞിട്ടില്ല. ഇതുകേട്ട സ്വഹാബികൾ ജുലാസിനേയും ഉമൈറിനേയും മാറി മാറി നോക്കി. ആൾക്കൂട്ടത്തിനിടയിൽ നിന്നും ആരോ പറഞ്ഞു ഇത്രയും കാലം ചെയ്തു കൊടുത്ത ഉപകാരങ്ങൾക്ക് ഇങ്ങനെയാണല്ലോ ആ യുവാവ് പ്രത്യുപകാരം ചെയ്തത്.

എന്നാൽ മറ്റൊരാൾ പറഞ്ഞു. അല്ലാഹുവിനെ വഴിപ്പെട്ട് വളർന്ന ആളായതു കൊണ്ടു തന്നെ ആ യുവാവ് പറയുന്നത് സത്യമാണെന്ന് ആ മുഖത്തു നിന്നു തന്നെ വായിച്ചെടുക്കാം.

പ്രവാചകൻ(സ) ഉമൈർ(റ)വിന്റെ നേർക്ക് തിരിഞ്ഞു. മുഖം ചുവന്ന് തുടുത്തു കണ്ണുനീർ ധാരധാരയായി നെഞ്ചിലേക്ക് ഒഴുകി വീഴുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്.

ഉമൈർ(റ) പല ആവർത്തി ഇപ്രകാരം പറഞ്ഞു കൊണ്ടേയിരുന്നു.

“അല്ലാഹുവേ, എന്റെ വാക്കുകളിലെ സത്യസന്ധത നിന്റെ പ്രാവാചകർക്ക് ബോധ്യപ്പെടുത്തിക്കൊടുക്കേണമേ”

എന്നാൽ ജുലാസ് തന്റെ പ്രസ്താവനയിൽ അടിയുറച്ച് നിന്നു. ഉമൈർ(റ) പറഞ്ഞതൊന്നും സംഭവിച്ചിട്ടില്ല എന്ന് അദ്ദേഹം അല്ലാഹുവിനെ പിടിച്ച് സത്യം ചെയ്തു കൊണ്ടേയിരുന്നു.

ജുലാസ് തന്റെ സത്യം ചെയ്യൽ അവസാനിപ്പിച്ചതും പ്രവാചകരുടെ മേൽ വഹ്യിന്റെ അടയാളങ്ങൾ ദൃശ്യമായി. എല്ലാവരും മൗനം അവലംബിച്ചു നിന്നു. ചുറ്റും നിശബ്ദത മാത്രം. ജുലാസിന്റെ മനസിൽ ഭയം വർധിച്ചു കൊണ്ടിരുന്നു. പ്രവാചകൻ(സ) ആ അവസ്ഥയിൽനിന്ന് പുറത്തു വന്നു.

“അവർ അല്ലാഹുവിനെ പിടിച്ച് ആണയിടുന്നു. തീർച്ച

യായും അവർ പറഞ്ഞത് കുഫ്റിലേക്ക് കൊണ്ടെത്തിക്കുന്ന വാക്കുകളാണ്.”എന്ന് തുടങ്ങുന്ന സൂക്തം ഓതിക്കേൾപ്പിച്ചു. “അവർ തൗബ ചെയ്യുകയാണെങ്കിൽ അവർക്ക് നല്ലത് ഇല്ലെങ്കിൽ അല്ലാഹു അവരെ കഠിനമായി ശിക്ഷിക്കുക തന്നെ ചെയ്യും”. എന്നും ആയത്തിലുണ്ടായിരുന്നു.

ഇതെല്ലാം കേട്ട് ജുലാസ് ആകെ പരിഭ്രാന്തനായി. പ്രവാചകരോട് പറഞ്ഞു: ഞാൻ തൗബ ചെയ്തു കൊള്ളാം ഉമൈർ പറഞ്ഞത് സത്യമാണ്. എന്റെ പശ്ചാതാപം സ്വീകരിക്കാൻ അങ്ങ് അല്ലാഹുവോട് ആവശ്യപ്പെട്ടാലും ഇതു കേട്ട പ്രവാചകൻ(സ) ഉമൈർ(റ)വിനെ നോക്കി. അവിടെ കണ്ടത് ഈമാൻ കൊണ്ട് പ്രകാശിക്കുന്ന ആ വദനത്തെ ആനന്ദാശ്രുക്കൾ നനക്കുന്നതായിരുന്നു.

പ്രവാചകൻ(സ) തന്റെ കൈ നീട്ടി അദ്ദേഹത്തിന്റെ ചെവി പിടിച്ച് ഇപ്രകാരം പറഞ്ഞു: “നിന്റെ ചെവി കേട്ടത് യാഥാർത്ഥ്യം തന്നെ. നീ കേട്ടതിനെ നിന്റെ റബ്ബ് സത്യമാക്കി തെളിയിക്കുകയും ചെയ്തിരിക്കുന്നു.

ജുലാസ്(റ) ഇസ്‌ലാമിലേക്ക് മടങ്ങി. ശേഷം ജീവിതം ഇസ്‌ലാമിലായി മെച്ചപ്പെടുത്തി. ഉമൈർ(റ)വിന് അദ്ദേഹം ചെയ്തു കൊടുത്ത സഹായങ്ങളെല്ലാം സ്വഹാബത്തിന് നന്നായി അറിയാമായിരുന്നു.

പിന്നീട് ഉമൈർ(റ)വിനെക്കുറിച്ച് സ്മരിക്കുമ്പോഴെല്ലാം ജുലാസ്(റ) ഇപ്രകാരം പറയുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന് പ്രതിഫലം നൽകട്ടെ. അദ്ദേഹം എന്നെ കുഫ്റിൽ നിന്നും സർവ്വോപരി നരകത്തിൽ നിന്നും രക്ഷിച്ചിരിക്കുന്നു.

4

# സൽകാരത്തിന് സമ്മാനം

ബുദൈഹ് തന്റെ യജമാനനായ അബ്ദുല്ലാഹിബ്നു ജഅ്ഫറിനെകുറിച്ച് പറയുന്നു: ഒരിക്കൽ ഞാൻ അബ്ദുല്ലാ ഹിബ്നു ജഅ്ഫറിന്റെ കൂടെ യാത്ര പുറപ്പെട്ടു, യാത്രക്കിടെ ഞങ്ങൾ ഒരു കൂരക്കരികിൽ എത്തിപ്പെട്ടു. കൂരക്കടുത്ത് അതിന്റെ ഉടമസ്ഥനായ ബനീ ഉസ്റത്തിൽപ്പെട്ട ഒരു വ്യക്തിയുണ്ടായിരു ന്നു. ഞങ്ങൾ അങ്ങനെ നിൽക്കുന്നതിനിടക്ക് ഒരു അഅ്റാബി യായ മനുഷ്യൻ തന്റെ ഒട്ടകത്തെയും തെളിച്ച് ആ വഴി കടന്ന വന്നു. ഞങ്ങളെ കണ്ട അദ്ദേഹം ഞങ്ങളുടെ സമീപം വന്ന് ചോദി ച്ചു. കൂട്ടരെ, എനിക്ക് ഒരു കത്തി തരിക. ഞങ്ങൾ അദ്ദേഹത്തിന് ഒരു കത്തി നൽകി. കത്തി ലഭിച്ച അദ്ദേഹം താൻ യാത്ര ചെയ്തു വന്ന ഒട്ടകത്തെ അറുത്തു. ശേഷ അദ്ദേഹം പറഞ്ഞു: കഴിച്ചു കൊൾക. ഞങ്ങൾ നന്നായി കഴിക്കുകയും ആ രാത്രി അവിടെ തങ്ങുകയും ചെയ്തു. രണ്ടാം ദിവസം ഞങ്ങൾ ഉണർന്നപ്പോൾ ബനീ ഉസ്റത്തിൽപ്പെട്ട മറ്റൊരു വൃദ്ധൻ ഒരു ഒട്ടകവുമായി ഞങ്ങ ളുടെ സന്നിധിയിൽ വന്നു. അദ്ദേഹം തലേ ദിവസം വന്ന വ്യക്തി യേപ്പോലെ കത്തി ആവശ്യപ്പെട്ടു. അദ്ദേഹത്തിന്റെ ഉദ്ദേശ്യം മന സ്സിലായപ്പോൾ ഞങ്ങൾ അദ്ദേഹത്തോട് പറഞ്ഞു: സഹോദരാ

ഞങ്ങളുടെ പക്കൽ ഞങ്ങൾക്കു കഴിക്കാനുള്ള മാംസം ഉണ്ട്. ഇത് കേട്ട് അത്ഭുതം കുറിയ അദ്ദേഹം ഞങ്ങളോട് ചോദിച്ചു: നിങ്ങൾ എന്റെ സന്നിധിയിൽ വന്ന് പഴയ ഭക്ഷണം കഴിക്കുകയോ, ഇത് കേട്ട ഞങ്ങൾ അദ്ദേഹം തന്റെ ഉദ്യമത്തിൽ നിന്ന് പിന്മാറില്ലെന്ന് മനസ്സിലാക്കി ഒരു കത്തി അദ്ദേഹത്തിന് നൽകി. അദ്ദേഹം ഞങ്ങൾ നൽകിയ കത്തി വാങ്ങി ഒട്ടകത്തെ അറുത്തു പാകപ്പെടുത്തി ഭക്ഷിപ്പിച്ചു.

പിറ്റേ ദിവസം ഞങ്ങൾ ഇരിക്കുന്നിടത്തേക്ക് നമ്മുടെ ആ ആതിഥേയൻ മറ്റൊരു ഒട്ടകവുമായി വന്നു. ഞങ്ങളുടെ സമീപം വന്ന അദ്ദേഹം തലേദിവസത്തെ ചോദ്യം ആവർത്തിച്ചു. അദ്ദേഹം തലേ നാൾ ചെയ്തത് പോലെ ഒട്ടകത്തെ അറുക്കുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ടായിരുന്നു. അത് കൊണ്ട് തന്നെ ഞങ്ങൾ അദ്ദേഹത്തോട് മാംസം ബാക്കിയുണ്ടെന്നും ഇനി മറ്റൊരു മൃഗത്തെ അറുക്കേണ്ട ആവശ്യമില്ല എന്നും പറഞ്ഞു. മാന്യനും തന്റെ കർമ്മം കുറ്റമറ്റതാക്കുന്നതിൽ അതീവ ശ്രദ്ധാലുവായ ആ ആതിഥേയൻ ഞങ്ങളോട് ചോദിച്ചു. എന്റെ സന്നിധിയിൽ വന്ന് നിങ്ങൾ പഴകിപ്പുളിച്ച ഭക്ഷണം കഴിക്കുകയോ ഞാൻ നിങ്ങളെ അധന്മാരായാണ് കണക്കാക്കുന്നത്: നിങ്ങൾ എനിക്ക് കത്തി നൽകുക, ഗത്യന്തരമില്ലാതെ ഞങ്ങൾ കത്തി നൽകി. അദ്ദേഹം താൻ കൊണ്ടു വന്ന ഒട്ടകത്തെ അറുത്തു പാകം ചെയ്ത് ഞങ്ങളെ ഭക്ഷിപ്പിച്ചു ശേഷം ഞങ്ങൾ അവിടെ നിന്നും യാത്ര തിരിക്കാൻ തീരുമാനിച്ചു. ഈ സമയം അബ്ദുല്ലാഹിബ്നു ജഅ്ഫർ എന്റെ പക്കൽ വല്ലതുമുണ്ടോ എന്നാരാഞ്ഞു. ഒരു കെട്ട് വസ്ത്രവും നാനൂറ് ദിനാറും എന്റെയടുക്കൽ ഉണ്ടെന്ന് ഞാൻ മറുപടി നൽകി. ആ വസ്തുക്കൾ ഞങ്ങളെ മൂന്നു ദിവസം മാന്യമായും കെങ്കേമമായും സൽക്കരിച്ച വൃദ്ധന് നൽകാൻ കൽപ്പിച്ചു. ഞാൻ ആ വസ്തുക്കളുമായി അദ്ദേഹത്തിന്റെ കൂരക്കു സമീപം ചെന്നു, ആ സമയത്ത് ആ വൃദ്ധൻ സ്ഥലത്തുണ്ടായിരുന്നില്ല. എനിക്കവിടെ ഒരു അടിമ സ്ത്രീയെ കാണാൻ സാധിച്ചു. ഞാൻ കൊണ്ടു വന്ന വസ്തുക്കൾ ആ സ്ത്രീക്കു മുമ്പിൽ സമർപ്പിച്ച് കൊണ്ട് പറഞ്ഞു. ഇത് ഞങ്ങളുടെ നേതാവ് അബ്ദുല്ലാഹിബ്നു

ജഅ്ഫർ കൊടുത്തയച്ച സമ്മാനമാണ് ഇവ സ്വീകരിക്കുക. തദവ സരം ആ സ്ത്രീ പറഞ്ഞു: ഞങ്ങൾ ഒരിക്കലും ആതിഥ്യ സൽക്കാ രത്തിന് കൂലി വാങ്ങുന്നവരല്ല. അത് ഞങ്ങളുടെ സംസ്കാര ത്തിനും പാരമ്പര്യത്തിനും വിരുദ്ധമാണ്. അത് കൊണ്ട് തന്നെ ഇത് സ്വീകരിക്കാൻ ഞാൻ തയ്യാറല്ല. ഈ വസ്തുക്കൾ നിങ്ങൾ തിരിച്ച് കൊണ്ടു പോവുക. അടിമയായ ആ സ്ത്രീ സമ്മാനങ്ങൾ സ്വീകരിക്കാൻ തയ്യാറല്ലെന്ന് മനസ്സിലാക്കി ഞാൻ അവയെടുത്ത് നേതാവായ അബ്ദുല്ലാഹിബ്നു ജഅ്ഫറിന്റെ സന്നിധിയിൽ ചെന്നു. സംഭവിച്ചത് മുഴുക്കെ ഞാൻ അദ്ദേഹത്തിന് വിവരിച്ച് കേൾപ്പിച്ചു.

സംഭവം മുഴുക്കെ കേട്ട അബ്ദുല്ലാഹിബ്നു ജഅ്ഫർ എന്നോട് പറഞ്ഞു: നീ ഈ വസ്തുക്കൾ അവർക്ക് തന്നെ സമർപ്പിക്കുക. അവ സ്വീകരിക്കാൻ അവൾ തയ്യാറായാൽ നീ മടങ്ങി വരിക. ഇനി അവൾ ഒരു നിലക്കും സ്വീകരിക്കാൻ തയ്യാറാ വുന്നില്ലെങ്കിൽ ഈ സമ്മാനങ്ങൾ അവളുടെ ഉമ്മറപ്പടിയിൽ വെച്ച് നീ തിരിച്ചു വരിക. എങ്ങനെയെങ്കിലും ഈ സമ്മാനങ്ങൾ അവർക്ക് സമർപ്പിക്കാൻ ശ്രമിക്കുക. നേതാവിന്റെ കൽപ്പനമാനിച്ച് ഞാൻ ആ സമ്മാനങ്ങളുമായി വീണ്ടും ആ സ്ത്രീയെ സമീപിക്കു കയും സമ്മാനം സ്വീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. പക്ഷെ അപ്പോഴും അവൾ അത് സ്വീകരിക്കാൻ തയ്യാറായില്ല.

ഞാൻ എങ്ങനെയെങ്കിലും അത് അവൾക്ക് സമർപ്പിക്കാൻ ശ്രമിക്കുകയാണെന്ന് മനസ്സിലാക്കി അവൾ ഇങ്ങനെപറഞ്ഞു: സഹോദരാ ഇത് നീ മടക്കി കൊണ്ടു പോവുക. അല്ലാഹു നിനക്ക് ബറകത്ത് ചെയ്യട്ടെ. ഞങ്ങൾ ആതിഥ്യത്തിന് കൂലിവാങ്ങാത്ത സമൂഹമാണെന്ന് നീ മനസ്സിലാക്കുക. അതിലുപരി, എന്റെ യജമാ നൻ വരുന്ന സമയത്ത് നിന്നെ ഇവിടെ കണ്ടാൽ അദ്ദേഹം നിന്നെ കയ്യേറ്റം ചെയ്യാൻ സാധ്യതയുണ്ട്. അത് കൊണ്ട് നിനക്ക് സുര ക്ഷിതനായി ഇവിടെ നിന്നും തിരിച്ച് പോവണമെങ്കിൽ ഇപ്പോൾ തന്നെ മടങ്ങികൊൾക.

പക്ഷെ സമ്മാനങ്ങൾ മടക്കി കൊണ്ട് പോവാൻ ഒരു നിവൃ

ത്തിയും എനിക്കില്ലായിരുന്നു. എങ്ങനെയെങ്കിലും ആ സമ്മാന ങ്ങൾ അവൾക്ക് സമർപ്പിക്കാനാണ് യജമാനെന്റെ കൽപ്പന. സമ്മാ നങ്ങൾ അവളെകൊണ്ട് സ്വീകരിപ്പിക്കാൻ എന്റെ പരമാവധി ഞാൻ ശ്രമിച്ചു. അവൾ ഒരു നിലക്കും വഴങ്ങാതിരുന്നപ്പോൾ സമ്മാനങ്ങൾ മുഴുക്കെ അവളുടെ ഉമ്മറപ്പടിയിൽ എറിഞ്ഞ് കൊണ്ട് ഞാൻ തിരിഞ്ഞു നടന്ന. യജമാനെന്റെ സന്നിധിയിൽ ചെന്ന് കാര്യങ്ങൾ ബോധിപ്പിച്ചു. ഞങ്ങൾ യാത്ര തുടർന്നു അൽപ്പം യാത്ര ചെയ്തപ്പോൾ മരുഭൂമിയിൽ അങ്ങ് ദൂരെ ഒരാളെ കാണാനിടയായി. വളരെ വിദൂരത്തായത് കൊണ്ട് അത് ആരാ ണെന്ന് ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല. അൽപസമയ ത്തിനു ശേഷം ആ മനുഷ്യൻ ഞങ്ങളുടെ സമീപം എത്തി ച്ചേർന്നു. അടുത്തെത്തിയപ്പോൾ ഞങ്ങൾക്ക് ആളെ മനസ്സിലായി. ഞങ്ങളെ മൂന്നു ദിവസം തുടർച്ചയായി വളരെ ഗംഭീരമായി സൽക്കരിച്ച വ്യക്തിയായിരുന്നു അദ്ദേഹം.

അദ്ദേഹത്തിന്റെ കയ്യിൽ ഞങ്ങൾ അദ്ദേഹത്തിനു സമർപ്പിച്ച സമ്മാനങ്ങളായ ഒരു കെട്ട് വസ്ത്രവും 400 ദിനാറും ഉണ്ടായിരു ന്നു. ഞങ്ങളുടെ സമീപം എത്തിയ അദ്ദേഹം അത് മുഴുക്കെ ഞങ്ങൾക്കുനേരെ എറിഞ്ഞു. ഉടനെ അദ്ദേഹം സ്ഥലം വിടുകയും ചെയ്തു. ഞങ്ങൾ അത്ഭുതപരതന്ത്രരായി.

അദ്ദേഹം തിരിച്ച് പോയ വഴിയിലേക്ക് ഞങ്ങൾ നോക്കി. അദ്ദേഹം തിരിഞ്ഞ് നോക്കുന്നുണ്ടോ എന്ന് ഞങ്ങൾ ശ്രദ്ധിച്ചു. പക്ഷെ അദ്ദേഹം തിരിഞ്ഞ് നോക്കാതെ തന്റെ ലക്ഷ്യത്തിലേക്ക് കുതിച്ചു. സംഭവം മുഴുക്കെ കണ്ട അബ്ദുല്ലാഹിബ്നു ജഅ്ഫർ പറഞ്ഞു: ഔദാര്യത്തിൽ ഈ വ്യക്തിമാത്രമാണ് നമ്മെ അതിജയി ച്ചത്.

5

# മരുഭൂമിയിലെ യുവതി

ഒരിക്കൽ അബ്ദുല്ലാഹിബ്നു ജഅ്ഫർ ഹജ്ജ് നിർനഹിക്കുന്നതിനു വേണ്ടി തന്റെ കൂട്ടുകാരോടൊത്ത് പുറപ്പെട്ടു. യാത്ര കുറേ മുന്നിട്ടപ്പോൾ തന്റെ സഹയാത്രികരിൽ നിന്നും വളരെ വിദൂരത്തായി. അവർ അടുത്തെത്തുന്നത് വരെ വിശ്രമിക്കാം എന്ന് കരുതി ഇബ്നു ജാഫർ ഒരു കൂടാരത്തിനടുത്ത് തന്റെ വാഹനം നിറുത്തി. വാഹനപ്പുറത്ത് നിന്ന് ഇറങ്ങി അദ്ദേഹം മറ്റുള്ളവരെ പ്രതീക്ഷിച്ചിരുന്നു. അതിനിടെ കുരുക്കുകളിൽ നിന്നും ഒരു സ്ത്രീ ഇറങ്ങി വന്നു. തന്റെ വീടിനു മുൻപിൽ വിശ്രമിക്കുന്ന യാത്രക്കാരെനെകണ്ട് വളരെ സന്തോഷത്തോടെ ആ സ്ത്രീ ഇങ്ങനെപറഞ്ഞു: അല്ലാഹു പരിശുദ്ധനായ ചില വ്യക്തികളെ തനിക്ക് അതിഥിയായി നൽകിയിരിക്കുന്നു. ഇബ്നു ജഅ്ഫർ (റ) ആ സ്ത്രീയുടെ വാക്ചാതുര്യം കേട്ട് അമ്പരന്നു. തുടർന്ന് ആ സ്ത്രീ ഇബ്നു ജാഅ്ഫറിനോട് വീട്ടിൽ പ്രവേശിക്കാൻ പറഞ്ഞു. വീട്ടിൽ പ്രവേശിച്ച ഇബ്നു ജഅ് ഫറിന് തൊലികൊണ്ട് നിർമിച്ച ഒരു തലയിണ ഒരുക്കി അതിൽ ഇരിക്കാൻ ആവശ്യപ്പെട്ടു. അദ്ദേഹം ആതിഥേയന്റെ കൽപ്പനയനുസരിച്ച് അതിൽ മേൽ ഇരുന്നു. ഉടനെആസ്ത്രീ തന്റെ കൂരയുടെ മൂലയിൽ പോയി അതിഥിക്ക് ഭക്ഷിക്കാൻ വല്ലതുമുണ്ടോ എന്ന് അന്വേഷിച്ചു. തുടർന്ന് ഒരു ചെറിയ ആട്ടിൻ കുട്ടിയുടെ കുറക് കൊണ്ടു വന്നു. ഇബ്നു ജാഅ്ഫറിന്റെ സഹയാത്രികർ അവിടെയെത്തി. ഇബ്നു ജാഅ്ഫറിന്റെ വാഹനം കൂരക്കു പുറത്ത് കണ്ട അവർ ഇബ്നു

ജഅ്ഫർ കൂരക്കുള്ളിൽ ഉണ്ടോ എന്നന്വേഷിച്ചു. അദ്ദേഹത്തെ കണ്ട അവരും കൂരക്കുള്ളിലേക്ക് പ്രവേശിച്ചു. ബാക്കിയുണ്ടായിരുന്ന മാംസം ഇബ്നു ജാഅ്ഫറിന്റെ സഹയാത്രികർക്ക് നൽകാൻ ആ സ്ത്രീ ധൃതി കാണിച്ചു. ഇബ്നു ജാഅ്ഫറും സഹയാത്രികരും വേണ്ടുവോളം ഭക്ഷണം കഴിച്ചു. തുടർന്ന് ഇബ്നു ജാഅ്ഫറും സഹയാത്രികരും യാത്ര തുടരാൻ തീരുമാനിച്ചു.

യാത്ര ആരംഭിക്കുന്നതിനു മുമ്പ് ഇബ്നു ജാഅ്ഫർ തന്റെ അടിമയെ തന്റെ സമീപം വിളിച്ചു വരുത്തി. ഇബ്നു ജാഅ്ഫറിന്റെ സമ്പത്തെല്ലാം അടിമയായിരുന്നു സൂക്ഷിച്ചിരുന്നത്. തന്റെ സമീപം വന്ന അടിമയോട് ഇബ്നു ജാഅ്ഫർ ചോദിച്ചു: നിന്റെ അടുക്കൽ ഇനി വല്ല കാശു ബാക്കിയുണ്ടോ. എന്റെ അടുക്കൽ ആയിരം ദിനാർ ബാക്കി ഉണ്ടെന്ന് അടിമ പ്രത്യുതത്തരം നൽകി. ഇത് കേട്ട ഇബ്നു ജാഅ്ഫർ അതിൽ നിന്നും അഞ്ഞൂറ് ദിനാർ ആ സ്ത്രീക്ക് നൽകാൻ കൽപ്പിച്ചു. യജമാനന്റെ കൽപ്പനപ്രകാരം ആ അടിമ അഞ്ഞൂറ് ദിനാർ അവരെ സൽക്കരിച്ച സ്ത്രീക്ക് നൽകി.

പക്ഷെ, ആ സ്ത്രീ അത് സ്വീകരിക്കുവാൻ തയ്യാറായില്ല. ഓരോ തവണ നൽകുമ്പോഴും തന്റെ ഭർത്താവ് തന്നെ ആക്ഷേപിക്കുമെന്നും പറഞ്ഞ് സ്ത്രീ ഒഴിഞ്ഞ് മാറി. ഇബ്നു ജഅ്ഫർ പല അടവുകളും പയറ്റി നോക്കി. പക്ഷെ ആ സ്ത്രീ ഒരിക്കലും സ്വീകരിക്കാൻ തയ്യാറായില്ല. ഇബ്നു ജാഅ്ഫർ തുടർച്ചയായി സ്വീകരിക്കാൻ ആവശ്യപ്പെട്ടപ്പോൾ ഗത്യന്തരമില്ലാതെ ആ സ്ത്രീ അത് സ്വീകരിച്ചു. ഇബ്നു ജാഅ്ഫർ അഞ്ഞൂറ് ദിനാർ ആ സ്ത്രീക്കു സമർപ്പിച്ചതിനു ശേഷം യാത്ര തുടർന്നു. യാത്ര അൽപ്പം മുന്നിട്ടപ്പോൾ അവർ ഒരു അഅ്റാബിയെ  കണ്ടു മുട്ടി. അഅ്റാബിയെ കണ്ട ഇബ്നു ജാഅ്ഫർ തന്റെ സഹയാത്രികർക്ക് അഭിമുഖമായി ഇങ്ങനെ പറഞ്ഞു: കൂട്ടരെ അദ്ദേഹം ഒരു യോദ്ധാവാണെന്നു തോന്നുന്നു. നമ്മിൽ നിന്നും ചിലർ അദ്ദേഹത്തെ പിൻതുടർന്നാൽ അദ്ദേഹം എവിടെ പോകുന്നു എന്ന് നമുക്ക് മനസ്സിലാക്കാം. അദ്ദേഹത്തിന്റെ ജോലി എന്താണെന്ന് അറിയുകയും

ചെയ്യാം. നേതാവിന്റെ സംസാരം കേട്ട സഹയാത്രികരിൽ നിന്നും ചിലർ വേശപ്രച്ഛന്നരായി വൃദ്ധനെപിന്തുടർന്നു.

ആ യോദ്ധാവ് തന്റെ ഒട്ടകത്തെയും നയിച്ച് മുന്നോട്ട് നീങ്ങി അവസാനം ആ യോദ്ധാവ് ഇബ്നു ജാഅ്ഫർ വിശ്രമിച്ച കൂരക്ക് മുമ്പിൽ തന്റെ ഒട്ടകത്തെ മുട്ട് കുത്തിച്ചു നിർത്തി. അകലെ നിന്നും വരുന്ന തന്റെ ഭർത്താവിനെകണ്ട സ്ത്രീ ഒരു മുൻകൂർ ജാമ്യം എന്ന നിലക്ക് ഒരു കവിത ആലപിച്ചു. കവിതയിലൂടെ തന്റെ അടുക്കൽ അതിഥി വന്നതു അവരെ സൽക്കരിച്ചതും സൽക്കരിച്ചതിനു പ്രിതിഫലമായി അതിഥികൾ പണം നൽകിയതും പണം നിരസിച്ചപ്പോൾ നിർബന്ധപൂർവ്വം അത് സ്വീകരിച്ചതും വിവരിച്ചു. തുടർന്ന് ഇബ്നു ജാഅ്ഫർ നൽകിയ പണക്കിഴി തന്റെ ഭർത്താവിന് മുൻപിലേക്ക് എറിഞ്ഞ് കൊടുത്തു. സംഭവം അറിഞ്ഞ ഭർത്താവ് ദേഷ്യം കൊണ്ടു വിറച്ചു, അദ്ദേഹം സ്ത്രീക്കുനേരെ തിരിഞ്ഞ് അക്രോശിച്ചു. നീ എന്ത് പോയത്തമാണ് ചെയ്തത്, ആതിഥ്യത്തിന് പ്രതിഫലം പറ്റാൻ നിനക്ക് നാണമില്ലേ, നിനക്ക് അപമാനം വരുന്നതിൽ നാണമില്ലേ. കുപിതനായ ഭർത്താവിന്റെ ആക്രോശം ആ സ്ത്രീക്കു ഭയപ്പാട് ഉളവാക്കി. ധൈര്യം സംഭരിച്ച് കൊണ്ട് ആ സ്ത്രീ വളരെ താഴ്മയോടെ പറഞ്ഞു: അല്ലയോ എന്റെ പ്രിയപ്പെട്ട ഭർത്താവേ ഞാനൊരിക്കലും അത് സ്വീകരിച്ചതല്ല. മറിച്ച്, ഞാൻ അത് നിരസിച്ചപ്പോൾ പലതും പറഞ്ഞ് എന്നെ കൊണ്ട് അവർ സ്വീകരിപ്പിച്ചതാണ്. ഞാൻ ഇതിൽ നിരപരാധിയാണ് . എന്നോട് അങ്ങ് ഒരിക്കലും ദേഷ്യപ്പെടരുത്.

ഇത് കേട്ട ആ യോദ്ധാവ് തന്റെ ഭാര്യയോട് ഇബ്നു ജാഅ്ഫർ പോയ വഴിയേതാണെന്ന് അന്വേഷിച്ചു. ആ സ്ത്രീ തന്റെ ഭർത്താവിന് അവർ പോയ വഴി പറഞ്ഞ് കൊടുത്തു. തദവസരത്തിൽ തന്റെ കുതിരയെ തയ്യാറാക്കാൻ അദ്ദേഹം തന്റെ ഭാര്യയോട് അജ്ഞാപിച്ചു. ഭർത്താവിന്റെ ഈ പുറപ്പാട് പന്തിയല്ലന്ന് മനസ്സിലാക്കിയ യുവതി പറഞ്ഞു അല്ലയോ എന്റെ സ്നേഹിനിധിയായ ഭർത്താവേ! താങ്കൾ എന്തിനാണ് ഒരുങ്ങിപ്പുറപ്പെടുന്നത്!!

ഞാൻ ആ സമൂഹത്തെ പിന്തുടർന്ന് പിടികൂടുമെന്നും ഈ പണം തിരിച്ച് നൽകുമെന്നും അല്ലാത്ത പക്ഷം ഞാൻ അവരുമായി യുദ്ധം ചെയ്യുമെന്നും ഭർത്താവ് മറുപടി നൽകി. മറുപടി കേട്ട് അന്താളിച്ച യുവതി പറഞ്ഞു: നിങ്ങൾ ഒറ്റക്ക് പോരടിച്ചാൽ അവർ നിങ്ങൾക്ക് നാശം വരുത്തുവാൻ സാധ്യതയുണ്ട്. യുവതിയുടെ ഈ വർത്തമാനം കേട്ട് ദേഷ്യം പിടിച്ച ആ യോദ്ധാവ് അവളെ തന്റെ കുന്തം കൊണ്ട് അടിക്കുകയും നീ നമ്മയെ ഭൽസിക്കുന്നവ ളാണെന്ന് ആക്രോശിക്കുകയും ചെയ്തു.

തുടർന്ന് അദ്ദേഹം തന്റെ കുതിരപ്പുറത്ത് കേറി യാത്ര പുറ പ്പെട്ടു. ഇത് കണ്ട ഇബ്നു ജാഅ്ഫർ അയച്ച വ്യക്തി അദ്ദേഹത്തെ പിൻതുടർന്നു. യോദ്ധാവിന്റെ ഈ മുന്നേറ്റം തന്റെ സഹയാത്രി കർക്ക് അപകടം വരുത്തിക്കുമെന്ന് അദ്ദേഹം മനസ്സിലാക്കി (കു തിരപ്പുറത്ത് യാത്ര ചെയ്യുന്ന യോദ്ധാവിനെവിളിച്ച് കൊണ്ട് പറഞ്ഞു: അല്ലയോ യോദ്ധാവേ താങ്കൾ സാവധാനം പോകുക.)

അദ്ദേഹം വൃദ്ധനോട് ചോദിച്ചു: താങ്കൾ ആ സമൂഹത്തെ കണ്ടു മുട്ടിയാൽ എന്താണ് ചെയ്യുക? ഞാൻ അവരോട് വേണ്ട വിധം പെരമാറും യോദ്ധാവ് മറുപടി പറഞ്ഞു. യോദ്ധാവ് താൻ എടുത്ത തീരുമാനത്തിൽ നിന്നും പിന്മാറുന്ന പ്രശ്നമില്ലെന്ന് മന സ്സിലാക്കി ഇബ്നു ജാഅ്ഫറിന്റെ ദൂതൻ പറഞ്ഞു: ഞാൻ അവ രോട് ചെന്ന് താങ്കളുടെ തീരുമാനം പറയാം. ഇത്രയും പറഞ്ഞ തിനു ശേഷം ദൂതൻ അതിശീഘ്രം തന്റെ സഹയാത്രികർക്ക് സ മീപം എത്തിച്ചേർന്നു.

നാം കണ്ട് മുട്ടിയ യോദ്ധാവ് നമുക്ക് ആതിഥ്യമരുളിയ യോദ്ധാവാണെന്നും പ്രതികാരം ചെയ്യാൻ അദ്ദേഹം വരുന്നു ണ്ടെന്നും ദൂതൻ ഇബ്നു ജഅ്ഫറിനെ അറിയിച്ചു. ഇത് കേട്ട് ഇബ്നു ജഅ്ഫർ പറഞ്ഞു: അദ്ദേഹം ശുഭലക്ഷണങ്ങളെ തൊട്ട് വല്ലാതെ സൂക്ഷിക്കുന്നവനാണ്, ഇത്രയും പറഞ്ഞപ്പഴേക്ക് യോദ്ധാവ് അവരുടെ സമീപം എത്തിച്ചേർന്നു. യോദ്ധാവ് സലാം പറഞ്ഞു.

ഇബ്നു ജഅ്ഫർ സലാം മടക്കുകയും അദ്ദേഹത്തിന്റെ

പത്നി തങ്ങളെ നന്നായി ആദരിക്കുകയും അതിൽ സന്തുഷ്ടനാണെന്നും അറിയിച്ചു. ഇതിനു ശേഷം ഇബ്നു ജാഅ്ഫറിന്റെയും യോദ്ധാവിന്റെയും ഇടയിൽ സംഭാഷണം നടന്നു. യോദ്ധാവ് തന്റെ ആഗമനോദ്ദേശ്യം ഇബ്നു ജഅ്ഫറിനോട് അറിയിച്ചു. നൽകിയതൊന്നും തിരിച്ച് വാങ്ങുന്ന രീതി ഞങ്ങൾക്കില്ലെന്ന് ഇബ്നു ജഅ്ഫർ ഉറപ്പിച്ച് പറഞ്ഞു. ഇത് കേട്ട് യോദ്ധാവ് ഒരു ഭാഗത്തേക്ക് മാറി നിന്ന് രണ്ട് റകഅത്ത് നിസ്കരിച്ചു. നമസ്കാരത്തിനു ശേഷം തന്റെ കുതിരപ്പുറത്ത് കയറുകയും തന്റെ അമ്പു വില്ലും ശരിപ്പെടുത്തുകയും ചെയ്തു. യോദ്ധാവ് സാഹസത്തിന് മുതിരുകയാണെന്ന് ബോധ്യപ്പെട്ട ഇബ്നു ജാഅ്ഫർ ചോദിച്ചു ഈ രണ്ട് റകഅത്ത് എന്തിനു വേണ്ടിയാണ് താങ്കൾ നിർവഹിച്ചത്.

നിങ്ങളുമായി യുദ്ധം ചെയ്യുന്ന വിഷയത്തിൽ അല്ലാഹുവിന്റെ താൽപര്യം തേടുകയായിരുന്നു ഞാൻ- യോദ്ധാവ് മറുപടി പറഞ്ഞു.ഇബ്നു ജഅ്ഫർ : താങ്കൾ എന്ത് ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നത്

യോദ്ധാവ് : നിങ്ങൾ നൽകിയ പണം തിരിച്ച് വാങ്ങുക

ഇബ്നു ജഅ്ഫർ : ഞങ്ങൾ അതിനു തയ്യാറാണ്

തുടർന്ന് യോദ്ധാവ് അവർ നൽകിയ പണം അവർക്കു നേരെ എറിഞ്ഞു നൽകി, ശേഷം അദ്ദേഹം തിരിച്ച് പോവാൻ ഒരുങ്ങി. ആ സമയം ഇബ്നു ജഅ്ഫർ ഭക്ഷണമൊന്നും വേണ്ടേ എന്ന് അന്വേഷിച്ചു. വേണ്ട എന്റെ ഗ്രാമം ഇവിടെ അടുത്താണ്.

നിങ്ങൾക്ക് വല്ല ആവശ്യമുണ്ടോ?- യോദ്ധാവ് ചോദിച്ചു.

ഇബ്നു ജഅ്ഫർ: താങ്കൾ ഞങ്ങളോട് ചെയ്ത ഈ പ്രവർത്തനം താങ്കളുടെ പത്നിയെ അറിയിക്കുക.

ഇത് കേട്ട അഅ്റാബിയായ ആ യോദ്ധാവ് ചിരിച്ച് കൊണ്ട് തന്റെ വാഹനപ്പുറത്തേറി യാത്ര പുറപ്പെട്ടു..

ഈ സംഭവങ്ങളെല്ലാം ഇബ്നു ജാഅ്ഫർ യദീസിനോട് പറഞ്ഞു. യസീദ് പറഞ്ഞു: ഇതിനേക്കാൾ അത്ഭുതപ്പെടുത്തുന്ന ഒന്ന് ഞാൻ ഇത് വരെ കേട്ടിട്ടില്ല.

# 6

# മരണത്തിന്റെ വിളി

അബൂഹുറൈറ(റ) റിപ്പോർട്ട് ചെയ്യുന്നു: നബി(സ)തങ്ങൾ പറഞ്ഞു:“സ്വർണ്ണവും വെള്ളിയും അതിന്റെ അവകാശങ്ങൾ വീട്ടാതെ സൂക്ഷിച്ചു വെച്ചാൽ ഖിയാമത്ത് നാളിൽ ആ സമ്പത്ത് തീയായി മാറും. എന്നി ട്ട് നരകത്തിൽ വെച്ച് അതിന്റെ ഉടമയുടെ നെറ്റിയിലും പുറത്തും ശരീര ഭാഗങ്ങളിലും ചൂടുവെക്കും.” മഹ്ശറ യിലെ ഓരോ ദിവസത്തിനും ഭൂമിയിലെ അമ്പതിനാ യിരം വർഷങ്ങളുടെ ദൈർഘ്യമുണ്ടെന്നിരിക്കേ അന്ത്യവിധി പ്രസ്താവിക്കുന്നത് വരെ ഈ ശിക്ഷ തുടർന്നു കൊണ്ടേ യിരിക്കും.

നബി(സ) തങ്ങളുടെ ഈ വാക്ക് കേട്ട ഒരു സ്വഹാബി ചോദിച്ചു: നബിയേ, ഒട്ടകത്തിന് സക്കാത്ത് കൊടുത്തില്ലെങ്കിലോ? നബി(സ) പറഞ്ഞു:“സക്കാത്ത് കൊടുക്കാത്ത ഒട്ടകത്തിൽ നിന്നുണ്ടായ മുഴുവൻ കുഞ്ഞുങ്ങളേയും അല്ലാഹു വിശാലമായ ഒരു മരുഭൂമിയിൽ ഒരുമിച്ച് കൂട്ടും. അവയെല്ലാം ഉടമസ്ഥനെ കാല് കൊണ്ട് ചവിട്ടി മെതിക്കുകയും വായ കൊണ്ട് കടിച്ചു മുറിക്കുകയും ചെയ്ത് കൊണ്ടിരിക്കും. ഒന്ന് നിർത്തുമ്പോൾ മറ്റൊന്ന് വന്ന് ഇത് ആവർത്തിച്ചു കൊണ്ടിരിക്കും. അടിമയുടെ

അന്തിമ വിധി പ്രസ്താവിക്കുന്നത് വരെ ഈ ശിക്ഷ അവന് ലഭിച്ച് കൊണ്ടിരിക്കും.”

ശൈഖ് ഇബ്നു ഹജർ(റ) പറയുന്നു: താബിഉകളിൽ പെട്ട ഒരു സംഘം മഹാനായ അബൂ സിനാനെ കാണാൻ ചെന്നു. അദ്ദേഹം അവരോട് പറഞ്ഞു: നമ്മുക്കു അയൽപക്ക ത്തൊന്ന് പോകാം. അയൽക്കാരൻ അയാ ളുടെ സഹോദരൻ മരിച്ച ദുഃഖത്തിലാണ്. അദ്ദേഹത്തെ നമ്മുക്കൊന്ന് ആശ്വസിപ്പി ക്കാമല്ലോ..അവർ പോയി. അവിടെ അയാൾ കരഞ്ഞ് കൊണ്ടിരിക്കുകയായി രുന്നു. എന്താണിത്ര കരയാൻ? എല്ലാവ ർക്കും മരിക്കേണ്ടതല്ലേ? എന്ന് ചോദിച്ച പ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ സഹോ ദരന്റെ ജനാസ മറവ് ചെയ്ത ശേഷം എല്ലാവരും പോയി. ഞാൻ മാത്രം ഖബറിന്നരികിൽ ബാക്കിയായി. അപ്പോൾ ഖബറി ൽ നിന്നൊരു കരച്ചിൽ കേട്ടു. ഒരു അട്ടഹാ സവും. എന്നെ എല്ലാവരും ഉപേക്ഷി ച്ചല്ലോ..ഞാൻ നിസ്കരിച്ചത് കൊണ്ടും നോമ്പ് നോറ്റത് കൊണ്ടും ഒരു ഫലവും കിട്ടിയില്ലല്ലോ...എന്ന് ഖബറിൽ നിന്ന് വിളിച്ച് പറയുന്നതും ഞാൻ കേട്ടു.

ഇതു കേട്ടപ്പോൾ ഞാൻ ഖബർ മാന്തി നോക്കി. ഖബറാകെ അഗ്നിയാൽ നിറഞ്ഞിരിക്കുന്നു. സഹോദരന്റെ കഴുത്തിൽ ഒരഗ്നിയുടെ മാല. ഞാൻ സഹോദര സ്നേഹത്താൽ അവനെ വാരിയെടുക്കാൻ ശ്രമിച്ചു. എന്നാൽ എന്റെ കൈ പൊള്ളിയതല്ലാതെ എനിക്കതിന് കഴിഞ്ഞില്ല. അങ്ങനെ ഞാൻ ഖബർ മണ്ണിട്ട് മൂടി വീട്ടിലേക്ക് പോന്നു. നോക്കൂ എന്റെ കൈ പൊള്ളിയിരിക്കുന്നത്. അദ്ദേഹത്തിന്റെ കൈ വെന്ത് കരിഞ്ഞിരുന്നു.

എന്താനിതിന്ന് കാരണമെന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ സഹോദരൻ സക്കാത്ത് കൊടുത്തിരുന്നില്ല. ഇതു കേട്ടപ്പോൾ അവർ പറഞ്ഞു: ഖുർആൻ പറഞ്ഞ ശിക്ഷയുടെ പുലർച്ചയാണിത്. ഖുർആൻ പറയുന്നു: കിട്ടിയ ധനത്തിൽ പിശുക്ക് കാണിക്കുന്നവർ അതവർക്കു നല്ലതാണെന്ന്

തെറ്റിദ്ധരിക്കേണ്ട. അതവർക്ക് നാശമാണ്. അവർ പിശുക്കിയ ധനം നാളെയവർക്ക് മാലയാക്കും.

നബി(സ)തങ്ങൾ അരുളി:"ഒരു സ്ത്രീയുടെ മുമ്പിലൊരു യാചകൻ വന്നു. അവൾ അവളുടെ വായിലുണ്ടായിരുന്ന ഒരു ഉരുള ഭക്ഷണം പുറത്തെടുത്ത് ആ യാചകന് നൽകി. പിന്നെ അവൾക്കൊരു കുഞ്ഞ് ജനിച്ചു. ഒരു ദിവസം ആ കുട്ടിയെ ചെന്നായ കടിച്ചെടുത്തോടി. അവൾ കരഞ്ഞ് കൊണ്ട് ചെന്നായയുടെ പിന്നാലെ ഓടി. ഉടനെ ഒരു മലക്ക് വന്ന് ചെന്നായയിൽ നിന്ന് കുട്ടിയെ രക്ഷിച്ചു. എന്നിട്ട് കുട്ടിയോട് പറഞ്ഞു: മോനേ നീ ഉമ്മയോട് പറയുക, ഉമ്മാക്ക് അല്ലാഹു സലാം പറഞ്ഞിട്ടുണ്ടെന്ന്. ഇതു പിടക്ക് പിടിയാണെന്നും ഉമ്മയോട് പറയുക. അങ്ങനെ കുട്ടിയെ അവൾക്ക് തിരച്ച് കിട്ടി. ഒരു പടി ഭക്ഷണം സ്വന്തം വായിൽ നിന്ന് ദാനം നൽകിയപ്പോൾ ചെന്നായയുടെ വായിൽ നിന്നവർക്ക് അല്ലാഹു തിരിച്ച് കൊടുത്തു."(ഇർഷാദുൽ ഇബാദ്)

നബി(സ) പറഞ്ഞു: പൂർവ്വ സമുദായത്തി ലൊരു മനുഷ്യനുണ്ടായിരുന്നു. അവിടെ ഒരു പക്ഷി മുട്ടയിട്ട് വിരിഞ്ഞാൽ ഉടനെ കൂടുമെടുത്തയാൾ പോകും. പക്ഷിയാകെ വിഷമത്തിലായി. അയാൾക്കെതിരെ പക്ഷി അല്ലാഹുവിനോട് പ്രാർത്ഥിച്ചു. ഇനിയും ഇതാവർത്തിച്ചാൽ അയാളെ പാഠം പഠിപ്പിക്കുമെന്നല്ലാഹു പക്ഷിക്ക് സന്ദേശം നൽകി. വീണ്ടും പക്ഷിക്കുഞ്ഞുങ്ങൾ വിരിഞ്ഞതറിഞ്ഞ് ആ മനുഷ്യൻ പത്തിരിയും തിന്ന് കൊണ്ട് മരത്തിനടുത്തേക്ക് നീങ്ങുമ്പോൾ ഒരു യാചകൻ പറഞ്ഞു: വിശന്നിട്ട് വയ്യ. ഒരു പത്തിരി എനിക്ക് തരുമോ?

അയാൾ ഒന്ന് യാചകന് നൽകി. പിന്നെ ചെന്ന് പക്ഷിക്കൂടുമെടുത്ത് പോയി. ഇതു കണ്ട പക്ഷി പറഞ്ഞു: അല്ലാഹുവേ നീ കരാർ ലംഘിക്കുകയില്ലല്ലോ? എന്തു കൊണ്ട്

ഇയാളെ തടഞ്ഞില്ല? അല്ലാഹു അരുളി:"കരാർ ശരി തന്നെ, പക്ഷേ അതിന്ന് തടസ്സം വന്നു ചേർന്നിരിക്കുന്നു. ദാനം നൽകിയവനാണവൻ. ദാനം ചെയ്ത ഒരാളേയും ആ ദിവസം ദുർമരണത്തിനും അത്യാഹിതത്തിനും ഞാൻ വിധേയ നാക്കാറില്ല."

മഹാനായ ശൈഖ് അബൂബക്കർ ശിബ്‌ലി(റ) പറയുന്നു: ഞാനൊരിക്കൽ മലഞ്ചെരുവിലേക്ക് പോകുമ്പോൾ ഒരു യുവാവിനെ കണ്ടു. ചപ്രത്തല, മെലിഞ്ഞ ദേഹം, ഇളം പ്രായം, പൊടി പുരണ്ട വസ്ത്രങ്ങൾ. മഖ്ബറയിലാണ് അദ്ദേഹം ഇരിക്കുന്നത്. അദ്ദേഹം ചിലപ്പോൾ ആകാശത്തേക്ക് നോക്കി എന്തെല്ലാമോ കാണിക്കുന്നുണ്ട്. ചിലപ്പോൾ എന്തോ പിറുപിറുക്കുന്നതും ഞാൻ കണ്ടു. അദ്ദേഹം കരയുകയും പ്രാർത്ഥിക്കുകയും ദിക്റുകൾ ചൊല്ലുകയും ചെയ്യുന്നുണ്ട്. അദ്ദേഹത്തെ കണ്ട് ഞാൻ സമീപത്തേക്ക് ചെന്നു. എന്നെ കണ്ടപാടെ അദ്ദേഹം എഴുന്നേറ്റ് ഓടി. ഞാനും അയാളെ പിന്തുടർന്നു. ഞാൻ നിൽക്കാൻ പറഞ്ഞിട്ടും അദ്ദേഹം നിന്നില്ല. ഓടുന്നതിനിടയിൽ അദ്ദേഹം ഒന്നട്ടഹസിച്ചു. ശേഷം ബോധരഹിതനായി വീണു. താമസിയാതെ അദ്ദേഹം മരണപ്പെട്ടു.

മയ്യിത്ത് മറവ് ചെയ്യാനുള്ള ആവശ്യങ്ങൾക്കായി ഞാൻ അവിടെ നിന്നും പോയി. തിരിച്ചു വന്നു നോക്കു മ്പോൾ മയ്യിത്ത് കാണാനില്ല. ഞാൻ അമ്പ രന്നു നിൽക്കുന്നതിനിടയിൽ ഒരു വിളി യാളമുണ്ടായി: ശിബ്‌ലീ, താങ്കൾ അക്കാര്യമൊന്നും അന്വേഷിക്കേണ്ട. ഇബാദത്തു ചെയ്തു കൊള്ളുക. താങ്കൾ ദാനം ചെയ്ത് വിജയം വരിക്കുക. ഇദ്ദേഹം ചെയ്ത പുണ്യം ദാനം കൊണ്ടാണ്. ഇദ്ദേഹം ആദ്യകാലത്ത് മഹാപാപിയായിരുന്നു. പിന്നീട് ഒരു ഭീകര സ്വപ്നം കണ്ട് വീടുവിട്ടറങ്ങി ഇബാദത്തിൽ മുഴുകി. പന്ത്രണ്ടു വർഷം കഴിഞ്ഞപ്പോൾ ഒരു യാചകൻ വന്ന് എന്തെങ്കിലും കൊടുക്കാൻ കേണു പറഞ്ഞു. ഉടുവസ്ത്രമല്ലാതെ ഒന്നും അദ്ദേഹത്തിനുണ്ടായിരുന്നില്ല. അതഴിച്ച് യാചകന് നൽകി.

സന്തോഷത്തോടെ യാചകൻ ഇദ്ദേഹത്തിന്റെ പാപങ്ങൾ പൊറുക്കാൻ കൈകളുയർത്തി പ്രാർത്ഥിച്ചു. അല്ലാഹു അത് സ്വീകരിച്ചു. കഥ കേട്ട് ശിബ്‌ലി(റ) അമ്പരന്നു. നബി(സ) അരുൾ ചെയ്തിരിക്കുന്നു: ''യാചകന്റെ ഖൽബിൽ സന്തോഷം നിറയുമ്പോൾ അയാളുടെ പ്രാർത്ഥന നേടി സൗഭാഗ്യവാൻ മാരാകുവിൻ''

ഇമാം ബുഖാരി(റ) റിപ്പോർട്ട് ചെയ്യുന്നു: ഔദാര്യം സ്വർഗ്ഗത്തിലെ ഒരു വൃക്ഷമാണ്. അതിന്റെ കൊമ്പുകൾ ഭൂമിയിലേക്ക് തൂങ്ങുന്നു. അതിൽ പിടിച്ചവരെ ആ കൊമ്പ് സ്വർഗ്ഗത്തിൽ എത്തിക്കും. പിശുക്ക് നരകത്തിലെ ഒരു മരമാണ്. അതിന്റെ കൊമ്പുകൾ ഭൂമിയിലേക്ക് തൂങ്ങുന്നു. അതിൽ പിടിച്ചവരെയൊക്കെ അത് നരകത്തിലേക്ക് കൊണ്ടു പോകും.

നബി(സ)പറയുന്നു:''ഉദാരൻ അല്ലാഹുവിന്റെയും മനുഷ്യന്റെയും സമീപസ്ഥനാണ്. സ്വർഗ്ഗത്തോടടുത്തവനും നരകത്തോടകന്നുവനുമാണ്. പിശുക്കൻ അല്ലാഹുവുമായും സ്വർഗ്ഗവുമായും അകന്നവനാണ്. നരകത്തോടടുത്തവനും. ഉദാരനായ ജാഹിലിനെയാണ് പണ്ഡിതനായ പിശുക്കനേക്കാൾ അല്ലാഹുവിനിഷ്ടം.''

ഒരു ദിവസം ഒരാൾ നബി(സ)യുടെ സന്നിധിയിലെത്തി തന്റെ കഷ്ട പ്പാടുകളൊക്കെ വിവരിച്ചു. നബി(സ) തങ്ങൾ അവിടുത്തെ ഒരു ഭാര്യയുടെ അടുത്തേക്ക് ആളെ അയച്ച് വല്ലതുമുണ്ടോ എന്ന് അന്വോഷിച്ചു. അല്ലാഹു വാണേ ഇവിടെ പച്ചവെള്ള മല്ലാതെ ഒന്നുമില്ലെന്നായിരുന്നു മറുപടി. മറ്റൊരു ഭാര്യയുടെ അടുത്തേക്കയച്ചപ്പോഴും ഇതു തന്നെയായിരുന്നു മറുപടി. ഒടുവിൽ എല്ലാ ഭാര്യമാരുടെ അടുത്തുമെത്തി. മറുപടി എല്ലാം ഒന്നു തന്നെയായിരുന്നു. ഇതറിഞ്ഞ നബി(സ) തങ്ങൾ സദസ്സിലു ള്ളവരോട് ചോദിച്ചു:''ഇദ്ദേഹത്തെ ഇന്നു രാത്രി ആര്

കൊണ്ട് പോയി സൽക്കരിക്കും?” ഒരു അൻസ്വാരി പറഞ്ഞു: നബിയേ അദ്ദേഹത്തെ ഞാൻ കൊണ്ടു പോകാം. അങ്ങനെ അദ്ദേഹ ത്തേയും കൂട്ടി അൻസ്വാരി വീട്ടിലെത്തി. ഭാര്യയോട് പറഞ്ഞു: മഹതീ, ഇതാ നബി(സ)യുടെ അതിഥി. ഇദ്ദേഹത്തെ സൽക്കരിക്കുക. ഇവിടെ വല്ലതുമുണ്ടോ? ഭാര്യ പറഞ്ഞു: ഇവിടെ കുട്ടികളുടെ ഭക്ഷണമല്ലാതെ ഒന്നുമില്ല. അൻസ്വാരി പറഞ്ഞു: സാരമില്ല, കുട്ടികളെ എങ്ങനെയെങ്കിലും ഉറക്കുക. ഉള്ള ഭക്ഷണം കൊണ്ട് വന്ന് വെക്കുക. എന്നിട്ട് നീ വിളക്കണക്കണം. എണ്ണ വറ്റിയെന്ന് പറയാം. ഞങ്ങൾക്കു രണ്ടാൾക്കും കൂടി അത് തികയുകയില്ല. ഞാൻ തിന്നുന്നതു പോലെ നടിക്കാം. മുഴുവൻ അതിഥിയെക്കൊണ്ട് തീറ്റിക്കാം. അങ്ങനെ ചെയ്തു. അവരെല്ലാം പട്ടിണി കിടന്നു. വന്ന ആൾക്ക് ഉള്ള ഭക്ഷണം വയർ നിറയെ നൽകി. രാവിലെ പള്ളിയിലെത്തിയപ്പോൾ നബി(സ) തങ്ങൾ അരുളി: “നിങ്ങളെ പറ്റി അല്ലാഹു പോലും അത്ഭുതപ്പെട്ടി രിക്കുന്നു. ഇതാ ഖുർആൻ ഇറങ്ങിക്കഴിഞ്ഞു. അവരതാ സ്വന്തത്തേക്കാൾ അന്യർക്കു പ്രാധാന്യം നൽകുന്നു. അവർക്കു തന്നെ അത്യാവശ്യമുണ്ടായിട്ട് പോലും.

എത്ര മഹത്തരമായ ജീവിത ചര്യായാണിത്.

7

# നോട്ടത്തിലെ അപകടങ്ങൾ

മഹാനായ ഇബ്നു അബ്ബാസ്(റ) വിവരിക്കുന്നു.

ശാമിൽ എല്ലാ ശനിയാഴ്ച കളിലും തൗറാത്ത് വായിക്കാറുള്ള ഒരു ജൂതൻ ജീവിച്ചിരിപ്പുണ്ടായിരുന്നു. അ ങ്ങനെ ഒരു ശനിയാഴ്ച തൗറാത്ത് തുറന്ന് നോക്കിയപ്പോൾ തൗറാത്തിലെ നാലിടങ്ങളിൽ മഹാനായ പ്രവാചകർ(സ) തങ്ങളുടെ ഗുണങ്ങളും വിശേ ഷണങ്ങളും കാണാനിടയായി. ഇത് കണ്ട് രോഷാകുലനായ അദ്ദേഹം ആ ഭാഗങ്ങൾ കീറിക്കളയുകയും കരിച്ച് കളയുകയും ചെയ്തു.

അടുത്ത ശനിയാഴ്ച അദ്ദേഹം വീണ്ടും തൗറാത്ത് പാരാ യണം ചെയ്യാനായി തുറന്ന് നോക്കിയപ്പോൾ തൗറാത്തിലെ എട്ടു സ്ഥലങ്ങളിൽ പ്രവാചകർ(സ) തങ്ങളുടെ മദ്ഹുകൾ ശ്രദ്ധയിൽ പെ ട്ടു. അപ്പോഴും ദേഷ്യത്തോടെ ആ ഭാഗങ്ങൾ കീറുകയും കരിച്ച് കള യുകയും ചെയ്തു.

മൂന്നാം ശനിയാഴ്ചയും ജൂതൻ തൗറാത്ത് തുറന്നു. അത്ഭുതം പന്ത്രണ്ട് സ്ഥലങ്ങളിൽ പ്രവാചകർ(സ) തങ്ങളുടെ പ്രകീ ർത്തനങ്ങൾ അദ്ദേഹം കണ്ടു. മുമ്പ് ചെയ്തത് പോലെ ഓരോ ഭാഗ ങ്ങളും കീറിക്കളയുകയും കരിച്ച് കളയുകയും ചെയ്താൽ തൗറാത്ത് മുഴുവൻ പ്രവാചകർ(സ) തങ്ങളുടെ മദ്ഹുകളും പ്രകീർത്തന ങ്ങളുമാകുമെന്ന് മനസിലാക്കിയ അദ്ദേഹം അവ കീറിക്കളയാനോ കരിച്ച് കളയാനോ തയ്യാറായില്ല. അങ്ങനെ അദ്ദേഹം തന്റെ

അനുയായികളോട് മഹാനായ നബി(സ) തങ്ങളെ കുറിച്ചന്വേഷിച്ചു. അവർ നൽകിയ മറുപടി മുഹമ്മദ് കള്ളനാണെന്നും നിങ്ങൾ ഒരിക്കലും മുഹമ്മദിനെ സമീപിക്കുകയോ മുഹമ്മദ് നിങ്ങളെ കാണാനിടവരുകയോ ചെയ്യരുതെന്നായിരുന്നു.

എന്നാൽ മഹാനായ മൂസാ നബി(അ)മിന്റെ തൗറാത്ത് എന്ന ഗ്രന്ഥത്തിലെ അത്ഭുതം കണ്ട് എന്തോ അമാനുഷിക ശക്തി മുഹമ്മദ് (സ) തങ്ങൾക്കുണ്ടെന്ന് മനസിലാക്കിയ ആ ജൂതൻ പറഞ്ഞു: ''നിങ്ങൾ ഒരിക്കലും മുഹമ്മദ് നബിയെ സന്ദർശിക്കുന്നതിൽ നിന്ന് എന്നെ തടയരുത്.'' ഇത് കേട്ടപ്പോൾ അനുയായികൾ അദ്ദേഹത്തിന് സമ്മതം നൽകി.

ജൂതൻ യാത്രക്ക് തയ്യാറായി. അദ്ദേഹം തന്റെ വാഹനപ്പുറത്ത് കയറി രാപ്പകലുകളില്ലാതെ യാത്ര തുടർന്നു. അദ്ദേഹം മദീനയോടടുത്തു. പെട്ടന്ന് തന്റെ മുന്നിൽ സുമുഖനും സുന്ദരനുമായ സൽമാനുൽ ഫാരിസി(റ)വിനെ കണ്ടു മുട്ടി. നബി(സ) തങ്ങളാണെന്നു കരുതി അദ്ദേഹത്തെ അഭിസം ബോധന ചെയ്തു.

മഹാനായ പ്രവാചകർ(സ) തങ്ങൾ വഫാത്തായി മൂന്ന് ദിവസം മാത്രം പിന്നിട്ട സന്ദർഭമായിരുന്നു അത്. സൽമാൻ(റ) പൊട്ടിക്കരഞ്ഞു കൊണ്ട് പറഞ്ഞു. “ഞാൻ നബി(സ) തങ്ങളുടെ അടിമ മാത്രമാണ്.”

“അപ്പോൾ മുഹമ്മദ് എവിടെ?”

ജൂതന്റെ ഈ ചോദ്യം കേട്ടപ്പോൾ സൽമാൻ (റ) തളർന്നു പോയി. പ്രവാച കർ(സ) തങ്ങൾ വഫാത്തായി എന്നു പറഞ്ഞാൽ ഒരു പക്ഷെ ഈ ജൂതൻ തിരിച്ചു പോകും. ഇനി നബി(സ) തങ്ങൾ ജീവിച്ചിരിപ്പുണ്ടെന്ന് പറഞ്ഞാൽ ഞാൻ കള്ളം പറഞ്ഞ വനാവുകയും ചെയ്യുമെന്ന് മനസിലാക്കിയ സൽമാൻ (റ) തന്ത്രപൂർവ്വം ജൂതനോട് തന്റെ കൂടെ വരാൻ ആവശ്യപ്പെട്ടു. സൽമാൻ(റ) അദ്ദേഹത്തെ മഹാൻ മാരായ സ്വഹാബികൾക്കിടയി ലേക്ക് കൊണ്ട് പോയി. അവരെല്ലാം ദു:ഖിച്ചിരിക്കുകയായിരുന്നു. ഇതൊന്നുമറിയാതെ ഇക്കൂട്ടത്തിൽ നബി(സ) തങ്ങളുണ്ടെന്ന് കരുതി “അസ്സലാമു അലൈക്ക യാ മുഹമ്മദ്” എന്ന് പറഞ്ഞു കൊണ്ട് ജൂതൻ കടന്ന് വന്നു.

നബി(സ) തങ്ങളുടെ പേര് വിളിച്ച് സലാം പറയുന്നത്

കേട്ടപ്പോൾ സ്വഹാ ബികൾക്ക് തങ്ങളുടെ ദു:ഖം കടിച്ച മർത്താനായില്ല. അവർ പൊട്ടിക്കരഞ്ഞു കൊണ്ട് അവിടേക്ക് കടന്നു വന്ന് ആ അപരിചിതനോട് ചോദിച്ചു:

''ആരാണ് നിങ്ങൾ? എന്തിനാണ് ഞങ്ങളെ വേദനിപ്പിക്കുന്നത്? നബി(സ) തങ്ങൾ വഫാത്തായിട്ട് മൂന്നു ദിവസമായെന്ന് അങ്ങേക്കറിയില്ലേ?"

സ്വഹാബികളിൽ നിന്നും നബി(സ) തങ്ങൾ വഫാത്തായി എന്ന് കേട്ടപ്പോൾ ജൂതന് സഹിക്കാനായില്ല. അദ്ദേഹം പൊട്ടിക്കരഞ്ഞു കൊണ്ട് പറഞ്ഞു:

"എന്റെ നഷ്ടം!... എനിക്കെന്റെ യാത്ര തീരാ നഷ്ടത്തിലായി. എന്റെ ഉമ്മ എന്നെ പ്രസവിച്ചില്ലാ യിരുന്നുവെങ്കിൽ....!

പ്രസവിച്ചെങ്കിൽ തന്നെ എനിക്ക് തൗറാത്ത് വായിക്കാൻ കഴിഞ്ഞില്ലായിരുന്നുവെങ്കിൽ....

ഇനി വായിക്കാൻ കഴിഞ്ഞാൽ തന്നെ അതിൽ നബി(സ) തങ്ങളുടെ മദ്ഹുകൾ കണ്ടില്ലായിരുന്നു വെങ്കിൽ....

നബി(സ)യുടെ മദ്ഹുകൾ കണ്ട പോലെത്തന്നെ ആ നബിതങ്ങളെ ഒന്ന് കാണാൻ കഴിഞ്ഞിരുന്നെങ്കിൽ..."

അൽപം കഴിഞ്ഞ് ആ ജൂതൻ അവിടെ കൂടിയിരുന്ന സ്വഹാബികളോട് ചോദിച്ചു:

"അലി ഉണ്ടോ ഇവിടെ?"

"അതെ, ഞാനിവിടെയുണ്ട്." അലി(റ) മറുപടി പറഞ്ഞു.

"എന്താണ് താങ്കളുടെ പേര്?"

"അലി"

"താങ്കളുടെ പേര് ഞാൻ തൗറാത്തിൽ ദർശിച്ചിട്ടുണ്ട്. അങ്ങാണ് നബി(സ) തങ്ങളെക്കുറിച്ച് എനിക്ക് വർണിച്ച് തരാൻ ഏറ്റവും യോഗ്യൻ" ജൂതൻ പറഞ്ഞു

അലി(റ) നബി(സ) തങ്ങളുടെ മദ്ഹുകൾ ജൂതന് വിശദീകരിച്ച് കൊടുത്തു. ഇത് കേട്ടപ്പോൾ ജൂതൻ പറഞ്ഞു:

"നിങ്ങൾ സത്യം പറഞ്ഞിരിക്കുന്നു.ഞാൻ ഇവയെല്ലാം തൗറാത്തിൽ കണ്ടിട്ടുണ്ട്"

എന്നിട്ട് അദ്ദേഹം ചോദിച്ചു: "നബി(സ) തങ്ങളുടെ വസ്ത്രത്തിൽ നിന്ന വല്ലതും ശേഷിപ്പുണ്ടെങ്കിൽ എനിക്ക് അതൊന്ന് വാസനിക്കാൻ പറ്റുമോ?"

അലി(റ) ജൂതനോട് സമ്മതം മൂളിക്കൊണ്ട് സൽമാൻ(റ) വിനോട് പറഞ്ഞു:

“താങ്കൾ ഫാതിമ(റ)യുടെ സമീപത്ത് ചെന്നുകൊണ്ട് അവരുടെ പിതാവായ നബി(സ) തങ്ങളുടെ ജുബ്ബ അയച്ചു തരാൻ പറയുക.”

അലി(റ)വിന്റെ നിർദ്ദേശ പ്രകാരം സൽമാൻ(റ) ഫാത്വിമ ബീവി(റ)യുടെ സമീപത്തേക്ക് ചെന്നു. ഫാത്വിമ(റ)യുടെ വീട്ടിൽ ഹസൻ(റ), ഹുസൈൻ(റ) എന്നിവർ  പൊട്ടിക്കരയുകയായിരു ന്നു. സൽമാൻ(റ) വീടിന്റെ വാതിലിൽ മുട്ടി. ഫാത്വിമ ബീവി(റ) ചോദിച്ചു:

“ആരാണീ അനാഥകളുടെ വാതിലിൽ മുട്ടുന്നത്?”

“ഞാൻ സൽമാനാണ്. അലി(റ) നബി(സ) തങ്ങളുടെ ജുബ്ബ ഇവിടെ നിന്നും കൊണ്ട് വരാൻ ആവശ്യപ്പെട്ട പ്രകാരം വന്നതാണ്.”

ഇത് കേട്ടപ്പോൾ ഫാത്വിമ ബീവി(റ) പൊട്ടിക്കരഞ്ഞു കൊണ്ട് ചോദിച്ചു:

“ആരാണ് എന്റെ പിതാവിന്റെ ജുബ്ബ ധരിക്കുന്നയാൾ?”

സൽമാൻ(റ) അവിടെ നടന്ന സംഭവമെല്ലാം ഫാത്വിമ(റ)ക്ക് വിവരിച്ച് കൊടുത്തു. അങ്ങനെ ഫാത്വിമ(റ) സൽമാൻ(റ)വിന്റെ കയ്യിൽ ജുബ്ബ കൊടുത്ത് വിട്ടു.

മഹാനായ അലി(റ) നബി(സ) തങ്ങളുടെ പരിശുദ്ധമായ ജുബ്ബ വാസനിച്ചു. ശേഷം മഹാൻമാരായ സ്വഹാബികൾ ആ ജുബ്ബ സ്വീകരിച്ച് വാസനിച്ചു. പിന്നീട് ജൂതൻ ആ ജുബ്ബ വാസനിച്ചു കൊണ്ട് പറഞ്ഞു:

“എന്തൊരു നല്ല വാസന!!”

ശേഷം ജൂതൻ നബി(സ) തങ്ങളുടെ ഖബ്റിനരികിലേക്ക് ചെന്ന് തന്റെ തല ആകാശത്തേക്ക് ഉയർത്തിക്കൊണ്ട് പറഞ്ഞു:

“അല്ലാഹുവേ, നിശ്ചയം നീ ഒരുവനാണെന്നും ഈ ഖബ്റിൽ കിടക്കുന്നവർ നിന്റെ പ്രവാചകനും സ്നേഹിതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അല്ലാഹുവേ,.. എന്നിൽ നിന്ന് നീ ഇസ്‌ലാം സ്വീകരിച്ചിട്ടുണ്ടെങ്കിൽ ഉടനെ എന്റെ റൂഹ് പിടിക്കണമേ....”

അല്ലാഹു അദ്ദേഹത്തിന്റ പ്രാർത്ഥന സ്വീകരിച്ചു. അദ്ദേഹം വഫാത്തായി. സ്വഹാബികൾ അദ്ദേഹത്തെ കുളിപ്പിക്കുകയും ജന്നതുൽ ബഖീഇൽ മറവ് ചെയ്യുകയും ചെയ്തു.

8

# മഹിളാരത്നം

ഉമ്മുസുലൈം(റ) ഇസ്‌ലാമിക ചരിത്രത്തിൽ വെട്ടിത്തിളങ്ങിയ മഹിളാരത്നം. ഉഹ്ദിലും, ഹുനൈനിലും അരങ്ങേറിയ യുദ്ധത്തിൽ ആദ്യാവസരത്തിൽ പതറിയ മുസ്‌ലിം സൈന്യത്തിന് ആത്മവീര്യം പകർന്ന് നൽകിയ ധീരവനിത. പ്രവാചകസ്നേഹത്തിന്റെ മകുടോദാഹരണം. അധർമ്മത്തിന് മുമ്പിൽ ജീവിതം പണയപ്പെടുത്തിയ ആദർശധീര. എല്ലാറ്റിലുമുപരി അല്ലാഹുവിന്റെയും പുണ്യ റസൂലിന്റെയും സ്നേഹാദരവുകൾകൊണ്ട് അനുഗ്രഹീത.

നബി(സ)യുടെ മാതൃ കുടുംബ പരമ്പരയിലെ നജ്ജാർ ഗോത്രക്കാരിയാണ് ഉമ്മുസുലൈം. പിതൃവ്യ പുത്രൻ മാലിക്ബ്നു അനസ് മഹതിയെ വിവാഹം ചെയ്തു. ആ ദാമ്പത്യത്തിൽ ഒരാൺ കുഞ്ഞ് പിറന്നു. അനസ്, പിൽകാലത്ത് ഈ കുഞ്ഞ് നബിയുടെ പരിചാരകനായി മാറി.

ഇസ്‌ലാമിന്റെ ആഗമനകാലം. പ്രവാചകനും അനുയായികളും കൊടിയ മർദ്ദനങ്ങൾ സഹിക്കുന്നു. മർദ്ദനം സഹിക്കവയ്യാതെ ഒരു നാൾ അവർ പിറന്ന നാടും വീടും വിട്ട് യസ്‌രിബിലേക്ക് യാത്രയായി. ആ ദിവസം യസ്‌രിബ് ആകെ ഇളകി മറിഞ്ഞു. ആബാലവൃദ്ധം യസ്‌രിബിന്റെ കവാടത്തിൽ നബിയെ

സ്വാഗതമോതി സ്വീകരിച്ചു. ഇസ്‌ലാമാണെവിടെയും ചർച്ചാവിഷയം. ജനങ്ങൾ ഒറ്റയായും കൂട്ടമായും നബി(സ)യെ കാണുന്നു. ഇസ്‌ലാം പുൽകുന്നു. അനുഗ്രഹീതരായി മടങ്ങുന്നു. വന്നവർ മറ്റുള്ളവർക്ക് സന്ദേശം കൈമാറുന്നു. സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ, അടിമകൾ എല്ലാവരും പ്രവാചക ആഗമനവാർത്ത കേട്ട് ആ തിരുസന്നിധിയിലെത്തുന്നു. മഹതി ഉമ്മു സുലൈമും ആ വാർത്ത അറിഞ്ഞു. മകൻ അനസ് പ്രവാചകനെജനം സ്വീകരിക്കുന്നത് കൗതുകത്തോടെ നോക്കിക്കാണുന്നു. എല്ലാം പോയി ഉമ്മയോട് വിവരിക്കുന്നു.

ഉമ്മു സുലൈമിന് ആവേശമായി. ഇസ്‌ലാം ആശ്ലേഷിക്കണം. ഭർത്താവ് മാലിക് യസ്‌രിബിന് പുറത്താണ്. തിരിച്ച് വന്നാൽ ഭർത്താവുമൊത്ത് പ്രവാചകസന്നിധിയിലെത്താമെന്നു വച്ചു. ഭർത്താവ് രാത്രിയിലാണെത്തിയത്. വന്നപാടെ ഉമ്മുസുലൈം സംഭവങ്ങളൊക്കെ വിവരിച്ച് കൊടുത്തു. ഇസ്‌ലാം പുൽകാനുള്ള ആഗ്രഹം അറിയിച്ചു. പക്ഷെ, പ്രതീക്ഷ തെറ്റി. ഇതു വരെ തന്നെ എതിർക്കാതിരുന്ന ഭർത്താവ് പൊട്ടിത്തെറിച്ചു, ക്രുദ്ധനായി വീട് വിട്ടിറങ്ങി. ഉമ്മുസുലൈമിന് എന്തെന്നില്ലാത്ത നിരാശ. ഭർത്താവിന്റെ എതിർപ്പവഗണിച്ച് ഇസ്‌ലാം സ്വീകരിക്കുക തന്നെ, അവർ ഉറച്ചു. ഭർത്താവ് വീണ്ടും വന്നു. അവർ ഇസ്‌ലാമിനെക്കുറിച്ച് സൗമ്യമായി ഭർത്താവിനോട് സംസാരിച്ചു. അയാൾ കോപം കൊണ്ട് വീണ്ടും പൊട്ടിത്തെറിച്ചു. മഹതി കൂസലില്ലാതെ ഇസ്‌ലാമിന്റെ സത്യസാക്ഷ്യം മൊഴിഞ്ഞു. “അശ്ഹദു അൻലാഇലാഹ ഇല്ലല്ലാഹ് വഅശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്” കൊച്ചുമകൻ അനസും അതേറ്റ് ചൊല്ലി...

“എന്നെ ഭർത്താവായി വേണമെങ്കിൽ നിന്റെ പുതിയ മതം ഉപേക്ഷിച്ചേ പറ്റൂ. നീ പഴയ മതത്തിലേക്ക് തിരിച്ചുവരും വരെ ഞാനീ പടി ചവിട്ടില്ല.” അയാൾ വീട് വിട്ടിറങ്ങി. ആ യാത്രയിൽ മാലിക് പ്രതിയോഗിയാൽ കൊല്ലപ്പെട്ടു. വിവരമറിഞ്ഞ മഹതി അത്യധികം വേദനിച്ചു.

ഉമ്മുസുലൈം(റ) വിധവയായി. മകൻ അനസിന്റെ കാര്യങ്ങൾ നോക്കി ജീവിതം തള്ളിനീക്കി. ഒരു ദിവസം മഹതി മകന്റെ

കയ്യും പിടിച്ച് പ്രവാചക സന്നിധിയിലെത്തി. “അല്ലാഹുവിന്റെ റസൂലെ ഇതെന്റെ മകൻ അനസ്, ഇവനെ അങ്ങയുടെ പരിചാരകനായി സ്വീകരിക്കണം.” ഉമ്മുസുലൈം പ്രവാചകനോടപേക്ഷിച്ചു. പ്രവാചകൻ അത് സ്വീകരിച്ചു. അങ്ങനെ ആ മഹതിയുടെ മകൻ ലോകാനുഗ്രഹിയുടെ ഏറ്റവും അടുത്ത പരിചാരകനായി മാറി. ആ മാതൃഹൃദയം സന്തോഷത്താൽ പുളകം കൊണ്ടു. പിന്നീട് മകൻ പ്രവാചകൻ(സ)യിൽ നിന്ന് കേട്ട് പറയുന്ന കാര്യങ്ങൾ പഠിച്ച് മഹതി ഇസ്‌ലാമിനെകുറിച്ച് കൂടുതൽ പഠിച്ചു.

ചെറുപ്പത്തിലേ വിധവയാകേണ്ടി വന്ന ഉമ്മുസുലൈമിനെ തേടി പല വിവാഹാലോചനകളും വന്നു. അതൊക്കെ ആ മഹതി നിരസിച്ചു. അബൂത്വൽഹ ധനികനാണ്. സുന്ദരനായ ചെറുപ്പക്കാരൻ, ആരും അദ്ദേഹത്തിന്റെ വിവാഹാലോചനനിരസിക്കാൻ സാധ്യതയില്ല. അവർ ഒരു ദിനം മഹതിയെ വിവാഹാഭ്യർത്ഥനനടത്തി. തന്റെ സമ്പത്തിനെകുറിച്ചും സ്ഥാനമാനങ്ങളെകുറിച്ചും അബൂ ത്വൽഹ സംസാരിച്ചു. താൻ നൽകാൻ പോകുന്ന മഹ്റിനെക്കുറിച്ച് വിവരിച്ചു.

“അബൂ ത്വൽഹാ, താങ്കൾ മാന്യനല്ലേ, ബുദ്ധിമാനല്ലേ, എന്നിട്ടും മണ്ണിൽ മുളച്ച മരക്കഷ്ണത്തിനല്ലേ താങ്കൾ മുഖം കുനിക്കുന്നത്?”

ഇടിവെട്ടേറ്റവനെപ്പോലെയായി അബൂത്വൽഹ. അന്ന് അദ്ദേഹം ലജ്ജയോടെ മടങ്ങി. കോപവും വാശിയും അദ്ദേഹത്തിന്റെ മനസിൽ ഉടലെടുത്തു. ദരിദ്രയും വിധവയുമായ ഒരു പെണ്ണിന് മുമ്പിൽ തോറ്റ് കൊടുക്കുകയോ. അതുണ്ടാവില്ല. രണ്ടാം ദിവസവും അബൂത്വൽഹ ഉമ്മു സുലൈമിന്റെ വീട്ടിലെത്തി. വിവാഹാഭ്യർത്ഥനനടത്തി. ഉമ്മു സുലൈമിന് യാതൊരു കുലുക്കവുമില്ല. യാതൊരു ഉപകാരവും ഉപദ്രവവും ചെയ്യാൻ കഴിയാത്ത മരക്കഷ്ണത്തിനു ശിരസ്സ് നമിക്കാൻ താങ്കൾക്കു ലജ്ജയില്ലേ അബൂ ത്വൽഹ? അല്ലാഹുവിലും അവന്റെ ദൂതരിലും വിശ്വസിച്ച സത്യവിശ്വാസിയാണ് ഞാൻ. താങ്കൾ ബിംബാരാധകനും. നമ്മൾ തമ്മിൽ എങ്ങിനെയോജിച്ച് പോവും” അബൂത്വൽഹ ആശയക്കുഴപ്പത്തിലായി. നിരാശനും ഖിന്നനുമായി അദ്ദേഹം വീട്ടിലേക്ക് നടന്നു.

ആദ്യത്തെപോലെ കുപിതനായിരുന്നില്ല അദ്ദേഹം. ചിന്താധീനനായിരുന്നു. പാരമ്പര്യം പകർന്ന് നൽകിയ ബുദ്ധിക്ക് നിരക്കാത്ത വിശ്വാസ പ്രമാണത്തിന് കാര്യമായ ഇളക്കം തട്ടിയിരുന്നു അന്ന്. മൂന്നാം ദിവസം അബുത്വൽഹ വന്നത് ചില കണക്കുകൂട്ടലുകൾ നടത്തിക്കൊണ്ടാണ്. ഉമ്മു സുലൈം വിവാഹത്തിന് സമ്മതിച്ചാൽ ഇസ്‌ലാമാശ്ലേഷിക്കുന്ന കാര്യം പരിഗണിക്കാമെന്നദ്ദേഹം ഉറപ്പിച്ചു. അല്ല അബൂത്വൽഹാ, തീയിലിട്ടാൽ കരിഞ്ഞുപോകുന്നതല്ലേ താങ്കളുടെ ദൈവം. ഈ ദൈവം എങ്ങനെതാങ്കളെ സഹായിക്കും? ഉമ്മുസുലൈമിന്റെ ആ ചോദ്യം അബൂത്വൽഹായെ ആകെ മാറ്റിമറിച്ചു. തീയിലിട്ടാൽ കരിയുന്ന ദൈവം? താനെന്തു വിഡ്ഢിയാണ്. “അശ്ഹദു അൻ ലാഇലാഹ ഇല്ലല്ലാഹ് വഅശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്” അബൂത്വൽഹയുടെ നാവ് പരിശുദ്ധകലിമ ചൊല്ലി. അതേ അദ്ദേഹത്തിന് മാർഗ്ഗമുണ്ടായിരുന്നുള്ളൂ. ഉമ്മു സുലൈം ആഹ്ലാദം കൊണ്ട് വീർപ്പുമുട്ടി. ‘അൽഹംദുലില്ലാഹ്’, അവർ ഹൃദയമറിഞ്ഞു നാഥനെ സ്തുതിച്ചു. വിശ്വാസത്തിന്റെയും ആത്മാർപ്പണത്തിന്റെയും പശ്ചാത്തലത്തിൽ രൂപം കൊണ്ട ആ ബന്ധം അങ്ങനെമാതൃകാ പരമായ വിവാഹത്തിൽ കലാശിച്ചു. ആ ദാമ്പത്യ ജീവിതത്തിൽ അവർക്കൊരു ഓമനസന്താനം കൂടിയുണ്ടായി ഉമൈർ.

ഒരു ദിവസം. ഒരു അതിഥിയെയും കൊണ്ടാണ് അബുത്വൽഹ(റ) വീട്ടിലേക്ക് വന്നത്. പുണ്യറസൂൽ(സ) പറഞ്ഞയച്ച അതിഥിയാണ്. ബീവിക്ക് ആകെ വെപ്രാളം. കുട്ടികൾക്ക് കരുതിവെച്ച ഭക്ഷണമേ ഉള്ളൂ. അവസാനം മക്കളെ ഉറക്കിക്കിടത്തി ഭക്ഷണം കൊടുക്കാൻ തീരുമാനിച്ചു. ഭക്ഷണം വിളമ്പി. ഒരാൾക്ക് കഷ്ടിച്ച് കഴിക്കാനുള്ള ഭക്ഷണമേ ഉള്ളൂ. അതിഥിയെ ഭക്ഷണത്തിനിരുത്തി. അബൂ ത്വൽഹയും കൂടെയിരുന്നു. അതിഥി ഭക്ഷണം കഴിക്കാൻ തുടങ്ങിയപ്പോൾ മഹതി വിളക്കണച്ചു. അബൂത്വൽഹ ഭക്ഷണം കഴിക്കാതെ അതിഥിക്ക് വിളമ്പികൊടുത്തു. കഥയറിയാതെ അതിഥി ഭക്ഷണം മുഴുവൻ കഴിച്ചു. അന്നാ കുടുംബം മുഴുപട്ടിണിയിലായി. രാവിലെ അബുത്വൽഹ(റ) പള്ളിയിലെത്തി

നിസ്കാരത്തിന് ശേഷം റസൂൽ(സ)യെ സന്ദർശിച്ചു. അവിടുത്തെ മുഖം സന്തോഷം കൊണ്ട് തിളങ്ങിയിരുന്നു. "ഇന്നലെ രാത്രിയിൽ താങ്കൾ അതിഥിയെ സൽക്കരിച്ചത് അല്ലാഹുവിനെസംതൃപ്തനാക്കിയിരിക്കുന്നു" ഈ സംഭവത്തെ കുറിച്ചിറങ്ങിയ ആയത്തും റസൂൽ ഓതിക്കേൾപ്പിച്ചു. അബൂത്വൽഹ ആഹ്ലാദഭരിതനായി വിവരം ഉമ്മുസുലൈമിനെ അറിയിക്കാനോടി.

അസാധരണമായ ആത്മധൈര്യവും മനക്കരുത്തും മഹതിയുടെ പ്രത്യേകതയായിരുന്നു. മകൻ ഉമൈറിന് രോഗം മൂർച്ഛിച്ച സമയത്താണ് അബുത്വൽഹ(റ) അത്യാവശ്യമായി ഒരു യാത്രപോയത്. അദ്ദേഹം വരുമ്പോഴേക്കും മകൻ മരണപ്പെട്ടിരുന്നു. ബന്ധുക്കളും മറ്റും ചേർന്ന് മയ്യിത്ത് കുളിപ്പിച്ച് ഖബറടക്കി. ഇതൊന്നുമറിയാതെയാണ് അബുത്വൽഹ(റ) യാത്രകഴിഞ്ഞ് വന്നത് വന്ന ഉടനെമകന്റെ രോഗവിവരം ആരാഞ്ഞു: 'നിങ്ങൾ പോകുമ്പോൾ ഉള്ളതിനേക്കാൾ ഭേദമുണ്ട്' മഹതി പറഞ്ഞു. മകന്റെ വിരഹ ദു:ഖം കടിച്ചമർത്തി ബീവി ഭർത്താവിന് ഭക്ഷണവും മറ്റും ഒരുക്കി കൊടുത്തു. അവർ അണിഞ്ഞൊരുങ്ങി ഭർത്താവിനെ കിടപ്പറയിലേക്ക് നയിച്ചു.

എല്ലാം കഴിഞ്ഞ് അവർ ഭർത്താവിനോട് ചോദിച്ചു: "ഒരാൾ വിശ്വസിച്ച് ഏൽപിച്ച വസ്തു ഉടമസ്ഥൻ വന്നു ചോദിച്ചാൽ തിരികെ കൊടുക്കേണ്ടേ?"

"അതെ തീർച്ചയായും തിരികെ കൊടുക്കണം. തടഞ്ഞുവെക്കുന്നത് അപരാധമാണ്" അബുത്വൽഹ(റ)മറുപടി പറഞ്ഞു. "എന്നാൽ അബുത്വൽഹാ, താങ്കൾ ക്ഷമിക്കുക. അല്ലാഹു നമ്മുടെ പക്കൽ അമാനത്തായി ഏൽപ്പിച്ച നമ്മുടെ മകനെ അവൻ തിരിച്ചെടുത്തിരിക്കുന്നു" ബീവിമൊഴിഞ്ഞു.

ഞെട്ടിപ്പോയി അബുത്വൽഹ. മകന്റെ നിര്യാണവിവരം മറച്ച് വെച്ച് തന്നെ സൽകരിച്ച് കിടപ്പറപങ്കിട്ട ഭാര്യയോടദ്ദേഹത്തിന് അരിശം തോന്നി. നേരം വെളുത്ത ഉടനെ പ്രവാചക സന്നിധിയിലെത്തി ആവലാതി പറഞ്ഞു. എല്ലാം കേട്ട് കഴിഞ്ഞ് പ്രവാചകൻ ഉമ്മുസുലൈമിന്റെ നടപടിയെ പ്രശംസിച്ചു. "നാഥാ കഴിഞ്ഞ രാത്രി ഇവർക്കു നീ ബർക്കത്തു ചൊരിയണേ" അവിടുന്ന്

പ്രാർത്ഥിച്ചു.

ഉമ്മുസുലൈം ആ രാത്രി ഗർഭം ധരിച്ചു. യുദ്ധകാഹളം മുഴങ്ങി. അബുത്വൽഹ(റ) യുദ്ധത്തിന് പോകാൻ ഒരുക്കങ്ങൾ പൂർത്തിയാക്കി. ഉമ്മുസുലൈം(റ)വും യുദ്ധത്തിന് പോകാനൊരുങ്ങി. മഹതി പൂർണ്ണഗർഭിണിയാണ്. അബുത്വൽഹ(റ) അവരെ വിലക്കി. തന്റെ പുണ്യം മുടക്കരുതെന്നവർ ഭർത്താവിനോടഭ്യർത്ഥിച്ചു. അവസാനം പ്രവാചകന്റെ സന്നിധിയിൽ വിഷയമെത്തി. അവരുടെ സ്വഭാവമറിയുന്ന പ്രവാചകൻ യാത്രക്കനുമതി നൽകി. ദീർഘയാത്ര. കഠിനചൂട്. എല്ലാം സഹിച്ച് അവർ യാത്രക്കൊരുങ്ങി. സൈന്യം പുറപ്പെട്ടു. രക്തച്ചൊരിച്ചിലില്ലാതെ മക്കാഫത്ഹായി. തുടർന്ന് ഹുനൈൻ യുദ്ധം വന്നു. ശത്രുവിഭാഗത്ത് നിന്ന് അവിചാരിതമായ മുന്നേറ്റം. മുസ്ലിം പടയണി ചിതറിപ്പോയി. വെറും നൂറോളം അനുയായികൾ നബി(സ)യോടൊപ്പം ഉറച്ച് നിന്ന് പൊരുതി. ഉഹ്ദിലെന്നപോലെ അബുത്വൽഹ(റ)വും പത്നി ഉമ്മുസുലൈം(റ)വും നബി(സ)യുടെ അരികെ ഉറച്ച് നിന്ന് പൊരുതി. അപ്രതീക്ഷിതമായി തിരിച്ചടി ഉണ്ടായെങ്കിലും ഹുനൈൻ യുദ്ധത്തിൽ മുസ്ലിംകൾ വിജയിച്ചു. വമ്പിച്ച സാമ്പത്തിക നേട്ടവുമുണ്ടായി. യുദ്ധം കഴിഞ്ഞ് എത്തിയ ഉടനെ മഹതിയുടെ പ്രസവം നടന്നു. കുഞ്ഞിന് നബി(സ) തങ്ങൾ കാരക്ക ചവച്ച് മധുരം നൽകി. കുഞ്ഞിന് വേണ്ടി പ്രാർത്ഥിച്ചു.

ഒരു ദിനം. ആ ദിനം ഉമ്മുസുലൈം(റ)ന്റെ ജീവിതത്തിലെ അ നർഘനിമിഷമായിരുന്നു. ലോകത്തിന്റെ മാർഗദർശി ലോകാനുഗ്രഹി അന്ന് മഹതിയുടെ വീട്ടിലേക്ക് ആഗതനായി. എന്തെന്നില്ലാത്ത സന്തോഷത്തിന്റെ സുദിനം. കുശലാന്വേഷണങ്ങൾക്ക് ശേഷം ഉമ്മുസുലൈം(റ) നബി(സ) തങ്ങൾക്ക് കുടിക്കാൻ ഒരു തോൽ പാത്രത്തിൽ വെള്ളം നൽകി. അവിടുന്ന് അതിൽ നിന്നൽപ്പം കുടിച്ചു. പ്രവാചക സ്നേഹത്തിന്റെ മാതൃകയായിരുന്ന ആ വനിത പ്രവാചകൻ(സ) തങ്ങൾ വെള്ളം കുടിക്കുമ്പോൾ ചുണ്ടുവെച്ച ഭാഗം തോൽപാത്രത്തിൽ നിന്ന് മുറിച്ചെടുത്ത് സൂക്ഷിച്ചു. പിന്നീട് എന്ത് രോഗം വന്നാലും ആ തോൽകഷ്ണം വെള്ളത്തിലിട്ട് മഹതി കുടിക്കുമായിരുന്നു.

# 9

# വലിയ്യിന്റെ നിസ്കാരം

ഇമാം നവവി(റ) തന്റെ 'ബുസ്താനുൽ ആരിഫീൻ' എന്ന ഗ്രന്ഥത്തിൽ അബുൽ ഖൈർ(റ) എന്ന ഒരു വലിയ്യിന്റെ ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ഇബ്റാഹീമുർറഖി(റ) പറയുന്നു: "ഞാനൊരു ദിവസം അബുൽഖൈർ(റ)നെ കാണാൻ ചെന്നു. ഞാൻ സലാം പറഞ്ഞു. അദ്ദേഹം മഗ്രിബ് നിസ്കരിക്കാൻ നിന്നു. പക്ഷെ, ഫാതിഹ ശരിക്ക് ഓതിയില്ല. അപ്പോൾ ഞാൻ എന്റെ മനസ്സിൽ വിചാരിച്ചു ഇദ്ദേഹത്തെ തേടിയുള്ള എന്റെ യാത്ര വെറുതെയായെന്ന്.

സലാം വീട്ടിയ ശേഷം ഒന്ന് ശുദ്ധി വരുത്താനായി ഞാൻ പുറത്ത് പോയി. അപ്പോഴതാ ഒരു സിംഹം ഇറങ്ങിയിരിക്കുന്നു. അത് എന്റെ നേരെ വന്നു. ഞാൻ അബുൽഖൈർ(റ)വിന്റെ അടുത്തേക്ക് ഓടിച്ചെന്നു. കാര്യം പറഞ്ഞു. അദ്ദേഹം പുറത്ത് വന്ന് സിംഹത്തോട് ദേഷ്യപ്പെട്ട് ചോദിച്ചു. നിന്നോട് ഞാൻ പറഞ്ഞിട്ടില്ലേ എന്റെ അതിഥികളെ ഒന്നും ചെയ്യരുതെന്ന്? ഇത് കേട്ടപ്പോൾ സിംഹം മാറി നിന്നു. ഞാൻ ശുദ്ധി വരുത്തി മടങ്ങി വന്നു. അപ്പോൾ അദ്ദേഹം എന്നോട് പറഞ്ഞു: "നിങ്ങൾ നിങ്ങളുടെ ഭാഹ്യ ഭാഗം മാത്രം ശരിയാക്കുന്നതിൽ വ്യാപൃതരായി. അപ്പോൾ നിങ്ങൾക്ക് സിംഹത്തെ ഭയപ്പെടേണ്ടി

വന്നു. ഞങ്ങൾ വ്യാപൃതരായത് ഹൃദയം സ്ഫുടമാക്കുന്നതിലാണ്. അതു കൊണ്ട് തന്നെ സിംഹം ഞങ്ങളെ ഭയക്കുന്നു.

ഈ ചരിത്രം വിവരിച്ച ശേഷം ഇമാം നവവി(റ) പറയുന്നു: ''ഫുഖഹാക്കളായി ചമയുന്ന ആളുകൾ ചിലപ്പോൾ തെറ്റിദ്ധരിക്കും അബുൽ ഖൈർ(റ) ഫാതിഹ ശരിക്ക് ഓതാത്തതിനാൽ അദ്ദേഹത്തിന്റെ നിസ്കാരം ശരിയായിരുന്നില്ലെന്ന്. അങ്ങനെ വിചാരിക്കുന്നത് അബദ്ധവും വങ്കത്തവും അല്ലാഹുവിന്റെ ഔലിയാക്കളെ കുറിച്ച് തെറ്റായ ധാരണകൾ വെച്ചു പുലർത്താനുള്ള അവന്റെ ഹീനമായ ധൈര്യവുമാണത്. ബുദ്ധിയുള്ളവർ അത് ഭയപ്പെടേണ്ടിയിരിക്കുന്നു.

ഔലിയാക്കളുടെ കർമ്മങ്ങളും നർമ്മങ്ങളും എന്താണെന്ന് മനസിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ അത് പരിചയമുള്ളവരോട് ചോദിച്ചറിയുകയാണ് വേണ്ടത്. ഈ വിഷയത്തെക്കുറിച്ച് നിലപാടില്ലാത്ത പലരും ഔലിയാക്കളുടെ പ്രവർത്തനങ്ങളെ ശരീഅത്ത് വിരുദ്ധമായി തെറ്റിദ്ധരിച്ചിരിക്കുന്നു. എന്നാൽ ഞാൻ നോക്കിയപ്പോൾ അത് ശരീഅത്ത് വിരുദ്ധമായിരുന്നില്ല. ഔലിയാക്കളുടെ പ്രവർത്തനങ്ങളെ എപ്പോഴും നല്ല രീതിയിൽ വ്യാഖ്യാനിക്കുകയാണ് വേണ്ടത്.

ഇമാം നവവി(റ) തുടരുന്നു: ഒന്നാമതായി, ഇവിടെ അബുൽ ഖൈർ(റ) ഫാതിഹ ഓതുമ്പോൾ വന്ന തെറ്റ് അർത്ഥത്തെ മാറ്റി മറിക്കാത്ത രീതിയിലുള്ളതാവാം. അത്തരം തെറ്റുകൾ നിസ്കാരത്തെ ബാധിക്കുകയില്ല.

രണ്ടാമതായി, അദ്ദേഹത്തിന്റെ നാവിലുള്ള വല്ല പ്രശ്നവും കാരണം നിർബന്ധിതനായി അങ്ങനെ ഓതുന്നതാവാം. അതും നിസ്കാരത്തെ ബാധിക്കുകയില്ല.

മൂന്നാമതായി, അദ്ദേഹത്തിന് ഫാതിഹ തെറ്റി ഓതിയതിൽ യാതൊരു ഉദ്റും(ഒഴിവ് കഴിവും) ഇല്ലെങ്കിൽ തന്നെ അദ്ദേഹത്തിന്റെ നിസ്കാരം ശരിയല്ലെന്ന് പറയാൻ വകുപ്പില്ല. കാരണം ഫാതിഹ ഓതൽ അബൂഹനീഫ(റ) വിന്റെയും ഒരു

കൂട്ടം പണ്ഡിതൻമാരുടെയും അഭിപ്രായപ്രകാരം നിർബന്ധമുള്ള കാര്യമല്ല. ഫാതിഹ ഓതൽ നിർബന്ധമാണെന്ന് പറഞ്ഞവരുടെ അഭിപ്രായം തന്നെ സ്വീകരിക്കൽ ഈ വലിയ്യിന് നിർബന്ധവുമില്ല.

ബാഹ്യമായി ഏതൊരു സാധാരണ പണ്ഡിതനും തെറ്റാണെന്ന് വിലയിരുത്തുന്ന ഒരു വലിയ്യിന്റെ നിസ്കാരത്തെ ന്യായീകരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുകയാണ് കർമ്മ ശാസത്ര വിചക്ഷണനായ ഇമാം നവവി(റ). അഗാധ പാണ്ഡിത്യമുള്ള വ്യക്തിയായിട്ടും ഫാതിഹ പോലും ഓതാനറിയാത്ത ഒരു ശൈഖിനെ ബഹുമാനിക്കാനും അദ്ദേഹം വലിയ്യാണെന്ന് സമർത്ഥിക്കാനും അദ്ദേഹത്തെ ആക്ഷേപിക്കുന്നവരെ താക്കീത് ചെയ്യാനും ഇമാം നവവി(റ) മനസ്സ് കാണിച്ചു.

ഇന്നത്തെ പണ്ഡിതരാണെങ്കിൽ ഇത്തരക്കാരുടെ ഒരു ചെറിയ അപാകത പോലും സങ്കീർണ്ണമാക്കി അവതരിപ്പിച്ച് സമൂഹ മധ്യേ അവരെ ഒന്നുമല്ലാതാക്കാനും അവരെത്തൊട്ട് സമൂഹത്തെ അകറ്റാനും ഫാതിഹ പോലും ഓതാനറിയാത്ത ഇദ്ദേഹമെങ്ങനെ അല്ലാഹുവിന്റ വലിയ്യാകും എന്ന് ചോദിച്ച് പരിഹസിക്കാനുമായിരിക്കും കിട്ടുന്ന അവസരങ്ങൾ ഉപയോഗപ്പെടുത്തുക.

ഇവിടെയാണ് മഹാനായ ഇമാം നവവി (റ)വിന് ഔലിയാക്കളോടുണ്ടായിരുന്ന ആദരവിന്റെ ആഴവും അതുവഴി അദ്ദേഹത്തിന് കരഗതമായ ആത്മീയോന്നതിയും ഇഹപര വിജയത്തിന്റെ രഹസ്യവും നമുക്ക് മനസിലാക്കാനാവുന്നത്.

# 10

# ദാനത്തിന്റെ മഹത്വം

ഒരു ഹജ്ജ് കാലം. മഹാനായ ഇമാം ഹസൻ(റ), സഹോദരൻ ഇമാം ഹുസൈൻ (റ), അബ്ദുല്ലാഹിബ്നു ജഅ്ഫർ(റ) എന്നിവർ ഹജ്ജ് ചെയ്യാനായി മക്കയിലേക്ക് പുറപ്പെട്ടു. യാത്ര മധ്യേ ആവശ്യമുള്ള ഭക്ഷണങ്ങളും മറ്റും ഒരു ഒട്ടകത്തിന്റെ പുറത്ത് കെട്ടിവച്ചു. അവർ യാത്രയാരംഭിച്ചു. ദീർഘയാത്രക്കിടയിൽ വല്ലാതെ വിശക്കാൻ തുടങ്ങി. ഭക്ഷണം കെട്ടിവച്ച ഒട്ടകത്തെ നോക്കുമ്പോൾ കാണുന്നില്ല. എന്തു ചെയ്യും. കയ്യിൽ ഒന്നുമില്ല. അവസാനം അടുത്ത് കണ്ട ഒരു വീട്ടിലേക്കവർ ചെന്നു. ഒരു വൃദ്ധയുടെ കുടിലായിരുന്നു അത്. ഇവിടെ കുടിക്കാൻ വല്ലതുമുണ്ടോ? എന്നവർ വൃദ്ധയോടന്വേഷിച്ചു.

വൃദ്ധ അവർക്ക് അൽപം പാൽ കൊണ്ടുവന്നു നൽകി. അവർ അത് സന്തോഷത്തോടെ കുടിച്ചു. ഇവിടെ വല്ലതും ഭക്ഷിക്കാനുണ്ടോ?

വദ്ധപറഞ്ഞു: പാകം ചെയ്ത ഭക്ഷണമൊന്നും ഇവിടെയില്ല. നിങ്ങൾക്ക് ആവശ്യമെങ്കിൽ ഒരാടിനെ അറുത്ത് ഞാൻ പാകം ചെയ്തുതരാം. അൽപസമയം കഴിഞ്ഞു. വൃദ്ധ ആടിനെ അറുത്ത് പാകം ചെയ്തു അവർക്ക് മുമ്പിൽ വെച്ചു. അവർ അത് തിന്ന് വിശപ്പടക്കി. മടങ്ങിപ്പോവുന്ന സമയത്ത് അവർ വൃദ്ധയോട് പറഞ്ഞു. ഞങ്ങൾ ഖുറൈശികളാണ്. യാത്രയിൽ നിന്ന് മടങ്ങിവരുമ്പോൾ

നിങ്ങളുടെ സഹായത്തിനുള്ള പ്രതിഫലം നൽകാം.

അത് പറഞ്ഞ് അവർ യാത്രതിരിച്ചു. അൽപസമയം കഴിഞ്ഞപ്പോൾ വൃദ്ധയുടെ ഭർത്താവ് വീട്ടിലെത്തി. വൃദ്ധ നടന്ന സംഭവങ്ങൾ അയാളെ അറിയിച്ചു. ആടിനെഅറുത്തതറിഞ്ഞ അയാൾ ദേഷ്യപ്പെട്ടു. തീരെ പരിചയമില്ലാത്ത ആളുകൾക്ക് ആടിനെഅറുത്തു കൊടുത്തതിൽ അയാൾ ആ വൃദ്ധയെ ശകാരിച്ചു. കാലം മുന്നോട്ട് നീങ്ങി. ഇവരുടെ വീട്ടിൽ ദാരിദ്ര്യം വന്നു. അവർ വല്ലാതെ വിഷമിച്ചു. വിശപ്പടക്കാനുള്ള ആഹാരത്തിനായി മദീനയിൽ പോയി ഒട്ടകകാഷ്ടം പെറുക്കിവിൽക്കേണ്ട ഗതിയായി അവർക്ക്. ഒരുദിവസം വൃദ്ധയായ ആ സഹോദരി വഴിയിലൂടെ നടന്നുപോവുകയാണ്. മഹാനായ ഹസൻ(റ)ന്റെ വീടിന്റെ മുമ്പിലൂടെയായിരുന്നു അവരുടെ യാത്ര. ഹസൻ(റ) അവരെ കണ്ടു. തിരിച്ചറിഞ്ഞു അടുത്തേക്ക് വിളിച്ചു. എന്നിട്ടു ചോദിച്ചു. നിങ്ങൾക്ക് എന്നെ അറിയുമോ. വൃദ്ധ ഇല്ല എന്ന് മറുപടി പറഞ്ഞു. മുമ്പ് നിങ്ങളുടെ വീട്ടിൽ അഥിതിയായി എത്തിയവനാണ് താനെന്ന് ഹസൻ(റ) സ്വയം പരിചയപ്പെടുത്തി കൊടുത്തു. വൃദ്ധക്ക് സംഭവങ്ങളൊക്കെ ഓർമ്മവന്നു.

ഹസൻ(റ) തന്റെ ഭൃത്യനെവിളിച്ച് ആയിരം ആടുകളും, ആയിരം ദീനാറും വൃദ്ധക്ക് നൽകാൻ കൽപ്പിച്ചു. മാത്രമല്ല ഹുസൈൻ(റ)ന്റെ സമീപത്തേക്ക് അവരെ എത്തിക്കാനും പറഞ്ഞു. അങ്ങനെ വൃദ്ധ ഹുസൈ(റ)ന്റെ അടുത്തെത്തി. ഹുസൈൻ(റ)വും ആയിരം ആടുകളെയും ആയിരം ദീനാറും വൃദ്ധക്ക് സമ്മാനിച്ചു. അതേപ്രകാരം തന്നെ അബ്ദുല്ലാഹിബ്നു ജഅ്ഫർ(റ)വും രണ്ടായിരം ആടുകളെയും രണ്ടായിരം ദീനാറുകളും നൽകി. വൃദ്ധ നാലായിരം ആടുകളെയും തെളിച്ച് നാലായിരം ദിർഹവുമായി വീട്ടിലേക്ക് ചെന്നു. ഭർത്താവിനോട് കാര്യങ്ങൾ ബോധ്യപ്പെടുത്തികൊടുത്തു. താനന്ന് ഒരാടിനെ അറുത്തതിന് അവർ നൽകിയ പ്രതിഫലമാണിതെന്ന് ഭർത്താവിനെ അറിയിച്ചു. ഏറ്റവും ശ്രേഷ്ഠമായ പ്രവർത്തനം അല്ലാഹുവിന്റെ ഔലിയാക്കളെ പ്രിയം വെക്കലും അല്ലാഹുവിന്റെ ശത്രുക്കളോട് വെറുക്കലുമാണ്.

മഹാനായ മൂസാനബി(അ)നെവിളിച്ച് കൊണ്ട് അല്ലാഹു ചോദിച്ചു. "മൂസാനബിയേ, താങ്കൾ എനിക്ക് വേണ്ടി ഒരു കർമ്മവും ചെയ്തില്ലേ?" മൂസാനബി(അ) പറഞ്ഞു. അല്ലാഹുവേ, നിനക്ക് വേണ്ടി ഞാൻ നിസ്കരിച്ചു. നിനക്ക് വേണ്ടി ഞാൻ ഒരു പാട് നോമ്പ് നോറ്റു. നിനക്കു വേണ്ടി ഞാൻ സ്വദഖ ചെയ്തു., നിനക്കുവേണ്ടി ഒരുപാട് തസ്ബീഹും, ദിക്റുകളും ഞാൻ ചൊല്ലി. നിന്നെ ഞാൻ സ്തുതിച്ചു. നിന്റെ ഗ്രന്ഥം ഞാൻ വായിച്ചു അതൊക്കെ ഞാൻ നിനക്ക് വേണ്ടി ചെയ്ത കർമ്മങ്ങളല്ലേ?

അല്ലാഹു പറഞ്ഞു. മൂസാനബിയെ, നിസ്കാരം താങ്കൾക്കുള്ള തെളിവാണ്. നോമ്പ് താങ്കൾക്കുള്ള പരിചയാണ്. സ്വദഖ താങ്കൾക്കുള്ള നിഴലാണ്. സ്വർഗ്ഗത്തിൽ താങ്കൾക്കുള്ള വൃക്ഷമാണ് തസ്ബീഹ്, ദിക്റും നിങ്ങൾക്കുള്ളതാണ്. അത് താങ്കൾക്ക് പ്രകാശമാണ്. എന്റെ കിതാബ് താങ്കൾക്കുള്ള കോട്ട യാണ്. ഇതൊക്കെ താങ്കൾക്ക് തന്നെയുള്ളതാണ് മൂസാനബിയെ. എനിക്ക് വേണ്ടി താങ്കളെന്താണ് ചെയ്തത്? മൂസാനബി ആശ്ചര്യ ത്തോടെ അല്ലാഹുവിനോടാരാഞ്ഞു.

നാഥാ എന്ത് കർമ്മമാണ് പിന്നെ നിനക്കായ് ഞാൻ ചേയ്യേ ണ്ടത്. അല്ലാഹു പറഞ്ഞു: മൂസാനബിയേ എന്റെ ഒരു വലിയി നോട് താങ്കൾ ഇഷ്ടം വെച്ചോ? അതുമതി. എന്റെ ശത്രുവിനോട് താങ്കൾ ശത്രുത വച്ചോ അതുമതി. അല്ലാഹുവിന്റെ മാർഗ്ഗത്തി ലുള്ള സ്നേഹവും അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ദേഷ്യവു മാണ് ഏറ്റവും ശ്രേഷ്ഠമായ പ്രവർത്തനമെന്ന് മൂസാനബി(അ) ഇതിലൂടെ മനസ്സിലാക്കി.

മഹാനായ ഇമാം ഹുസൈൻ(റ)ന്റെ സമീപത്ത് ഒരു ദിവസം ഒരു ബദവി വന്നു പറഞ്ഞു. അങ്ങയുടെ ഉപ്പാപ്പയായ നബി(സ) തങ്ങൾ ആർക്കെങ്കിലും വല്ല ആവശ്യമുണ്ടെങ്കിൽ മാന്യനായ അറ ബി, മാന്യനായ യജമാനൻ, ഖുർആൻ മന:പാഠമാക്കിയ വ്യക്തി, നല്ല സ്വഭാവക്കാരൻ ഈ നാലിലൊരാളെ സമീപിക്കാൻ പറയു ന്നത് ഞാൻ കേട്ടിട്ടുണ്ട്. ഈ നാലുകാര്യവും ഞാൻ അങ്ങയിൽ കാണുന്നു. എല്ലാ അറബികൾക്കും ഔനിത്യം ലഭിച്ചത് അങ്ങ യുടെ കുടുംബത്തിൽനിന്നാണ്.

ഈ ഔദാര്യം അങ്ങയുടെ കൂടപ്പിറപ്പാണ്. വിശുദ്ധ ഖുർആനാണെങ്കിലോ അങ്ങയുടെ വീട്ടിലാണ് ഇറങ്ങിയത്. സൽസ്വഭാവത്തെ കുറിച്ചാണെങ്കിൽ ആരെങ്കിലും എന്നെ കാണാൻ ഇഷ്ടപ്പെടുന്നുണ്ടെങ്കിൽ ഹസൻ(റ) ഹുസൈൻ(റ) എന്നിവരെ കാണാൻ നബി(സ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്.

ബദവിയുടെ സംസാരം കേട്ട് ഹുസൈൻ(റ) പറഞ്ഞു. നന്മകൾ ഉണ്ടാവുന്നത് വിവരത്തിനനുസരിച്ചാണെന്ന് നബി(സ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. അതുകൊണ്ട് ഞാൻ നിങ്ങളോട് മൂന്ന് ചോദ്യം ചോദിക്കാം. മൂന്നിനും മറുപടി പറഞ്ഞാൽ ഈ കൊട്ടയിലുള്ളത് മുഴുവൻ ഞാൻ തരാം. ഒന്നിനുമാത്രം പറഞ്ഞാൽ കൊട്ടയിലുള്ളതിന്റെ മൂന്നിലൊന്ന് നൽകാം. ബദവി സമ്മതിച്ചു.

ഹുസൈൻ(റ) ചോദിച്ചു. അമലുകളിൽ ഏറ്റവും ശ്രേഷ്ഠമായത് ഏതാണ് ?

ബദവി : അല്ലാഹുവിൽ വിശ്വസിക്കുക.

അടിമ നാശത്തിൽനിന്ന് രക്ഷ നേടുന്നത് എന്തുകൊണ്ടാണ്

ബദവി : അല്ലാഹുവിൽ തവക്കുലാക്കുന്നതു കൊണ്ട്

അടിമക്ക് പ്രൗഡി ലഭിക്കുന്നത് എന്തു കൊണ്ടാണ്.

ബദവി. അറിവുകാരണം അമലും താഴ്മയും നേടിയെടുക്കുന്നത് കൊണ്ട്.

ഹുസൈൻ(റ) ചോദിച്ചു. ഒരാളിൽ ഇവയില്ലങ്കിലോ?

ബദവി : അവന് ചെലവഴിക്കപ്പെടുന്ന സമ്പത്ത് വേണം.

ഹുസൈൻ(റ) : ഈ സമ്പത്തില്ലങ്കിലോ?

ബദവി : ക്ഷമയോടൊപ്പമുള്ള ദാരിദ്രം വേണം.

ഹുസൈൻ(റ) ഈ രീതിയിലുള്ള ദാരിദ്രമില്ലങ്കിൽ

ബദവി : അവനെ കരിയിച്ച് കളയുന്ന ഇടിമിന്ന് വേണം

ബദവിയുടെ മറുപടി കേട്ട് ഹുസൈൻ (റ) പുഞ്ചിരിച്ചു.

കൊട്ടയിലുള്ളതെല്ലാം അവനു നൽകി.

## 11

# അഹങ്കാരത്തിന്റെ അന്ത്യം

പ്രഗൽഭ ശാഫിഈ പണ്ഡിതൻ അബ്ദില്ലാ ഹിബ്നു അബീ ഇസ്റൂൻ(റ) പറയുന്നു: ഞാൻ യുവത്വകാലത്തിൽ ബഗ്ദാദിലേക്ക് പോയി. അന്ന് ഇബ്നുസ്സഖ എന്റെ ഉറ്റ സുഹൃത്തായിരുന്നു. ഞങ്ങൾ ഒരുമിച്ച് ഇബാദത്തുകളിൽ മുഴുകുകയും ജീവിച്ചിരിക്കുന്നവരും മരണപ്പെട്ടവരുമായ സ്വാലിഹീങ്ങളെ സന്ദർശിക്കാറുമുണ്ടായിരുന്നു. അങ്ങനെയിരിക്കെ ഒരാളെക്കുറിച്ച് അറിയാനിടയായി. ഗൗസ് എന്ന് അറിയപ്പെട്ട അദ്ദേഹത്തിന് താൻ ഉദ്ദേശിക്കുന്ന സമയത്ത് മറഞ്ഞു നടക്കാനും വേണ്ട സമയത്ത് പ്രത്യക്ഷപ്പെടാനുമുള്ള കഴിവുണ്ടായിരുന്നുവത്രെ. അങ്ങനെ ഞാനും സുഹൃത്ത് ഇബ്നു സഖായും ബഹുമാനപ്പെട്ട ശൈഖ് അബ്ദുൽ ഖാദിർ ജീലാനി(റ)വും അദ്ദേഹത്തെ ചെന്നു കാണാൻ തീരുമാനിച്ചു. ശൈഖ് ജീലാനി(റ)വും അന്ന് യുവാവായിരുന്നു.

വഴിയിൽ വെച്ച് ഇബ്നുസഖാ തന്റെ ലക്ഷ്യം പറഞ്ഞു: അദ്ദേഹത്തിന് ഒരിക്കലും മറുപടി കിട്ടാത്ത ഒരു ചോദ്യം ഞാൻ ചോദിക്കും. അത്രയേ പറഞ്ഞുള്ളു.

ഇത് കേട്ട് ഞാൻ പറഞ്ഞു: ഞാൻ അദ്ദേഹത്തോട് ഒരു സംശയം ചോദിക്കും. അദ്ദേഹം അതിന്ന് പറയുന്ന മറുപടി എന്താണെന്നറിയാമല്ലോ..ബഹുമാനപ്പെട്ട സുഹൃത്ത് ശൈഖ് അബ്ദുൽ ഖാദിർ(റ) പറഞ്ഞു: പടച്ചവനേ, അദ്ദേഹത്തെ ചോദ്യം ചെയ്യലിൽ നിന്ന് നിന്നോട് ഞാൻ കാവൽ തേടുന്നു. ആ മഹനീയ സാന്നിധ്യ ത്തിൽ ചെന്ന് അനുഗ്രഹം വാങ്ങലാണ് എന്റെ ലക്ഷ്യം.

അങ്ങനെ ഞങ്ങൾ അവിടെയെത്തി. ചെന്നു നോക്കുമ്പോൾ മഹാനെ അവിടെ കണ്ടില്ല. ഞങ്ങൾ അവിടെ തന്നെ നിന്നു. അപ്പോഴതാ അദ്ദേഹം ഞങ്ങൾക്ക് മുന്നിൽ തന്റെ ഇരിപ്പിടത്തിൽ ഇരിക്കുന്നു. സുഹൃത്ത് ഇബ്നുസഖായെ നോക്കി കോപാകുലനായി അദ്ദേഹം പറഞ്ഞു: സഖായുടെ മോൻ, നിനക്ക് നാശം. എനിക്ക് ഉത്തരം കിട്ടാത്ത ഒരു ചോദ്യം നീ ചോദിക്കുമെന്നോ? നിന്റെ ചോദ്യം ഇന്നതല്ലേ? അതിനുള്ള ഉത്തരം ഇതാ..നിശ്ചയം കുഫ്റി (ദൈവ നിഷേധം)ന്റെ തീ നിന്നിൽ ആളിക്കത്തുന്നത് ഞാൻ കാണുന്നു.

പിന്നീടദ്ദേഹം എന്നെ നോക്കിയിട്ട് പറഞ്ഞു: അബ്ദുല്ലാ, എന്റെ മറുപടി എന്താണെന്നറിയാൻ ചോദ്യം ചോദിക്കുകയോ? നിന്റെ ചോദ്യം ഇതല്ലേ? അതിനുള്ള ഉത്തരം ഇതാണ്. നീ കാണിച്ച അദബ് കേട് കാരണം നിന്റെയടുക്കൽ ദുൻയാവ് കുന്നു കൂടും. നിന്റെ രണ്ട് ചെവിക്കുന്നികൾ വരെ അത് മുട്ടും.

പിന്നീട് ആ മഹാൻ ശൈഖ് ജീലാനി (റ)വിനെ നോക്കി. അടുത്തേക്ക് വിളിച്ചു. ബഹുമാനിച്ചു. എന്നിട്ടു പറഞ്ഞു: അബ്ദുൽഖാദിർ, താങ്കൾ താങ്കളുടെ അദബ് കൊണ്ട് അല്ലാഹുവിനേയും അവന്റെ റസൂലിനേയും തൃപ്തിപ്പെടുത്തിയിരിക്കുന്നു. താങ്കൾ ബഗാദാദിൽ പീഠത്തിലിരുന്ന് ജനങ്ങളോട് സംസാരിക്കുന്നതിനിടയിൽ “എന്റെ ഈ കാൽ പാദം സർവ്വ ഔലിയാക്കളുടേയും പിരടിക്കു മുകളിലാണെന്ന്” പറയുന്നതും അന്നുള്ള മുഴുവൻ ഔലിയാക്കളും ബഹുമാനാദരവുകളാൽ താങ്കൾക്ക് തല താഴ്ത്തിത്തരുന്നതും ഞാൻ നേരിൽ കാണുന്നതു പോലെയുണ്ട്.

ഇത്രയും പറഞ്ഞ് അദ്ദേഹം അപ്രത്യക്ഷനായി. നിവേദകൻ തുടരുന്നു: ശൈഖ് അബ്ദിൽ ഖാദിർ(റ) പിന്നീട് അറിയപ്പെടുകയും ഔലിയാക്കളുടെ കൂട്ടത്തിൽ ഉന്നത സ്ഥാനീയനാവുകയും ചെയ്തു. “എന്റെ ഈ കാൽ പാദം സർവ്വ ഔലിയാക്കളുടേയും പിരടിക്കു മകളിലാണെന്ന്” മഹാനവർകൾ പ്രഖ്യാപിച്ചു. അന്നത്തെ ഔലിയാക്കൾ അക്കാര്യം അംഗീകരിക്കുകയും ചെയ്തു.

ഇബ്നുസഖാ എന്ന എന്റെ സുഹൃത്ത് ദീനീ വിജ്ഞാനങ്ങളിൽ വ്യാപൃതനായി. മതപഠന രംഗത്ത് സജീവമായി. വലിയ അഗ്രഗണ്യനായ പണ്ഡിതനായി അദ്ദേഹം മാറി. തന്റെ കാലത്തെ

ധാരാളം മഹപണ്ഡിതരെ അദ്ദേഹം വിജ്ഞാനത്തിൽ പിന്നിലാക്കി. സർവ്വകലാവല്ലഭനായി. തന്നോട് തർക്കിക്കുന്നവരെ ഏത് വിഷയത്തിലും മുട്ടുകുത്തിക്കുന്നതിൽ അദ്ദേഹം പ്രസിദ്ധനായി. നല്ല വാചാലനും സമർത്ഥനുമായതിനാൽ അന്നത്തെ ഖലീഫ (ഭരണാധികാരി) അദ്ദേഹത്തെ വിളിച്ചു വരുത്തി റോമിലെ രാജാവിന്റെ അടുത്തേക്ക് ദൂതനായി അദ്ദേഹത്തെ അയച്ചു. ഇബ്നുസഖായുടെ ശരീരാകൃതിയും വാചാലതയും അഗാധ പാണ്ഡിത്യവും റോമിലെ രാജാവിനെ വല്ലാതെ അത്ഭുതപ്പെടുത്തി. രാജ്യത്തെ എല്ലാ പുരോഹിതരേയും ക്രിസ്ത്യൻ പണ്ഡിതരെയും ഇബ്നുസഖായുടെ അടുത്തേക്കു വിളിച്ചു കൂട്ടി. അവരെല്ലാം ചേർന്ന് അദ്ദേഹത്തെ തോൽപ്പിക്കാൻ പരിശ്രമിച്ചു. പക്ഷെ അവരെയെല്ലാം ഇബ്നുസ്സഖാ ഉത്തരം മുട്ടിച്ചു. രാജാവിന് അതിശയോക്തി തോന്നി.

അങ്ങനെയിരിക്കെ ഇബ്നുസഖാ രാജാവിന്റെ മകളെ കാണാനിടയായി. അവളിൽ അകൃഷ്ടനായി. എങ്ങനെ അവളെ കിട്ടുമെന്ന ചിന്തയിലാണ്ടു. അതൊരു ഒഴിയാബാധയായി അദ്ദേഹത്തെ പിന്തുടർന്നു. ഗത്യന്തരമില്ലാതെ രാജാവിനോട് തന്നെ വിഷയം പറയാൻ തീരുമാനിച്ചു. രാജാവിനോടു രഹസ്യമായി അക്കാര്യം അറിയിച്ചു. കിട്ടിയ അവസരം മുതലെടുത്തു രാജാവ് പറഞ്ഞു: നീ ക്രിസ്ത്യാനിയായാൽ അവളെ വിവാഹം ചെയ്തു തരാം. അല്ലെങ്കിൽ പറ്റില്ല. അയാൾ അതിന്ന് സമ്മതിച്ചു. മതം മാറിയ അവന് തന്റെ മകളെ രാജാവ് വിവാഹം ചെയ്തു കൊടുത്തു. വലിയ ആർഭാടത്തിലും ആരവത്തിലും വിവാഹം നടന്നു. മുമ്പു പറഞ്ഞ മഹാനായ ഗൗസിന്റെ വാക്കുകൾ പിന്നീട് ഇബ്നു സഖാക്ക് ഓർമ്മ വന്നു. ആ മഹാന്റെ ഗുരുത്വക്കേടാണിതെന്നും ബോധ്യപ്പെട്ടു. പക്ഷെ ഇതു തിരിച്ചറിയുമ്പോഴേക്കും കാര്യങ്ങളെല്ലാം പിടിവിട്ട് പോയിരുന്നു.

നിവേദകൻ ഇബ്നു അബീ ഇസ്റൂൻ തുടരുന്നു: പിന്നീട് ഞാൻ ഡമസ്കസിലേക്ക് പോയി. എന്നെ അവിടുത്തെ രാജാവ് സുൽത്താൻ നൂറുദ്ദീൻ  ശഹീദ് രാജസന്നിധിയിലേക്ക് വിളിപ്പിച്ചു. ഔഖാഫിന്റെ അധികാരം ഏറ്റെടുക്കാൻ നിർബന്ധിച്ചു. നിർബന്ധിതനായി ഞാനത് ഏറ്റെടുത്തു. ആ മഹാൻ പറഞ്ഞത് പോലെ ദുനിയാവ് ഒന്നടങ്കം എന്റെ മേൽ കുമിഞ്ഞു കൂടി. ഞങ്ങൾ മൂന്ന് പേരെ കുറിച്ചും അദ്ദേഹം പറഞ്ഞത് അതേപോലെ പുലർന്നു.(ബഹ്ജത്തുൽ അസ്റാർ, ഫതാവൽ ഹദീസിയ്യ)

12

# മകന്റെ ആവശ്യം

ഹസ്റത്ത് ഉമർ(റ) ഇസ്ലാമിക ഭരണം നിർവഹിക്കുന്ന കാലം. ഒരു ദിവസം അവിടുത്തെ ഓമനപുത്രൻ മഹാനെ സമീപിച്ച്കൊണ്ട് പറഞ്ഞു. പ്രിയപ്പെട്ടപിതാവെ, എനിക്കൊരു പുതിയ കുപ്പായം വാങ്ങിത്തരണം. ഇത് നോക്കൂ എന്റെ വസ്ത്രമാകെ കീറിപ്പറഞ്ഞിരിക്കുന്നു. നല്ല വസ്ത്രങ്ങളണിഞ്ഞ് നടക്കുന്ന കൂട്ടുകാർക്കിടയിൽ നടക്കാൻ എനിക്ക് ലജ്ജ തോനുന്നു.

പ്രിയപ്പെട്ട മകന്റെ ആവശ്യം കേട്ട ഉമർ(റ) പറഞ്ഞു. “മോനേ കുറച്ച് ദിവസം കഴിയട്ടെ, നിനക്ക് ഞാനത് വാങ്ങിത്തരാം. ഇപ്പോൾ സമാധാനമായിരിക്ക്.”

പ്രതീക്ഷയോടെ, മകൻ, ഉമർ(റ)ന്റെ സമീപത്ത് നിന്ന് പോയി ഏതാനും ദിവസങ്ങൾക്ക് ശേഷം കുട്ടി വീണ്ടും ഖലീഫയുടെ അടുത്തെത്തി. അതേ ആവശ്യം ഉന്നയിച്ചു. പക്ഷെ ഉമർ(റ) നിസ്സഹായനായിരുന്നു. മകന് വസ്ത്രം വാങ്ങിക്കൊടുക്കുവാനുള്ള പണം അദ്ദേഹത്തിന്റെ കൈശവമുണ്ടായിരുന്നില്ല. മകന്റെ ആഗ്രഹം പൂർത്തിയാക്കിക്കൊടുക്കാൻ ഉമർ(റ)ന് വല്ലാത്ത ആഗ്രഹമുണ്ടായിരുന്നു. എന്തു ചെയ്യും.

അവസാനം ഖലീഫ ഒരു തീരുമാനത്തിലെത്തി. മാസം തോറും ബൈതുൽമാലിൽ നിന്ന് ഒരു സംഖ്യ തനിക്ക് വേതന

മായി ലഭിക്കുന്നുണ്ടല്ലോ. ഈ മാസം കിട്ടിയ ശമ്പളം തീർന്ന് പോയി. അതുകൊണ്ട് അടുത്ത മാസത്തെ ശമ്പളം മുൻകൂറായി വാങ്ങാം. എന്നിട്ടു മകന് ഒരു പുതിയ വസ്ത്രം വാങ്ങിക്കൊടുക്കാം. ഉമർ(റ) തന്റെ തീരുമാനം മകനെ അറിയിച്ചു. പുതിയ വസ്ത്രം അണിഞ്ഞു സുന്ദരനായി കൂട്ടുകാർക്കൊപ്പം നടക്കുന്നത് മനസ്സിൽ കണ്ട് കുട്ടി സന്തോഷിച്ചു.

പക്ഷെ പെട്ടെന്നാണ് ഉമർ(റ)ന്റെ മനസ്സിലേക്കാ സത്യം കടന്ന് വരുന്നത്. എന്ത് മണ്ടത്തരമാണ് താൻ ചെയ്തത്. അടുത്ത മാസത്തേക്കുള്ള ശമ്പളമെങ്ങനെ ഞാൻ ഇപ്പോൾ തന്നെ പൊതു ഗജനാവിൽ നിന്നെടുക്കും. അടുത്തമാസം വരെ താൻ ജീവിച്ചിരിക്കുമെന്ന് എന്താണുറപ്പുള്ളത്.

ഉടനെ മകനെ അടുത്ത് വിളിച്ച് കൊണ്ട് ഖലീഫ പറഞ്ഞു. മോനെ അടുത്ത മാസം വരെ ഞാൻ ജീവിച്ചിരിക്കുമെന്നതിന് യാതൊരു ഉറപ്പുമില്ലല്ലോ. അതിനാൽ കുറച്ച് ദിവസം കൂടി നീ ക്ഷമിക്കുക. മകന്റെ മാനസിക സ്ഥിതി എല്ലാം അറിഞ്ഞിട്ടും ഇതു പറയാൻ മാത്രമെ ഖലീഫക്ക് കഴിയുമായിരുന്നുള്ളൂ.

അധികാരത്തിന്റെ ചെങ്കോലും, ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ഖജനാവുകളുടെ താക്കോലും കയ്യിലുള്ള ഹസ്റത്ത് ഉമർ(റ) വിന്റെ ഈ മുഖം ആധുനിക ഭരണനേതാക്കൾക്ക് എത്രമാത്രം അപരിചിതമാണ്.

**********************